ബാലസൗഹൃദ തദ്ദേശ ഭരണ ശാക്തീകരണം

ബാല ക്ഷേമ സുരക്ഷ സമിതി

ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി

(CWPC)

പരിശീലന സഹായി

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ് പി. ഒ., തൃശ്ശൂർ

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ് പി. ഒ., തൃശ്ശൂർ

ബാലസൗഹൃദ തദ്ദേശ ഭരണ ശാക്തീകരണം

ബാല ക്ഷേമ സുരക്ഷ സമിതി

ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി

(CWPC)

പരിശീലന സഹായി

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ് പി. ഒ., തൃശ്ശൂർ



ബാലസൗഹൃദ തദ്ദേശ ഭരണ ശാക്തീകരണം
ബാല ക്ഷേമ സുരക്ഷ സമിതി (ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി) CWPC:
പരിശീലന സഹായി

ചീഫ് എഡിറ്റർ
ഡോ.ജോയ് ഇളമൺ
ഡയറക്ടർ ജനറൽ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

എഡിറ്റർമാർ
ഡോ. കെ.പി.എൻ.അമൃത
അസിസ്റ്റന്റ് ഡയറക്ടർ, കില

ഡോ. മോനിഷ് ജോസ്
അസിസ്റ്റന്റ് പ്രൊഫസർ, പബ്ലിക് അഡ്മിനിസ്ട്രേഷൻ, കില

സുകന്യ. കെ.യു
കോർഡിനേറ്റർ, കില സെൻറർ ഫോർ സസ്റ്റൈനബിൾ ഡെവലപ്മെന്റ് ഗോൾസ് ആന്റ് ലോക്കൽ ഗവർനൻസ്

തയ്യാറാക്കാൻ സഹായിച്ചവർ
ആൻ മരിയ അനിൽ
ദർശന വി രാധാകൃഷ്ണൻ
എൽസബത്ത് മിനു മാത്യൂസ്
ഹേമചന്ദ്രൻ ജെ
കാളിദാസൻ എം ജി
സജീവ് കെ ജി
പ്രേംജിത്ത് പി
കെ ബി മദൻ മോഹൻ
മനീഷ് എം നായർ
ഡോ അമൃതരാജ് ആർ എം
വിനീത എം
ആർ ഷൈനി
ഡോ സോണി പി
ദേവി പി ബാലൻ
അഡ്വ. ബിനെല്ല മേരി ജേക്കബ്
ഡാനിയൽ ലിബ്നി

കവർ ഡിസൈൻ ആന്റ് ലേഔട്ട്
രാജേഷ് താണിക്കുടം, കോ-ഓപ്പറേറ്റീവ് പ്രസ്സ്

അച്ചടി - കോ-ഓപ്പറേറ്റീവ് പ്രസ്സ്, മുളങ്കുന്നത്തുകാവ്, 9895566621

ഏപ്രിൽ, 2024

പ്രസിദ്ധീകരിച്ചത്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്ത്കാവ് പി.ഒ. തൃശ്ശൂർ - 680581
കേരളം, ഇന്ത്യ
ഇമെയിൽ: info@kila.ac.in വെബ്സൈറ്റ്: www.kila.ac.in

അവതാരിക



പ്രിയപ്പെട്ടവരേ,

കിലയും യൂണിസെഫും ചേർന്ന് നടത്തുന്ന "ബാലസൗഹൃദ തദ്ദേശഭരണ പ്രവർത്തനങ്ങളുടെ ശാക്തീകരണം" എന്ന പ്രോജക്ടിന്റെ കീഴിൽ തയ്യാറാക്കിയിട്ടുള്ള കൈപ്പുസ്തകത്തിന്റെ വായനാ – പഠന അനുഭവത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

എതൊരു സമൂഹത്തിന്റെ നിലനില്പിനും മുന്നോട്ട്പോക്കിനും അഭിവാജ്യ ഘടകമാണ് കുട്ടികൾ. സമൂഹത്തിന്റെ സർവ്വതല സ്പർശിയായ പുരോഗതിക്കും അഭിവൃദ്ധിക്കും മുതല്ക്കൂട്ടാവേണ്ടത് നമ്മുടെ കുഞ്ഞുങ്ങളാണ് എന്നതിൽ തർക്കമില്ല. ബാലസൗഹൃദ പ്രവർത്തനങ്ങൾക്ക് രാജ്യാന്തര തലത്തിൽ പോലും മാതൃകയായിട്ടുള്ള നമ്മുടെ സംസ്ഥാനം കുട്ടികളുടെ അവകാശങ്ങളെ എല്ലാ അന്തസത്തയോട് കൂടിയും ഉയർത്തിപ്പിടിക്കാൻ എപ്പോഴും ശ്രമിച്ചിട്ടുണ്ട്. വാർഡ് തലങ്ങളിലേക്ക് കൂടി കേരളം വ്യാപിപ്പിക്കാൻ ശ്രമിക്കുന്ന ബാലക്ഷേമ സംരക്ഷണ സമിതി കാര്യക്ഷമമായ നമ്മുടെ ഇടപെടലിന്റെ മറ്റൊരു മാതൃക കൂടിയാണ്.

കുട്ടികളുമായി ബന്ധപ്പെട്ടു നിലവിൽ പ്രവർത്തിക്കുന്നതും, ഈ പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ളതുമായ വിവിധ സംവിധാനങ്ങളെ പറ്റി ഈ കൈപ്പുസ്തകത്തിൽ പരാമർശിച്ചിട്ടുണ്ട്. അവയുടെ ഘടന, ചുമതലകൾ, പ്രവർത്തനരീതി തുടങ്ങിയവയെപ്പറ്റി വിശദമായ ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയുമാണ് ഈ കൈപ്പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

അധികാര വികേന്ദ്രീകരണത്തിലൂടെയും ജനകീയാസൂത്രണത്തിലൂടെയും ലോകത്തിനു തന്നെ മാതൃകയായ നമ്മുടെ സംസ്ഥാനം പൂർണമായി ബാലസൗഹൃദമാകേണ്ടത് അനിവാര്യമാണ്. കൈപ്പുസ്തകത്തിന്റെയും മറ്റു സഹായികളുടെയും സാധ്യതകളെ ഉപയോഗപ്പെടുത്തി ബാലസൗഹൃദ കേരളം എന്ന ലക്ഷ്യം നമുക്ക് നിറവേറ്റാൻ കഴിയണം. അതിനായി എല്ലാവിധ ആശംസകളും നേരുന്നു.

അതോടൊപ്പം തന്നെ പരിശീലനസഹായികൾ തയാറാകുന്ന വിവിധ ഘട്ടങ്ങളിൽ ഞങ്ങളോടൊപ്പം നിന്ന യൂണിസെഫിനും, ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഒപ്പം നിന്ന കിലയിലെ റിസോഴ്സ് പേഴ്സൺമാർക്കും മറ്റു സഹപ്രവർത്തകർക്കും എറ്റവും ഹൃദ്യമായ നന്ദി അറിയിക്കുന്നു.

നമുക്ക് ഒന്നിച്ചു നിന്നുകൊണ്ട് ബാലസൗഹൃദ കേരളം സാധ്യമാക്കാം.

വിശ്വസ്തതയോടെ
ഡോ. ജോയ് ഇളമണ്
ഡയറക്ടര് ജനറല്

ആമുഖം

സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ തയ്യാറാക്കിയിട്ടുള്ള ഈ മൊഡ്യൂൾ തദ്ദേശഭരണ സ്ഥാപനത്തിൽ കുട്ടികളുമായി ബന്ധപ്പെട്ട് നടന്നു വരുന്ന പ്രവർത്തനങ്ങൾക്ക് പുത്തൻ ഉണർവും ദിശാബോധവും പകരുന്നതിനു സഹായകമാകും. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലാവകാശ സംബന്ധിയായ പ്രവർത്തനങ്ങൾക്ക് ശക്തിപകരുന്നതിനു ബാല ക്ഷേമ സംരക്ഷണ സമിതികൾ സഹായിക്കും. സമിതിയിലെ അംഗങ്ങളുടെ പ്രവർത്തനങ്ങൾക്ക് വിവിധ വിഷയങ്ങളിൽ അറിവ് പകരുന്നതിനു മൊഡ്യൂൾ സഹായകരമാകും.

വിവിധ തലങ്ങളിലെ സമിതി അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിലൂടെ അംഗങ്ങൾക്ക് സമഗ്രമായ ബാലസൗഹൃദ കാഴ്ചപ്പാടും വിവരങ്ങളും പകര്ന്ന് നൽകാൻ മൊഡ്യൂൾ ശ്രദ്ധിക്കുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ നിന്ന് തുടങ്ങി ജില്ലാപഞ്ചായത്ത് തലത്തിൽ വരെയുള്ളവർക്ക് പരിശീലനം നല്കാൻ ഈ മോഡ്യൂളിലൂടെ ഉദ്ദേശിക്കുന്നു.

സുസ്ഥിരവികസന ലക്ഷ്യങ്ങളും കുട്ടികളും, ജൻഡറും ബാലസൗഹൃദവും, കുട്ടികളുടെ അവകാശങ്ങൾ, കുട്ടികളുടെ മനഃശാസ്ത്രം, വൾനറബിലിറ്റി മാപ്പിംഗ് തുടങ്ങി വിവിധ വിഷയങ്ങളിൽ പരിശീലനങ്ങൾ നൽകും. ബാല ക്ഷേമ സംരക്ഷണ സമിതികളുടെ വാർഡ് തലം മുതൽക്കുള്ള ഘടനക്കും പുതിയ സാമൂഹിക രീതിക്കും അനുസരിച്ചുള്ള പരിശീലന രീതിയാണ് മോഡ്യൂളിൽ അടങ്ങിയിട്ടുള്ളത്. കുട്ടികളുടെ അവകാശങ്ങൾക്ക് ഊന്നൽ നൽകുന്ന പ്രവർത്തന മാതൃകകളെ പറ്റിയും ചർച്ച ചെയ്യാൻ പരിശീലനം ഉപയോഗിക്കാം.

ബാലസൗഹൃദകേരളം എന്ന വലിയ ലക്ഷ്യത്തിലേക്ക് നടന്നെത്താൻ നമ്മുടെ പ്രാദേശിക സർക്കാരുകൾക്കും സാധിക്കട്ടെ എന്നും ഇത്തരം പരിശീലനങ്ങൾ അവയ്ക്ക് ഒരു മുതല്കൂട്ടാകട്ടെ എന്നും പ്രത്യാശിക്കുന്നു.

ഉള്ളടക്കം

ആമുഖം	9
കാര്യപരിപാടി	12
സെഷൻ – 1: ബാലാവകാശങ്ങൾ	13
സെഷൻ – 2: ജെൻഡറും ബാലസൗഹൃദവും	19
സെഷൻ – 3: ബാലാവകാശസംരക്ഷണ നിയമങ്ങൾ	29
സെഷൻ – 4: കുട്ടികളുടെ മനഃശാസ്ത്രം	39
സെഷൻ – 5: വൾനറബിലിറ്റി തിരിച്ചറിയലും ഇടപെടൽ സാധ്യതകളും	48
സെഷൻ – 6: തദ്ദേശ സ്വയംഭരണവും ബാലസൗഹൃദവും	55
സെഷൻ – 7: സുസ്ഥിരവികസന ലക്ഷ്യങ്ങളും ബാലസൗഹൃദ ഗ്രാമങ്ങളും	59
സെഷൻ –8: ചൈൽഡ് വെൽഫെയർ ആൻറ് പ്രൊട്ടക്ഷൻ കമ്മിറ്റി	63
സെഷൻ – 9: ഡോക്യുമെന്റേഷൻ	68

ബാല ക്ഷേമ സുരക്ഷ സമിതി (CWPC)

ആമുഖം

പശ്ചാത്തലം

ബാലസൗഹൃദ സംസ്ഥാനം എന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിന് ബാലസൗഹൃദ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഈ ആശയം യാഥാർത്ഥ്യമാക്കുന്നതിന് വളരെ വലിയ പങ്കാണ് ചൈൽഡ് വെൽഫെയർ ആൻറ് പ്രൊട്ടക്ഷൻ കമ്മിറ്റികൾക്കുള്ളത്. തദ്ദേശസ്ഥാപനതലത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള C W P C കൾ പ്രവർത്തനക്ഷമമായാൽ മാത്രമേ കുട്ടികൾ അനുഭവിക്കുന്ന സംരക്ഷണാവകാശ ധ്വംസനങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ. പ്രശ്നങ്ങൾ നേരിടുന്ന മുഴുവൻ കുട്ടികളേയും സ്ഥാപനങ്ങളിൽ സംരക്ഷിക്കുക അസാദ്ധ്യമാണെന്ന് മാത്രമല്ല അത് ഡിഇൻസ്റ്റിട്യൂഷണലൈസേഷൻ എന്ന താത്വീക നിലപാടിന് വിരുദ്ധവുമാണ്. കുട്ടികളുടെ അവകാശ നിഷേധങ്ങൾ പ്രശ്നങ്ങൾ ഉണ്ടായ ശേഷം പരിഹാരം നൽകുകയല്ല മറിച്ച് കുട്ടികൾക്ക് പ്രശ്നങ്ങൾ ഉണ്ടാകാതെ തടയുകയാണ് ചൈൽഡ് വെൽഫെയർ ആൻറ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടേയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടേയും ദൗത്യം. നിലവിൽ ചൈൽഡ് വെൽഫെയർ ആൻറ് പ്രൊട്ടക്ഷൻ കമ്മിറ്റി എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും രൂപീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനം ഉദ്ദേശിച്ച നിലവാരത്തിലേക്ക് ഉയർന്നിട്ടില്ല. ഇതിന്റെ സേവനം കുട്ടികളുടേയും, കുടുംബത്തിന്റേയും അടുത്ത് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗ്രാമപഞ്ചായത്തിലും, മുനിസിപ്പാലിറ്റിയിലും, കോർപ്പറേഷനിലും വാർഡ്തല C W P C കൾ വരെയുള്ള സംഘടനാ സംവിധാനത്തിന് രൂപം നൽകുന്നത്. ഇവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പരിശീലന പരിപാടി വിഭാവനം ചെയ്തിട്ടുള്ളത്.

ലക്ഷ്യങ്ങൾ

- ബാലാവകാശങ്ങളെക്കുറിച്ചും, അവയുടെ ചരിത്രത്തെക്കുറിച്ചും, നിയമങ്ങളെക്കുറിച്ചും ബോധ്യപ്പെടുത്തുക
- കുട്ടികൾ ആരാണെന്നും അവരുടെ വികസനാവശ്യങ്ങൾ എന്താണെന്നും ബോധ്യപ്പെടുത്തുക
- ചൈൽഡ് വെൽഫെയർ ആൻറ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ബോധ്യപ്പെടുത്തുക.
- ചൈൽഡ് വെൽഫെയർ ആൻറ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ,

യോഗങ്ങൾ, തുടർനടപടികൾ എന്നിവ ബോധ്യപ്പെടുത്തുക.

- കുട്ടികളുടെ സംരക്ഷണാവകാശ വെല്ലുവിളികൾ തിരിച്ചറിയുന്നതോടൊപ്പം പ്രസ്തുത പ്രശ്നങ്ങൾ പ്രതിരോധിക്കുന്നതിനുള്ള തന്ത്രങ്ങൾ ബോധ്യപ്പെടുത്തുക.
- കമ്മിറ്റി പ്രവർത്തനങ്ങളുടെ അവസ്ഥ തിരിച്ചറിഞ്ഞ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളെക്കുറിച്ചും കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിനും പ്രാപ്തരാക്കുക
- കുട്ടികളുടെ മനഃശാസ്ത്രം തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ പ്രാപ്തരാക്കുക.
- കൂട്ടായി പ്രവർത്തിക്കുന്നതിന്റെ സാധ്യത ബോദ്ധ്യപ്പെടുത്തുക.

പഠിതാക്കൾ

- ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് C W P C അംഗങ്ങൾ, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ CWPC അംഗങ്ങൾ
- ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ വാർഡ് തല CWPC അംഗങ്ങൾ

പരിശീലന വേദികൾ

വിവിധ വകുപ്പ് പ്രതിനിധികൾ, ജനകീയാസൂത്രണ പ്രവർത്തകർ, വിഷയ വിദഗ്ദ്ധർ എന്നിങ്ങനെ ഓരോ ജില്ലയിൽ നിന്നും ക്ഷണിച്ച 100 പേർക്ക് സംസ്ഥാന തലത്തിൽ ToT നൽകും. അവരുടെ നേതൃത്വത്തിൽ ജില്ല, ബ്ലോക്ക്, കോർപ്പറേഷൻ, CWPC അംഗങ്ങൾക്ക് ജില്ലയിലും, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, CWPC അംഗങ്ങൾക്ക് ബ്ലോക്ക് തലത്തിലും, വാർഡ് തലത്തിൽ തെരഞ്ഞെടുത്തവർക്ക് ബ്ലോക്ക്തലത്തിലും (ഒരു വാർഡിൽ നിന്നും രണ്ട് പേർ വീതം) ബാക്കിയുള്ളവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ വച്ചും സംഘടിപ്പിക്കും.

സെഷൻ	വിഷയം
സെഷൻ – 1	ബാലാവകാശങ്ങൾ
സെഷൻ – 2	ജന്റ്റും ബാലസൗഹൃദവും
സെഷൻ – 3	ബാലാവകാശസംരക്ഷണ നിയമങ്ങൾ
സെഷൻ – 4	കുട്ടികളുടെ മനഃശാസ്ത്രം
സെഷൻ – 5	വൾനറബിലിറ്റി തിരിച്ചറിയാലും ഇടപെടൽ സാധ്യതകളും
സെഷൻ – 6	തദ്ദേശസ്വയംഭരണവും ബാലസൗഹൃദവും
സെഷൻ –7	സുസ്ഥിരവികസന ലക്ഷ്യങ്ങളും ബാലസൗഹൃദ ഗ്രാമങ്ങളും
സെഷൻ – 8	ചൈൽഡ് വെൽഫെയർ ആൻറ് പ്രൊട്ടക്ഷൻ കമ്മിറ്റി
സെഷൻ – 9	ഡോക്യുമെന്റേഷൻ

രജിസ്ട്രേഷൻ

- പരിശീലനത്തിന് രാവിലെ 9.30ന് രജിസ്ട്രേഷൻ ആരംഭിക്കേണ്ടതാണ്.
- രജിസ്ട്രേഷനൊപ്പം കൈപുസ്തകം, പാഡ്, പെൻ അനുബന്ധ സാമഗ്രികളും നല്കുന്നതാണ്.

പരിശീലന വിലയിരുത്തൽ

- ഓരോ ദിവസത്തേയും പ്രവര്ത്തനങ്ങൾ വിലയിരുത്തികൊണ്ടുള്ള റിപ്പോര്ട്ടിംഗും പങ്കാളികളുടെ പ്രതികരണങ്ങളും വിലയിരുത്തേണ്ടതാണ്.
- പരശീലനത്തെ മൊത്തം വിലയിരുത്തുന്നതിനായി കില തയ്യാറാക്കിയിട്ടുള്ള പരിശീലന വിലയിരുത്തൽ ഫോറം എല്ലാ പരിശീലനാർകൾക്കും നല്കി അവരുടെ വിലയിരുത്തല് രേഖപ്പെടുത്തി വാങ്ങേണ്ടതാണ്.
- പരിശീലനാവസാനം പങ്കാളികളുടെ പ്രതികരണം ആരാഞ്ഞ് പരിശീലനത്തിന്റെ അനൗപചാരിക ഫലപ്രാപ്തി തിട്ടപ്പെടുത്തേണ്ടതാണ്.

മറ്റ് കാര്യങ്ങൾ

പരിശീലനാർത്ഥികളുടെ ഹാജർ, റിസോഴ്സ് പേഴ്സണ്മാരുടെ ഹാജർ എന്നിവ കോർഡിനേറ്റർ കൃത്യമായി ശേഖരിക്കേണ്ടതാണ്. ഹാജർ, മറ്റ് ഭക്ഷണത്തിനുള്ള കണക്കുകൾ എന്നിവ കോർഡിനേറ്റർ ഒപ്പിട്ട് നല്കുകയും വിലയിരുത്തൽ ഫോറങ്ങൾ, കർമ്മപരിപാടി രേഖകൾ, ഉപയോഗിച്ച ചാർട്ട് പേപ്പർ എന്നിവ ടാഗ് ചെയ്ത് ഓരോ പരിശീലനത്തിന് ശേഷവും സുക്ഷിക്കേണ്ടതാണ്. ഏർപ്പെടുത്തിയിട്ടുള്ള ഓഫീസ് സഹായികളുടെ സേവനം മേൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ക്ലാസ്സ്റൂമിലെ സൗണ്ട് സിസ്റ്റം, എൽസിഡി, വൈറ്റ് ബോർഡ്, മാർക്കർ, ചാർട്ട് പേപ്പർ എന്നിവ പരിശീലനത്തിനു മുമ്പേ കോർഡിനേറ്റർ ഉറപ്പു വരുത്തേണ്ടതാണ്. പരിശീലനം സംബന്ധിച്ച പ്രാഥമിക വിവരങ്ങളും ഏതെങ്കിലും മാറ്റം വേണ്ടി വന്നാൽ അക്കാര്യങ്ങളും കോഴ്സ് ഡയറക്ടറെ അറിയിക്കേണ്ടതാണ്.

- ഓരോ ജില്ലയിലും, ബ്ലോക്കിലും പരിശീലന കേന്ദ്ര ചുമതലക്കാർ /കോർഡിനേറ്റർ ഉണ്ടായിരിക്കണം.
- അവരുടെ വിവരം കിലയിൽ തീരുമാനിച്ച് അറിയിക്കണം
- പരിശീലന കൗൺസിൽ മതിയായ ഫാക്കൽറ്റികൾ ഉണ്ടാവണം
- ഒരു ബാച്ചിൽ 60 പേരിൽ കൂടാതിരിക്കാൻ ശ്രദ്ധിക്കണം
- പരിശീലന കേന്ദ്രത്തിൽ ഗ്രൂപ്പ് ചർച്ചക്കുള്ള ഇടം ഉണ്ടായിരിക്കണം.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളംകുന്നത്തുകാവ് – തൃശ്ശൂർ 680581

ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി ദ്വിദിന പരിശീലനം

.....2023

കാര്യപരിപാടി

വേദി –.....

ഒന്നാം ദിനം	
09.00 – 10.00	രജിസ്ട്രേഷൻ
10.00 – 11.00	ഉൽഘാടനം, ക്യാമ്പ് വിശദീകരണം, പരിചയപ്പെടൽ
11.00 – 11.15	ചായ
11.15 – 12.45	സെഷൻ – 1: ബാലാവകാശങ്ങൾ
12.45 – 01.30	ഉച്ചഭക്ഷണം
01.30 – 03.00	സെഷൻ – 2: ജന്റർ ബാലസൗഹൃദവും
03.00– 04:30	സെഷൻ – 3: ബാലാവകാശസംരക്ഷണ നിയമങ്ങൾ
04:30 – 04.45	ചായ
04.45 – 05.45	സെഷൻ–4: കുട്ടികളുടെ മനഃശാസ്ത്രം
05.45– 06.30	സെഷൻ–5: വൾനറബിലിറ്റി തിരിച്ചറിയലും ഇടപെടൽ സാധ്യതകളും
06.30– 06.45	ചായ
06.45 – 07.45	സെഷൻ –6: തദ്ദേശസ്വയംഭരണവും ബാലസൗഹൃദവും
07.45	സർഗ്ഗവേദി
രണ്ടാം ദിനം	
09.30 – 10.30	സെഷൻ –7: സുസ്ഥിരവികസന ലക്ഷ്യങ്ങളും ബാലസൗഹൃദ ഗ്രാമങ്ങളും
10.30 – 12.45	സെഷൻ–8: ചൈൽഡ് വെൽഫെയർ ആൻറ് പ്രൊട്ടക്ഷൻ കമ്മിറ്റി
12.45 – 01.30	ഉച്ചഭക്ഷണം
01.30 – 03.00	സെഷൻ–9: ഡോക്യുമെന്റേഷൻ

സെഷൻ – 1

ബാലാവകാശങ്ങൾ

ലക്ഷ്യങ്ങൾ–

- ബാലാവകാശ ചരിത്രം മനസിലാക്കുക
- കുട്ടികളുടെ അവകാശങ്ങൾ എന്തൊക്കെയാണെന്നും അവയുടെ പ്രാധാന്യവും മനസിലാക്കുക
- അന്താരാഷ്ട്ര ഉടമ്പടിയായ UNCRC– യെ കുറിച്ച് ധാരണ രൂപീകരിക്കുക
- കുട്ടികൾ എന്നാൽ ആരാണെന്നും അവരുടെ സമഗ്ര വികസന ഘടകങ്ങളും ബോധ്യപ്പെടുക
- കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ അവരുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ അവലോകനം ചെയ്യുക

സമയം – 90 മിനിട്ട്

വേദി – പൊതുവേദി

ഉള്ളടക്കവും പഠനരീതിയും

നം	ഉള്ളടക്കം	സമയം (മിനിറ്റ്	രീതി	ഉപാധി
1.	ആമുഖം	15	ബ്രെയിൻ സ്റ്റോർമിങ്, പൊതു ചർച്ച,	സ്ലൈഡ്, വൈറ്റ് ബോർഡ്,
2.	കുട്ടികളുടെ അവകാശങ്ങൾ – ചരിത്രം UNCRC – പരിചയപ്പെടൽ	25	അവതരണം	സ്ലൈഡ്, വൈറ്റ് ബോർഡ്, മാർക്കർ
3.	അവകാശങ്ങളും പ്രശ്നങ്ങളും/ കുട്ടികളുടെ ഉത്തരവാദിത്വങ്ങൾ	35	പൊതു ചർച്ച, ഉദാഹരണങ്ങൾ വ്യക്തിഗത പ്രവർത്തനം	സ്ലൈഡ്, വൈറ്റ് ബോർഡ്, മാർക്കർ
4	ചർച്ച/സംശയനിവാരണം	15	ചർച്ച	

അവതരണ കുറിപ്പ്:

- കുട്ടി, കൗമാരം, അവകാശങ്ങൾ, കടമകൾ, പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് ചർച്ചയോടെ ക്ലാസ് ആരംഭിക്കുക
- ലഭിക്കുന്ന വിവരങ്ങൾ ചാർട്ടിൽ/ ബോർഡിൽ രേഖപ്പെടുത്തുക
- വ്യത്യസ്ത ഉത്തരങ്ങൾ ഏകീകരിക്കുക
- ലഭിച്ച ഉത്തരങ്ങളുടെ അടിസ്ഥാനത്തിൽ ക്ലാസ് ആരംഭിക്കുക
- അന്താരാഷ്ട്ര ഉടമ്പടി പരിചയപ്പെടുത്തുക
- അവകാശങ്ങളും അവയോടൊപ്പം പ്രാദേശിക പ്രശ്നങ്ങളും പങ്കെടുക്കുന്നവരിൽ നിന്നും അഭിപ്രായം സ്വീകരിച്ച് ക്രോഡീകരിക്കുക
- പ്രൊട്ടക്ഷൻ എന്നതിൽ കൂടുതൽ ഊന്നൽ നൽകുക
- ഗ്രഡ് പാരന്റിങ്, ഈക്വൽ പാരന്റിങ്, സോഷ്യൽ റെസ്പോൺസിബിലിറ്റി എന്നിവ വിശദീകരിക്കുക

1924 – കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള **ജനീവ പ്രഖ്യാപനം** സർവ്വരാജ്യസഖ്യം അംഗീകരിക്കുന്നു.

1946 – **യൂണിസെഫ്** രൂപീകരിക്കുന്നു.

1948 – **മനുഷ്യാവകാശ പ്രഖ്യാപനം**

1959 – **കുട്ടികളുടെ അവകാശ പ്രഖ്യാപനം**

1966 – കുട്ടികൾക്ക് **വിദ്യാഭ്യാസവും സംരക്ഷണവും** ഉറപ്പുവരുത്തുമെന്നും അംഗരാഷ്ട്രങ്ങൾ പ്രഖ്യാപിക്കുന്നു.

1968 – മനുഷ്യാവകാശ പ്രഖ്യാപനം – പുരോഗതി വിലയിരുത്തൽ

1973 – അപകടകരമായി ബാധിക്കാവുന്ന തൊഴിലുകൾ – കുറഞ്ഞ പ്രായമായി പതിനെട്ടു വയസ്സ് – 138 ആം ഉടമ്പടി ILO

1974 – അടിയന്തര സാഹചര്യങ്ങളിലും-കുട്ടികളുടെയും സംരക്ഷണം

1978 – കുട്ടികളുടെ അവകാശ **ഉടമ്പടിയുടെ കരട് രൂപം** അംഗരാജ്യങ്ങളുടെ വർക്കിങ് ഗ്രൂപ്പിൽ മനുഷ്യാവകാശ കമ്മീഷൻ സമർപ്പിക്കുന്നു.

1985 – ബാലനീതി സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1989 – കുട്ടികളുടെ അവകാശ ഉടമ്പടി

1989 - ൽ ഐക്യരാഷ്ട്രസഭ പ്രാബല്യത്തിൽ
വരുത്തിയ കുട്ടികളുടെ അവകാശ ഉടമ്പടിയിൽ
സുരക്ഷിത ബാല്യത്തിന് ഓരോ രാജ്യങ്ങളും
ഉറപ്പുവരുത്തേണ്ട അവകാശങ്ങളെക്കുറിച്ച്
വിശദീകരിക്കുന്ന ഈ ഉടമ്പടി പ്രകാരം 18
വയസ്സിനു താഴെയുള്ള എല്ലാ മനുഷ്യരെയും
കുട്ടികളായിട്ടാണ് നിർവ്വചിച്ചിരിക്കുന്നത്.

സ്നേഹവും സുരക്ഷയും സന്തോഷവും
നിറഞ്ഞ അന്തരീക്ഷത്തിൽ ഓരോ
കുട്ടിയുടെയും പൂർണമായ
വളർച്ചയാണ് ഈ ഉടമ്പടിയുടെ
ലക്ഷ്യം.

CONVENTION ON THE
RIGHTS OF THE CHILD

തത്വങ്ങൾ
വിവേചനം ഒഴിവാക്കുക
കുട്ടികളുടെ ഉത്തമ താല്പര്യങ്ങൾ
അതിജീവനവും വികസനവും
കുട്ടികളുടെ കാഴ്ചപ്പാടുകൾ
UN Convention on the Rights of the Child
1 Non-discrimination
2 Right to life, survival, & development
3 Best interests of children & youth
4 Respect the views of children & youth

കുട്ടികളുടെ അവകാശങ്ങൾ
അതിജീവനം Survival
വികസനം Development
സംരക്ഷണം Protection
പങ്കാളിത്തം Participation


അതിജീവനം / Survival
ജീവിക്കാനുള്ള അവകാശം
ആരോഗ്യത്തിനുള്ള അവകാശം
മികച്ച ജീവിത സാഹചര്യത്തിനുള്ള അവകാശം
പോഷകാഹാരത്തിനുള്ള അവകാശം
നാമത്തിനും ദേശീയതയ്ക്കുമുള്ള അവകാശം

ആരോഗ്യവും പോഷകാഹാരവും

ജനിച്ച ആദ്യത്തെ മണിക്കൂറിൽ മുലപ്പാൽ ലഭിച്ച കുട്ടികൾ	66.7
ആറു മാസം മുലപ്പാൽ മാത്രം ലഭിച്ച കുട്ടികൾ	55.5
അഞ്ചു വയസ്സിൽ താഴെ വളർച്ച മുരടിപ്പ് (പ്രായത്തിനനുസരിച്ച് ഉയരം)	23.4
അഞ്ചു വയസ്സിൽ താഴെ വളർച്ച ശോഷണം (ഉയരത്തിനനുസരിച്ച് ശരീര ഭാരം)	15.8
അഞ്ചു വയസ്സിൽ താഴെ അമിത ഭാരം	4.2
അഞ്ചു വയസ്സിൽ താഴെ ഭാരക്കുറവുള്ളവർ	19.7

ആരോഗ്യവും പോഷകാഹാരവും

നാല് വയസ്സിലെ താഴെ വിളർച്ച ബാധിതർ	66.7
ജനനം രജിസ്റ്റർ ചെയ്ത 5 വയസ്സിന് താഴെയുള്ള കുട്ടികൾ (%)	55.5
12-23 മാസം പ്രായമുള്ള കുട്ടികൾക്ക് വാക്സിനേഷൻ കാർഡിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം (%)	23.4
12-23 മാസം പ്രായമുള്ള കുട്ടികൾക്ക് വാക്സിനേഷൻ കാർഡിൽ നിന്നോ അമ്മയുടെ ഓർമ്മയിൽ നിന്നോ (%) നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ പൂർണ്ണമായി വാക്സിനേഷൻ നൽകി.	15.8

സംരക്ഷണം

വർഷം	2016	2017	2018	2019	2020	2021	2022	2023 (Up to Nov)
പോക്സോ കേസുകൾ	2131	2702	3174	3634	3042	3516	4518	4274

സംരക്ഷണം

വർഷം	2016	2017	2018	2019	2020	2021	2022	2023 (Up to Nov)
കൊലപാതകം (ഇൻഫേൺറ്റിസൈഡ് മുതലായവ)	33	28	28	25	29	41	29	20
തട്ടിക്കൊണ്ടുപോകലുൽ	154	173	182	260	195	257	279	133
ഭ്രൂണഹത്യ	0	0	1	0	0	0	0	0

വർഷം	2016	2017	2018	2019	2020	2021	2022	2023 (Up to Nov)
ആത്മഹത്യ പ്രേരണ	3	4	6	0	3	5	2	4
ഉപേക്ഷിക്കൽ	5	5	11	19	13	14	16	2
പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ അപഹരിക്കൽ	3	11	23	20	5	2	7	0
വേശ്യാവൃത്തിക്കായി പെൺകുട്ടികളെ വാങ്ങുന്നു	0	0	0	0	0	0	0	0

വർഷം	2016	2017	2018	2019	2020	2021	2022	2023 (Up to Nov)
പെൺകുട്ടികളെ വേശ്യാവൃത്തിക്ക് വിൽക്കുന്നു	0	0	0	0	0	0	0	0
ശൈശവ വിവാഹ നിരോധന നിയമം	8	15	18	7	8	12	6	4
കുട്ടികൾക്കെതിരായ മറ്റ് കുറ്റകൃത്യങ്ങൾ	1716	2257	2847	3161	2445	2637	3597	2988

ബാലസംരക്ഷണ സംവിധാനങ്ങൾ



- കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ
- ചൈൽഡ് വെൽഫെയർ കമ്മിറ്റി (CWC)
- ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് (DCPU)
- ചൈൽഡ്ലൈൻ 1098 / 112
- സന്നദ്ധ സംഘടനകൾ

സെഷൻ – 2

ജെൻഡറും ബാലസൗഹൃദവും

ലക്ഷ്യങ്ങൾ–

- കുട്ടികളുടെ വികസനം സംരക്ഷണം പങ്കാളിത്തം എന്നീവ ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനത്തിൽ ജെൻഡർ കാഴ്ചപ്പാടോടെയുള്ള സമീപനം ഉണ്ടാകുക അതിനായി CWPC, CRC അംഗങ്ങളെ പ്രാപ്തരാക്കുക
- ബാലസൗഹൃദ പ്രവർത്തങ്ങൾ ലിംഗ സമത്വത്തിലൂന്നിയതാകുക.
- ബാലസൗഹൃദ പ്രവർത്തനങ്ങളിലൂടെ ലിംഗസമത്വത്തിലേക്ക് നയിക്കുക

സമയം – 90 മിനിട്ട്

വേദി – പൊതുവേദി

ഉള്ളടക്കവും പഠനരീതിയും

നം	ഉള്ളടക്കം	സമയം (മിനിറ്റ്)	രീതി	ഉപാധി
1.	ജെൻഡർ ആശയങ്ങൾ ജെൻഡർ സാമൂഹികവത്ക്കരണം	20	അവതരണം	PPT
2.	ബാല്യം –ജെൻഡർ–സാമൂഹിക–സാമ്പത്തിക പിന്നോക്ക വിഭാഗങ്ങൾ, ഭിന്നശേഷി– ഇന്റർസെക്ഷനാലിറ്റി	10	അവതരണം	PPT
3.	ഇടപെടൽ മേഖലകൾ	20	അവതരണം	PPT
4	ജാഗ്രതാസമിതി– ജെൻഡർ റിസോർഴ്സ് സെൻറർ ജെൻഡർ ഡെസ്ക്	15	അവതരണം	PPT
5	ബാലസൗഹൃദ സമഗ്രപദ്ധതി തയ്യാറക്കുമ്പോൾ– ജെൻഡറുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട	10	അവതരണം	PPT
6	CRC, CWPC യുടെ പ്രവർത്തനങ്ങളിൽ ജെൻഡറുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട	10	അവതരണം	PPT
7	സംശയനിവാരണം	5	അവതരണം	PPT

അവതരണ കുറിപ്പ്:

- ജെൻഡർ ആശയം വ്യക്തമാക്കുക. വിവിധ ജെൻഡർ സ്വതങ്ങൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാം .
- ജെൻഡർ സാമൂഹികവത്ക്കരണം എന്താണ്, വിവിധ സാമൂഹിക സ്ഥാപനങ്ങളുടെ പങ്ക്. ജെൻഡർ റോളുകൾ, ലിംഗപദവി തൊഴിൽ വിഭജനം എന്നിവയുടെ പ്രശ്നനങ്ങൾ വ്യക്തമാക്കാം.
- കുട്ടികളുടെ സംരക്ഷണം, വികസനം, അവകാശം എന്നിവയെ ലക്ഷ്യം വെച്ചുള്ള പ്രവർത്തനത്തിൽ എങ്ങനെയാണ് ജെൻഡർ ഐഡന്റിറ്റി വ്യക്തികളുടെ പിന്നോക്കാവസ്ഥക്ക് കാരണമാകുന്നത് എന്ന് മനസിലാക്കേണ്ടതുണ്ട്.

സമീപനം

- കുട്ടികളുടെ വികസനം സംരക്ഷണം പങ്കാളിത്തം എന്നീ തീമുകളിലുള്ള പ്രവർത്തനത്തിൽ ജെൻഡർ കാഴ്ചപ്പാടോടെയുള്ള പ്രവർത്തനങ്ങൾ ആണ് വേണ്ടത്.
- കുട്ടികളുടെ വളർച്ച സംരക്ഷണം എന്നിവ ഒരു സമൂഹത്തിന്റെയും സർക്കാറിന്റെയോ കുടുംബത്തിന്റെയോ ഉത്തരവാദിത്വമാണ്. കുട്ടി, സ്ത്രീയുടെ ഉത്തരവാദിത്വം എന്ന ജെൻഡർ വാർപ്പ് മാതൃകയിൽ (gender stereotyping) നിന്നും മാറി തുല്യ ഉത്തരവാദിത്വം (equal parenting) എന്ന ആശയം ഉൾകൊണ്ടുള്ള പ്രവർത്തന രീതികളാണ് ഉണ്ടാക്കേണ്ടത്.
- കുട്ടി എന്നത് സാമൂഹിക ഏജന്റ് (social agent) ആണ്. നിഷ്ക്രിയർ അല്ല സാമൂഹിക മാറ്റത്തിനു വേണ്ട ആക്റ്റീവ് ഏജന്റ് ആണ് കുട്ടികൾ.
- കുട്ടികളുടെ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടുതൽ സ്ത്രീകളാണ് പ്രവർത്തിച്ചു കാണാറുള്ളത്. കുട്ടികളുടെയും സ്ത്രീകളുടെയും ശാക്തീകരണവും വികസനവുമായ ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പുരുഷന്മാരുടെ റോൾ ഉണ്ടാകേണ്ടതുണ്ട്.

ബാല്യം –ജെൻഡർ

ബാല്യം –ബഹുസ്വരമാണ്, വൈവിദ്ധ്യമുള്ളതാണ് (multiple and diverse).

ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രശ്നങ്ങൾ എന്തൊക്കെയാണ്? അവരുടെ ആവശ്യങ്ങൾ എന്തൊക്കെയാണ്? എങ്ങനെ കണ്ടെത്താം? ഭിന്നശേഷി പെൺകുട്ടികളുടെ പ്രശ്നങ്ങൾ വ്യത്യസ്തമാണ്, അവരുടെ ആവശ്യങ്ങൾ അവരിൽനിന്ന് തന്നെ അറിയേണ്ടതില്ലേ?

ഭൂപ്രകൃതി വ്യത്യസങ്ങൾക്കനുസരിച്ച് കുട്ടികളുടെ ജീവിത രീതികൾ മാറുന്നു, ആവശ്യങ്ങൾ വ്യത്യസ്തമാണ്. ട്രൈബൽ മേഖലയിലെ കുട്ടികൾക്കുള്ള എന്തൊക്കെ പ്രൊജക്ടുകൾ,

പരിപാടികളാണ് നിലവിൽ ഉള്ളത്? ഇത്തരത്തിലുള്ള ട്രൈബൽ മേഖലയിലെ പരിപാടികൾ വ്യത്യസ്തമാകേണ്ടത് എന്തുകൊണ്ടാണ്?

മത്സ്യ തൊഴിലാളി മേഖലയിൽ കുട്ടികളുടെ, പ്രത്യേകിച്ചും പെൺകുട്ടികളുടെ ജീവിതസാഹചര്യങ്ങൾ, പ്രശ്നങ്ങൾ വ്യത്യസ്തമാണ്. ഈ വിവിധ വിഭാഗങ്ങളിലുള്ള പെൺകുട്ടികൾ പ്രകൃതി ദുരന്തങ്ങളിൽ (വെള്ളപൊക്കം, ഉരുൾ പൊട്ടൽ, വരൾച്ച, പകർച്ചവ്യാധികൾ) നിന്ന് എങ്ങനെ സംരക്ഷിക്കണമെന്ന് പദ്ധതി, നയം ഉണ്ടാവേണ്ടതില്ല?

സുരക്ഷിതമായ സാമൂഹിക ജീവിത സാഹചര്യങ്ങൾ ഇല്ലാത്തവർ (അതിദരിദ്രർ, അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെ) അതിക്രമങ്ങൾക്കും, ലൈംഗിക പീഡനങ്ങൾക്കും ഇരയാവാതിരിക്കാനുള്ള പ്രത്യേക ശ്രദ്ധ, പ്രാദേശിക ശ്രദ്ധ പുലർത്താൻ ജാഗരൂകരാകേണ്ടതുണ്ട്. ഇതിനായി എന്തൊക്കെ സംവിധാനങ്ങളെ നമുക്ക് ഉപയോഗിക്കാൻ കഴിയും?

സാമൂഹിക- സാമ്പത്തിക പ്രശ്നങ്ങൾ, പകർച്ചവ്യാധികൾ, പ്രകൃതി ദുരന്തം കൂടുതൽ ബാധിക്കുന്നത് കുട്ടികളെയാണ്. പെൺകുട്ടികൾക്കു മേലുള്ള നിയന്ത്രണം ദുർബലതയുടെ ആഘാതം കൂട്ടുന്നു.

ഏതൊക്കെ മേഖലകളിൽ ഇടപെടലുകൾ നടത്താം?

കുടുംബം, വിദ്യാഭ്യാസം, ആരോഗ്യം, കലാകായികം, ഡിസാസ്റ്റർ മാനേജ്മെന്റ്, അതിക്രമം ഇല്ലാത്ത സ്വകാര്യ – പൊതു ഇടങ്ങൾ, പങ്കാളിത്ത വേദികൾ

ജെൻഡർ മാതൃക കുടുംബം, തുല്യ രക്ഷാ കർത്വത്വം (Gender Model Family, Equal parenting)

ഓരോ കുടുംബാംഗങ്ങൾക്കുമുള്ള തുല്യ അവകാശവും അവസരവും ശാക്തീകരണത്തിലേക്ക് നയിക്കുന്നു. ഒരാൾ മറ്റൊരാൾക്ക് മുകളിൽ അധികാരം ഉറപ്പിക്കുന്നില്ല, ഒരുമിച്ച് തീരുമാനമെടുക്കുകയും വിഭവങ്ങൾ അതിന്റെ പ്രയോജനങ്ങൾ (benefits) കൈമാറുകയും ചെയ്യുന്നു.

കുടുംബത്തിലെ ഓരോ അംഗത്തിനും വിഭവങ്ങളിൽ പ്രാപ്യത ഉണ്ടാവുകയും തീരുമാനമെടുക്കൽ പ്രക്രിയയിൽ പങ്കാളികളാകുന്നതിനും നേതൃത്വപരമായ പങ്കുവഹിക്കുന്നതിന് കഴിവ് ആർജിക്കുകയും ചെയ്യാം.

കുടുംബത്തിലെ ഓരോ അംഗങ്ങളും പാചകത്തിൽ, ശുചീകരണ പ്രവർത്തനങ്ങളിൽ, സാമ്പത്തികപരമായ തീരുമാനം എടുക്കുന്നവയിൽ പങ്കുചേരുന്നു.

- സ്ത്രീകളുടെയും പെൺകുട്ടികളുടെയും മേലുള്ള ഗാർഹിക ജോലിയും അധികഭാരവും കുറയുന്നു.
- എല്ലാ ഗാർഹികവും മറ്റു ഉത്തരവാദിത്വവും ആൺ പെൺ വ്യത്യാസമില്ലാതെ പങ്കിടുന്നതിനാൽ കുടുംബത്തിലെ സംഘർഷങ്ങൾ കുറയുകയും സമാധാനപരമായ അന്തരീക്ഷം നിലനിൽക്കുകയും ചെയ്യുന്നു.

- സ്ത്രീകളുടെയും കുട്ടികളുടെയും ആത്മാഭിമാനം (self–esteem) കൂടുകയും, ഉൽപാദനപരമായ, സാമൂഹ്യപരമായ ജോലികൾ ചെയ്യുന്നതിനും, നേതൃത്വപരമായ റോളുകൾ ഏറ്റെടുക്കുന്നതിനുമുള്ള സാഹചര്യം ലഭ്യമാകുകയും ചെയ്യുന്നു.

വിദ്യാഭ്യാസം

ജെൻഡർ വാർപ്പ് മാതൃകകൾ, ജെൻഡർറോൾ എന്നിവയെ ചോദ്യം ചെയ്ത് മുന്നോട്ട് പോകുന്ന പാഠ്യപദ്ധതിയും, പഠന രീതികളും ഉണ്ടാകേണ്ടതുണ്ട്. ജെൻഡർ ബോധ്യമുള്ള അധ്യാപകർ, പ്രവർത്തന രീതികൾ (gender practices) പിന്തുടർന്ന് പോകേണ്ടതുണ്ട്.

ജെൻഡർ ബൈനറികൾക്ക് പുറത്ത് കഴിവുള്ള ആത്മവിശ്വാസം വളർത്തിയെടുക്കാൻ കുട്ടികൾക്ക് കഴിയുന്ന സാഹചര്യം ഉറപ്പുവരുത്തണം. അതിക്രമങ്ങൾ ഇല്ലാത്ത സാഹചര്യം സൃഷ്ടിക്കണം. കൗൺസിലിംഗ് സംവിധാനം ഉണ്ടാകണം. ജെൻഡർ ഡെസ്ക്കുകൾ രൂപീകരിക്കേണ്ടതുണ്ട്.

- പാർശ്വവൽകൃത വിഭാഗങ്ങൾക്കുള്ള പ്രത്യേക വിദ്യാഭ്യാസ പരിപാടികൾ, സ്കോളർഷിപ്പ് ഉറപ്പാക്കുക.
- ഭിന്നശേഷി കുട്ടികൾക്കുള്ള ഉപാധികൾ, റാമ്പ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ, ഭിന്നശേഷിയുള്ളവർക്ക് പ്രത്യേകം സ്ഥാപനങ്ങൾ (day care center) ഉണ്ടാകണം.

ആരോഗ്യം

- ജെൻഡർ അസമത്വത്തിലുള്ള കൂടിയതോത് കുട്ടികളുടെ ആരോഗ്യത്തെയും ബാധിക്കുന്നു എന്ന് പഠനങ്ങൾ കാണിക്കുന്നു.
- ഇടവിട്ടുള്ള ആരോഗ്യ പരിശോധന, പോഷക ആഹാരം ഉറപ്പാക്കൽ, ആരോഗ്യപരിചരണം എന്നിവയുടെ ലഭ്യതഉറപ്പുവരുത്തണം.
- കുട്ടികളുടെ ശരീരത്തെക്കുറിച്ച് മനസ്സിലാക്കാൻ – സെക്സ് എഡ്യൂക്കേഷൻ പ്രോഗ്രാം

പൊതു സ്വകാര്യ ഇടങ്ങളിലെ അതിക്രമങ്ങൾ

- സുരക്ഷിതമെന്ന് കരുതപ്പെടുന്ന വീട്ടകങ്ങൾ പോലും അതിക്രമങ്ങൾ നടക്കുന്നുണ്ട്. ഇത് കുട്ടികളെ മാനസികമായി ആഘാതത്തിലേക്ക് നയിക്കുകയും വിദ്യാഭ്യാസത്തെയും മറ്റ് ജീവിതത്തെയും ബാധിക്കാറുമുണ്ട്.
- പാർശ്വവത്കരിക്കപ്പെട്ട വിഭാഗത്തിലെ കുട്ടികൾക്ക് നേരെയും അതിക്രമങ്ങൾ, വിവേചനകൾ ഇല്ലാത്ത സാഹചര്യം ഉറപ്പുവരുത്തണം

പങ്കാളിത്ത വേദികൾ

പെൺകുട്ടികളുടെ പ്രതിനിത്യം ബാലസഭ അടക്കമുള്ള വിവിധ കമ്മിറ്റികളിൽ ഉറപ്പുവരുത്തണം. വ്യത്യസ്ത സാമൂഹിക വിഭാഗങ്ങളിൽ നിന്നുള്ളവരുടെ പങ്കാളിത്തം ഉണ്ടോ എന്ന് പരിശോധിച്ചു പോകേണ്ടതുണ്ട്. വൈവിധ്യമുള്ള ഒരു ഗ്രൂപ്പാണ് ബാലസഭയിൽ ഉണ്ടായിരിക്കേണ്ടത്.

- കുട്ടികളുടെ വ്യത്യസ്തങ്ങളായ ആവശ്യങ്ങൾ ആസൂത്രണത്തിൽ, വികസന പ്രവർത്തനങ്ങളിൽ പ്രതിഫലിക്കണം.
- ട്രൈബൽ വിഭാഗത്തിലെ പെൺകുട്ടികൾ, ഭിന്നശേഷി വിഭാഗത്തിലെ പെൺകുട്ടികൾ തുടങ്ങിയവരുടെ ആവശ്യങ്ങളെ കാണാനും, ഉറപ്പുവരുത്താനും കഴിഞ്ഞാൽ ഉൾച്ചേർക്കൽ എന്ന ആശയം ഫലപ്രദമാക്കാൻ കഴിയും.
- സാമൂഹിക ഉത്തരവാദിത്വം, രാഷ്ട്രീയ അവബോധം, നേതൃത്വം, തുല്യത എന്നിവ കുട്ടികളിൽ വളർത്താനും നാടിന്റെ ഭാവിയെ സംരക്ഷിക്കുന്ന തലമുറയെ സൃഷ്ടിക്കാനുമാകണം.

ഡിസാസ്റ്റർ മാനേജ്മെന്റ്

കുട്ടികളെ ദുരന്തനിവാരണത്തിൽ, ആഘാത ലഘൂകരണത്തിൽ നിഷ്ക്രിയരായി (passive victims) കരുതാതെ ദുരന്ത ലഘൂകരണത്തിൽ, ദുരന്തത്തെ കുറിച്ച് അറിയിപ്പ് നൽകുന്നതിൽ (communicating risk, reducing risks and responding to disasters) പ്രധാന പങ്കുവഹിക്കാൻ കഴിയുന്നവരാണ്.

ദുരന്ത ലഘൂകരണം, കാലാവസ്ഥാ വ്യതിയാനത്തിനോടുള്ള പൊരുത്തപ്പെടൽ (Disaster risk reduction and climate change adaptation) ദുരന്ത അറിയിപ്പ് നൽകുന്നവർ (risk communicators) എന്നിങ്ങനെ മാറ്റത്തിനായുള്ള dynamic agent ആയി കുട്ടികളെ കാണാം. ദുരന്തത്തെ കുറിച്ചും ദുരന്ത നിവാരണത്തെ കുറിച്ചുമുള്ള അജ്ഞത വലിയ ഭീഷണി ആണ്. ജെൻഡർ സാമൂഹിക വത്കരണത്തിന്റെ ഭാഗമായി പെൺകുട്ടികൾ, ട്രാൻസ്ജെൻഡർ കൂടുതൽ ദുർബലർ ആകാം പ്രതിരോധ മാർഗങ്ങൾ അർജിക്കാനുള്ള അവസരങ്ങൾ കുറവാണ്.

- കുട്ടികളെ നീന്തൽ, മറ്റു സാങ്കേതിക പരിജ്ഞാനം നൽകാം
- ദുരന്തകളെ കുറിച്ച്, ദുരന്ത നിവാരണത്തെ ക്കുറിച്ച് അവബോധ ക്ലാസുകൾ നൽകാം.

തദ്ദേശ സ്ഥാപനതല സംവിധാനങ്ങൾ

- ജാഗ്രതാസമതി
- ജെൻഡർ റിസോഴ്സ് സെന്റർ
- ജെൻഡർ ഡെസ്ക്
- കമ്മ്യൂണിറ്റി വിമൺ ഫെസിലിറ്റേറ്റർ

പഞ്ചായത്തിലെ ജാഗ്രതസമിതിയും ജെൻഡർ റിസോഴ്സ് സെന്ററും പരിചയപ്പെടുത്തണം.

അവയുമായി ചേർന്ന് CRC-ക്കും CWPC-ക്കും എങ്ങനെ പ്രവർത്തിക്കാം എന്ന് പറയണം.

CRC, CWPC യുടെ പ്രവർത്തനങ്ങളിൽ ജെൻഡർമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

- എല്ലാ സാമൂഹിക സാമ്പത്തിക പിന്നോക്ക മേഖലയിലുള്ള കുട്ടികളുടെ ഉൾച്ചേർക്കൽ
- സംരക്ഷണം ഉറപ്പാക്കുന്നതിനൊപ്പം സാമൂഹിക പരിവർത്തനത്തിനുള്ള ഏജന്റ് എന്ന രീതിയിലുള്ള പരിഗണന
- പിന്തുടർന്ന് വരുന്ന ജെൻഡർ റോളുകൾക്ക് ഉപരിയായുള്ള കാഴ്ചപ്പാട്

ബാലസൗഹൃദ സമഗ്രപദ്ധതി തയ്യാറാക്കുമ്പോൾ CRC - യുടെയും CWPC - യുടെയും പ്രവർത്തനങ്ങൾ നടക്കുമ്പോൾ ലിംഗനീതി പരിഗണിക്കപ്പെടേണ്ടത് എങ്ങനെയായിരിക്കണം എന്നീ കാര്യങ്ങൾ വിശദീകരിച്ച് ശേഷം സംശയനിവാരണത്തിന് അവസരം നൽകാം.

ജെൻഡറും ബാലസൗഹൃദവും
ABCDEF
GHIJKLM
OPQRST
UVWXYZ
A
B
C
KERALA INSTITUTE OF LOCAL ADMINISTRATION

Abc
1+3
ജെൻഡർ
പെൺകുട്ടി/ സ്ത്രീ, ആൺകുട്ടി/ പു
എന്ന ലിംഗ വിഭാഗങ്ങൾക്ക് സ
നൽകുന്ന വ്യാഖ്യാനങ്ങൾ, മൂല്യ
അവരിൽ നിന്നും പ്രതീക്ഷി
ചുമതലകൾ, അവർ തമ്മി
ബന്ധങ്ങൾ ഇവ
ഉൾക്കൊണ്ടതാണ് ലിംഗ
(ജെൻഡർ).

Abc
1+3
ജെന്ററിനെ നിശ്ചയിക്കുന്ന ഘടകങ്ങൾ വ്യത്യസ്തസ്ഥലങ്ങളിൽ, കാലങ്ങളിൽ, സംസ്കാരങ്ങളിൽ വ്യത്യസ്തമായിരിക്കും.
വ്യത്യസ്ത ജെൻഡർ വിഭാഗങ്ങളുടെ പദവി സാമൂഹികമായി ചരിത്രപരമായി സൃഷ്ടിക്കപ്പെട്ടതാണ്.


സിസ്ജെന്റർ (ബയോളജിക്കൽ സെക്സും ജെൻഡറും ഒന്നാകുന്ന സ്വത്വം)
ട്രാൻസ്ജെന്റർ (ബയോളജിക്കൽ സെക്സും ജെൻഡറും വ്യത്യസ്തമാകുന്ന സ്വത്വം)
ഏഴുപതിലധികം വൈവിധ്യങ്ങൾ കാണപ്പെടുന്നു (സ്ത്രീ, പുരുഷൻ, ട്രാൻസ് ജെൻഡർ, ജെൻഡർ ഫ്ലൂയിഡ്, നോൺ-ബൈനറി മുതലായവ)
ലൈംഗിക അഭിരുചി (Sexual Orientation)
വൈവിധ്യമാർന്നത് (ഹോമോ സെക്ഷ്വാലിറ്റി, ഹെട്രോ സെക്ഷ്വാലിറ്റി, പാൻസെക്ഷ്വാലിറ്റി, അസെക്ഷ്വാലിറ്റി മുതലായവ)
ജെൻഡർ അധികാര ശ്രേണി

ജെൻഡറിന്റെ തലങ്ങൾ
ശരീരം(body)
സത്വം (identity)
ബാഹ്യമായ പ്രകടനം (expression)
ജെൻഡർ സാമൂഹികവത്കരണം - വിവിധ സാമൂഹിക സ്ഥാപനങ്ങൾ
ലിംഗപരമായ തൊഴിൽ വിഭജനം
ജെൻഡർ റോളുകൾ

ഇന്റർസെക്ഷനാലിറ്റി
വംശീയത, ജാതി, വർഗ്ഗം, പ്രായം, ഭിന്നശേ
ലൈംഗിക തെരഞ്ഞെടുപ്പുകൾ, മതം ഇടങ്ങിയവ
സ്ത്രീയുടെയും പുരുഷന്റെയും മറ്റു ജെൻഡ
വിഭാഗങ്ങളുടെയും സത്വബോധങ്ങൾ (Identiti
ഇത്തരം പല സത്വബോധങ്ങളുടെയും മ
(Intersection) ആണ് നിലനില്ക്കുന്നത്. ഇവയിൽ ചില
അർഹതകൾ (Privileges) നല്കുന്നവരായിരിക്കും
ചിലത് വിവേചനങ്ങളും.

ബാല്യം – ജെൻഡർ
• ബാല്യം - ബഹുസ്വരമാണ്, വൈവിദ്ധ്യമുള്ളതാണ് (multiple and diverse)
• സാമൂഹിക-സാമ്പത്തിക പിന്നോക്ക വിഭാഗങ്ങൾ,
• ഭിന്നശേഷി വിഭാഗങ്ങൾ
• ടൈബൽ വിഭാഗത്തിലെ കുട്ടികൾ
• മാത്സ്യ തൊഴിലാളി മേഖലയിൽ
• അതിദരിദ്രർ,അന്യസംസ്ഥാന തൊഴിലാളികൾ
• ദുരന്തസാദ്യത ഉള്ള മേഖലകളിലെ കുട്ടികൾ

അതിജീവനം / Survival
1.കുട്ടികളിലെ കുറഞ്ഞുവരുന്ന പെൺലിംഗാനുപാതം സാധാരണ നിലയിലാക്കുക (Reversing the declining child sex ration)
2.ഗർഭിണികളായ പാലൂട്ടുന്ന അമ്മമാർക്കുള്ള മെച്ചപ്പെട്ട പരിചരണം, സേവനങ്ങൾ (Neonatal maternity)
3.നവജാത ശിശു മരണം നിരക്ക് കുറക്കുക

കർമ്മപരിപാടി
1.പെൺഭ്രൂണഹത്യക്കെതിരെ തദ്ദേശസ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ പരിപാടി
2.ഗർഭസ്ഥ ശിശുവിന്റെ ലിംഗനിർണയത്തിനെതിരെ നിയമ നടപടികൾ
3.പെൺകുഞ്ഞിന്റെ അന്തസ്സ് പ്രചരിപ്പിക്കുക. (സ്ത്രീ ധനത്തിനെതിരെയും സ്ത്രീകളുടെ കുട്ടികളുടെയും അവസ്ഥയെ സംബന്ധിച്ചും)
• കുട്ടികളിലും കൗമാരപ്രായക്കാരിലും പോഷകാഹാരക്കുറവിന്റെ വിവരങ്ങൾ ജെൻഡർ തിരിച്ച് വിശകലനം നടത്തുക.
• വിദ്യാലയത്തിലെ കൊഴിഞ്ഞുപോക്ക് തടയുകയും 12-ആം ക്ലാസ്സുവരെയെങ്കിലും പഠനം ഉറപ്പുവരുത്തുക
• എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജെൻഡർ സൗഹൃദ ടോയലറ്റുകളും സാനിട്ടറി നാപ്കിൻ ലഭ്യത ഉറപ്പാക്കുക .

ഗർഭകാല പരിശോധനകൾ, പ്രസവാനന്തര പരിശോധനകൾ
പെൺകുട്ടികളിലും സ്ത്രീകളിലും ഉള്ള വിളർച്ച (അനിമിയ) നിയന്ത്രണ പരിപാടി
➢പൊതുസ്ഥലങ്ങളായ ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ, ഓഫീസ് പരിസരങ്ങൾ മുലയൂട്ടുന്നത് സ്വകാര്യതയുള്ള ഇടങ്ങൾ
➢സ്ത്രീകൾ കൂട്ടമായി പണിയെടുക്കുന്നയിടങ്ങളിൽ ക്രഷ് സേവനം, ശിശു-ജെൻഡർ സൗഹൃദ ടോയലറ്റുകൾ ഉറപ്പാക്കുക -
✓പൊതു ഇടങ്ങൾ, പൊതുസ്ഥലങ്ങൾ, വീടുകൾ, അങ്കണവാടികൾ, സ്കൂളുകൾ, ആരോഗ്യകേന്ദ്രങ്ങൾ ശുദ്ധമായ കുടിവെള്ളവും, ശുചിത്വവും ഉണ്ടെന്ന് ഉറപ്പു വരുത്തുക
✓ശുചിത്വമുള്ള ടോയലറ്റ്
✓ദുരന്തങ്ങളിൽ പെട്ടു പോകുന്ന കുട്ടികളുടെ അതിജീവനം

Abc
1+3
വികസനം
• ജെൻഡർ വിവേചനങ്ങൾക്കും, ജെൻഡർ തരംതിരിക്കലിനും ജെൻഡർ വാർപ്പ് മാതൃകകൾക്കും വിധേയപ്പെടാതെയുള്ള വളർച്ച – സമഗ്രമായ വികസനം

വികസനം
• അങ്കണവാടി പ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ, ആശാ വർക്കർ മാർ, സ്കൂൾ അദ്ധ്യാപകർ എന്നിവർക്ക് ജെൻഡർ ബോധവൽക്കരണം
• ജെൻഡർ സൗഹൃദ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തൽ
• കൗമാര - തുല്യതയെ പറ്റിയ ആശയങ്ങൾ, സെക്സ് എഡ്യുകേഷൻ
• തീരദേശം, പട്ടികവർഗ്ഗ കോളനികൾ, ദരിദ്ര വിഭാഗങ്ങൾ, ഭിന്നശേഷി പെൺകുട്ടികളുടെ വികസനം

സംരക്ഷണം
അനുചിത പെരുമാറ്റങ്ങളിൽ നിന്ന്, അപായകമായ സാഹചര്യങ്ങളിൽ നിന്നും പരിരക്ഷ ലഭിക്കാനുള്ള അവകാശമാണ് സംരക്ഷണം
എല്ലാ തീരുമാനങ്ങളിലും, നടപടി ക്രമങ്ങളിലും, നിയമ പരിരക്ഷകളിലും കുട്ടികളുടെ ഉത്തമ താത്പര്യം പരിരക്ഷിക്കണം


ലൈംഗിക അതിക്രമങ്ങൾക്ക് വിധേയരായ കുട്ടികളുടെ പോക്സോ നിയമത്തിന് കീഴിൽ കൊണ്ടുവരുക
ക്രൈം മാപ്പിംഗ് നടത്തുക – ബസ്സിൽ, ട്രയിനിൽ, പൊതു യാത്രകളിൽ, കുടുംബത്തിൽ
സ്കൂൾ, പൊതുസ്ഥലങ്ങളിൽ ഉചിതവും, അനുചിതമായ സ്പർശനങ്ങളെക്കുറിച്ച് അറിവ് നൽകുക
പ്രതിരോധം, സംരക്ഷണം, പുനരധിവാസം എന്നീ പ്രവർത്തനങ്ങൾ ജാഗ്രതാ സമിതിയിലൂടെ നടപ്പിൽ വരുത്തുക

സുരക്ഷിതമായ കൗമാര കാലഘട്ടം
സ്കൂൾ ആരോഗ്യ പരിപാടികൾ ശക്തിപ്പെടുത്തുക (ശാരീരിക വ്യായാമം, കളരിപ്പയറ്റ്, യോഗ, നീന്തൽ)
അക്രമ പൌരുഷം (Toxic Masculinity)
ദുരുപയോഗങ്ങൾക്കോ, പീഡനങ്ങൾക്കോ വിധേയരായ കുട്ടികൾക്ക് സ്കൂൾ കൗൺസിലർ, ടീച്ചർ കൌൺസിലർ, ചൈൽഡ് ലൈൻ, സ്കൂൾ നഴ്സ്, അങ്കണവാടി ജീവനക്കാർ എന്നിവരോട് പേടികൂടാതെ കാര്യങ്ങൾ തുറന്നു പറയാനുള്ള അന്തരീക്ഷം.
മാനസിക-സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് കൗൺസിലിങ് പരിപാടി

ഇടപെടൽ മേഖലകൾ
കുടുംബം
വിദ്യാഭ്യാസം
ആരോഗ്യം-മാനസിക ആരോഗ്യം
കലാകായികം
ഡിസാസ്റ്റർ മാനേജ്മെന്റ്
അതിക്രമം ഇല്ലാത്ത സ്വകാര്യ - പൊതു ഇടങ്ങൾ
പങ്കാളിത്ത വേദികൾ

തദ്ദേശ സ്ഥാപനതല സംവിധാനങ്ങൾ
ജാഗ്രതാസമതി
ജെൻഡർ റിസോഴ്സ് സെന്റർ
ജെൻഡർ ഡെസ്ക്
കമ്മ്യൂണിറ്റി വിമൺ ഫെസിലിറ്റേറ്റർ
അങ്കണവാടി+ICDS
ഭിന്നശേഷി-ബഡ്സ്
ബാലസഭ

ജെൻഡർ റിസോഴ്സ് സെന്റർ
പഠനകേന്ദ്രം
സ്ത്രീകളുമായി ബന്ധപ്പെട്ട ഏത് പ്രശ്നങ്ങൾക്കും ആശ്രയിക്കാവുന്ന ഒരിടം
ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള സഹായം

- സ്ത്രീകളുടെയും പെൺകുട്ടികളുടെയും കലാ-കായികശേഷി വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിൽ പരിശീലനങ്ങൾക്കും ട്രപ്പുകൾ /ടീമുകൾ ഉണ്ടാക്കുന്നതിനും നേതൃത്വം നൽകുക.
- വൈദഗ്ധ്യ പരിശീലനം/ശേഷി വികസന കേന്ദ്രം
- കുട്ടികൾക്കു നേരെയുള്ള അതിക്രമങ്ങളെ ചേർക്കുന്നതിന് ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക
- സ്കൂളിലെ ജെൻഡർ ഡെസ്കിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക
- കൗൺസിലിങ്ങിനുള്ള സൗകര്യം
- ലൈബ്രറി

ജാഗ്രതാ സമിതി

- പഞ്ചായത്ത്-വാർഡ്തലം
- ജാഗ്രത സമിതികൾ ശക്തിപ്പെടുത്തുക
- മാർഗ്ഗരേഖ അനുസരിച്ച് ജാഗ്രതാ സമിതികളെ ശക്തിപ്പെടുത്തുക
- കേരള സ്റ്റേറ്റ് ലീഗൽ സർവീസ് അതോറിറ്റി (KELSA) യുമായി ചേർന്ന് നിയമസഹായ ക്ലിനിക്കുകൾ തുടർനടപടികൾ നടപ്പാക്കുക.

- ക്രൈം മാപ്പിംഗ്, അതിക്രമസാധ്യത മാപ്പിങ് നടത്തുക
- കൗൺസിലിംഗ്, നിയമസഹായം
- -DELSA-TLSC
- സ്വയം പ്രതിരോധ പരിശീലനം
- ജെൻഡർ ആശയപ്രചരണം
- നിയമബോധവൽക്കരണം

ജെൻഡർ ഡെസ്കുകൾ

- ഹൈസ്കൂൾ/ ഹയർ സെക്കൻഡറി സ്കൂൾ തലത്തില് ജെൻഡർ ഡെസ്ക് ആരംഭിക്കാം
- വിദ്യാർത്ഥികളുടെ സുരക്ഷ, പരാതി പരിഹാരം,
- കൗൺസിലിംഗ്
- ആൺകുട്ടികൾ ഉൾപ്പടെയുള്ള മുഴുവൻ കുട്ടികൾക്കും ലിംഗപദവി കാഴ്ചപ്പാടിൽ അധിഷ്ഠിതമായ ലൈംഗിക വിദ്യാഭ്യാസം, ജെൻഡർ വിദ്യാഭ്യാസം

CRC, CWPC യുടെ പ്രവർത്തനങ്ങളിൽ ജെൻഡറുമായി ബന്ധപ്പെട്ട ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

ബാല്യം - ബഹുസ്വരമാണ്, വൈവിദ്ധ്യമുള്ളതാണ് (multiple and diverse).

എല്ലാ സാമൂഹിക സാമ്പത്തിക പിന്നോക്ക മേഖലയിലുള്ള കുട്ടികളുടെ ഉൾച്ചേർക്കൽ

സംരക്ഷണം ഉറപ്പാക്കുന്നതിനൊപ്പം സാമൂഹിക പരിവർത്തനത്തിനുള്ള ഏജന്റ് എന്ന രീതിയിലുള്ള പരിഗണന

- പിന്തുടർന്ന് വരുന്ന ജെൻഡർ റോളുകൾക്ക് ഉപരിയായുള്ള കാഴ്ചപ്പാട്
- കുട്ടി, സ്ത്രീയുടെ ഉത്തരവാദിത്വം എന്ന ജെൻഡർ വാർപ്പ് മാതൃകയിൽ (gender stereotyping) നിന്നും മാറി തുല്യ ഉത്തരവാദിത്വം(equal parenting) എന്ന ആശയം ഉൾകൊണ്ടുള്ള പ്രവർത്തന രീതികളാണ് ഉണ്ടാക്കേണ്ടത്.
- കുട്ടികളുടെയും സ്ത്രീകളുടെയും ശാക്തീകരണവും വികസനവുമായ ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പുരുഷന്മാരുടെ റോൾ ഉണ്ടാകേണ്ടതുണ്ട്.

സെഷൻ– 3

ബാലാവകാശ സംരക്ഷണ നിയമങ്ങൾ

1. ലക്ഷ്യം :
   - ഭരണഘടന കുട്ടികൾക്കുവേണ്ടി പ്രതിപാദിക്കുന്ന ഭാഗവും മനസിലാക്കുക
   - കുട്ടികളുടെ സംരക്ഷണത്തിനായുള്ള നിയമങ്ങളെക്കുറിച്ച ധാരണ രൂപീകരിക്കുക
2. സമയം : 90 മിനിറ്റ്
3. വേദി : പൊതുവേദി

ഉള്ളടക്കവും രീതിയും

നം	ഉള്ളടക്കം	സമയം	രീതി	ഉപാധി
1	ആമുഖം , [ഭരണഘടന നിയമങ്ങൾ]	20	ബ്രെയിൻ സ്റ്റോർമിങ് , പൊതുചർച്ച, അവതരണം	പിപിടി , വൈറ്റ് ബോർഡ്, മാർക്കർ
2	ഭരണഘടനയും കുട്ടികളും,	30	അവതരണം	പിപിടി, വൈറ്റ് ബോർഡ്, മാർക്കർ
3	പ്രധാന നിയമങ്ങൾ – ബാലനീതി നിയമം, പോക്സോ നിയമം, ശൈശവ വിവാഹ നിരോധന നിയമം, ബാലവേല നേരിടാനുള്ള നിയമങ്ങൾ, വിദ്യാഭ്യാസ അവകാശ നിയമം, നർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്റ്റ് സൈബർ ഇടവുമായി ബന്ധപ്പെട്ട നിയമങ്ങൾ	30	പൊതുചർച്ച, ഉദാഹരണ ങ്ങൾ	പിപിടി, വൈറ്റ് ബോർഡ്, മാർക്കർ
4	ചർച്ച/ സംശയനിവാരണം	10	ചർച്ച	

കുറിപ്പ്:

- ഭരണഘടനയിൽ കുട്ടികളുമായി ബന്ധപ്പെട്ട ഭാഗങ്ങൾ സംബന്ധിച്ച് ചർച്ചയോടെ ക്ലാസ് ആരംഭിക്കുക
- ലഭിക്കുന്ന വിവരങ്ങൾ ചാർട്ടിൽ/ ബോർഡിൽ രേഖപ്പെടുത്തുക
- ഭരണഘടനയിലെ കുട്ടികളുമായി ബന്ധപ്പെട്ട ഭാഗങ്ങൾ അവതരിപ്പിക്കുക
- കുട്ടികളുമായി ബന്ധപ്പെട്ട നിയമങ്ങൾ ചർച്ചയിലൂടെ കണ്ടെത്തുകയും അവതരിപ്പിക്കുകയും ചെയ്യുക
- പ്രധാന നിയമങ്ങളെ പരിചയപ്പെടുത്തുകയും കുറ്റവും ശിക്ഷയും വിശദമാക്കി അവതരിപ്പിക്കുകയും വേണം.

ഇന്ത്യൻ ഭരണഘടന

ആർട്ടിക്കിൾ 14	ഇലുതയും ഇലു നിയമ സംരക്ഷണവും
ആർട്ടിക്കിൾ 15	വിവേചനങ്ങൾക്കെതിരെ സംരക്ഷണം
ആർട്ടിക്കിൾ 15(3)	സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേക വ്യവസ്ഥകൾ
ആർട്ടിക്കിൾ 19	സ്വാതന്ത്ര്യം
ആർട്ടിക്കിൾ 21	ജീവിക്കാനുള്ള അവകാശം
ആർട്ടിക്കിൾ 21എ	6 – മുതൽ 14 വയസ്സുവരെ സൗജന്യവും നിർബന്ധപൂർവ്വമായ വിദ്യാഭ്യാസം

ആർട്ടിക്കിൾ 23	ബാലവേലയിൽ നിന്നും ബാലഭിക്ഷാടനത്തിൽ നിന്നും സംരക്ഷിക്കപ്പെടൽ
ആർട്ടിക്കിൾ 24	14 വയസ്സിൽ താഴെയുള്ള ബാലവേല നിരോധനം
ആർട്ടിക്കിൾ 39 ഇ	ഈ പ്രായത്തിനും ശേഷിക്കും ചേരാത്ത തൊഴിലുകളിൽ നിന്ന് സംരക്ഷണം
ആർട്ടിക്കിൾ 39എഫ്	നല്ല സാഹചര്യവും ചൂഷണത്തിൽ നിന്നും അനാഥത്വത്തിൽ നിന്നുമുള്ള സംരക്ഷണം
ആർട്ടിക്കിൾ 45	6 വയസ്സിൽ താഴെയുള്ള കുരുന്നുകളും കുടുംബ വിദ്യാഭ്യാസവും
ആർട്ടിക്കിൾ 51 എ (കെ)	ആറിനും പതിനാലിനും ഇടയിൽ പ്രായമുള്ള കുട്ടിക്ക് വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ നൽകാനുള്ള മാതാപിതാക്കളുടെയും രക്ഷിതാവിന്റെയും കടമ

ബാലനീതി നിയമം
(ജുവനയിൽ ജസ്റ്റിസ് ആക്ട് 2015)

വകുപ്പ് 2(12) പ്രകാരം 0 മുതൽ 18 വയസ്സ് വരെയുള്ള ഏതൊരാളെയും കുട്ടി എന്ന് നിർവചിക്കുന്നു.

ഏറ്റവും അനുയോജ്യമായ സേവനം കുട്ടിക്ക് ലഭിക്കുന്നതിനുവേണ്ടി കുട്ടികളെ രണ്ട് തരത്തിൽ നിർവചിക്കുന്നത്.

1. **നിയമമായി പൊരുത്തപ്പെടാത്ത കുട്ടി (Child in Conflict)**
2. **ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടി (Child in Need of Care & Protection)**

ബാലാവകാശ ലംഘനങ്ങളും ബാലനീതി നിയമം അനുശാസിക്കുന്ന ശിക്ഷകളും

33	ഏതെങ്കിലും കുട്ടികളെ ഉപേക്ഷിച്ചു നഷ്ടപ്പെട്ട കിട്ടിയിട്ട് അറിയിക്കാതിരുന്നാൽ	ആറുമാസം വരെ തടവും പിഴയും
42	കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങൾ ബാലനീതി നിയമപ്രകാരം സർക്കാർ രജിസ്ട്രേഷൻ വാങ്ങിയിട്ടില്ലെങ്കിൽ	1 വർഷം വരെ തടവും 1 ലക്ഷം രൂപ പിഴയും
74	കറ്റകൃത്യങ്ങൾ ചെയ്ത കുട്ടികളുടെ വിവരങ്ങൾ പുറത്തുവിടുക	6 മാസം വരെ തടവും 1 ലക്ഷം രൂപ പിഴയും
75	രക്ഷിതാവ്, കസ്റ്റോഡിയൻ കുട്ടികളെ ആക്രമിക്കുക ഉപദ്രവിക്കുക അവഗണിക്കുക അതിലൂടെ കുട്ടികൾക്ക് മാനസിക ശാരീരിക സമ്മർദ്ദം ഏൽപ്പിക്കുക	3 വർഷം വരെ തടവും 1 ലക്ഷം രൂപ പിഴയും
76	ഭിക്ഷാടനത്തിന് കുട്ടികളെ ഉപയോഗിക്കൽ	5 വർഷം വരെ തടവും 1 ലക്ഷം രൂപ പിഴയും

77	കുട്ടികൾക്ക് മദ്യം പുകയില ലഹരി വസ്തുക്കൾ കൊടുക്കൽ	7 വർഷം വരെ തടവും 1 ലക്ഷം രൂപ പിഴയും
78	മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും വില്പനയ്ക്കോ വിതരണത്തിനോ കുള്ളക്കടത്തിനോ കുട്ടിയെ ഉപയോഗിച്ചാൽ	7 വർഷം വരെ തടവും 1 ലക്ഷം രൂപ പിഴയും
79	കുട്ടികളെ അടിമവേല ചെയ്യിക്കുകയോ സാമ്പത്തികമായി ചൂഷണം ചെയ്യുകയോ ചെയ്താൽ	5 വർഷം വരെ തടവും 1 ലക്ഷം രൂപ പിഴയും
81	കുട്ടികളെ വിൽക്കുകയോ വാങ്ങുകയോ ചെയ്താൽ	5 വർഷം വരെ തടവും 1 ലക്ഷം രൂപ പിഴയും
82	സ്ഥാപനത്തിലെ അമിത ശിക്ഷ	3 മാസം വരെ തടവും പിഴയും
83	പ്രശ്നങ്ങൾ ഉണ്ടാക്കാനായി കുട്ടികളെ ദുരുപയോഗം ചെയ്താൽ	1 വർഷം വരെ തടവും 1 ലക്ഷം രൂപ പിഴയും

കുട്ടികളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും വേണ്ടി ബാലനീതി നിയമം നിർദ്ദേശിക്കുന്ന മറ്റ് സംവിധാനങ്ങൾ

- ദത്തെടുക്കൽ
- ഫോസ്റ്റർ കെയർ
- സ്പോൺസർഷിപ്പ്.

ബാലസംരക്ഷണ സദനങ്ങൾ

- ചിൽഡ്രൻസ് ഹോം
- ഒബ്സർവേഷൻ ഹോം
- സ്പെഷ്യൽ ഹോം
- ഷെൽട്ടർ ഹോം
- ഓപ്പൺ ഷെൽറ്റർ ഹോം

ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം, 2012

കുട്ടിയെ നിയമവിരുദ്ധമായി ലൈംഗിക കൃത്യങ്ങളെ ഏർപ്പെടാൻ പ്രേരിപ്പിക്കുകയും നിർബന്ധിപ്പിക്കുകയും ചെയ്യുക, വേശ്യവൃത്തിക്ക് മറ്റ് നിയമവിരുദ്ധ ലൈംഗിക പ്രവർത്തനങ്ങൾക്ക് വേണ്ടി കുട്ടികളെ ചൂഷണം ചെയ്യുക, അശ്ലീല വസ്തുക്കൾ നിർമ്മിക്കുന്നതിനും കുട്ടികളെ ചൂഷണം ചെയ്യുക എന്നീ സാഹചര്യങ്ങൾ ഫലപ്രദമായി തടയുന്നതിന് വേണ്ടിയാണ് ഇത്തരം ഒരു നിയമം. ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുവാനും വേണ്ടിയാണ് ഈ നിയമം വന്നത്.

3,4	ലൈംഗിക കടന്നുകയറ്റത്തിലൂടെയുള്ള ആക്രമണം	ഏഴു വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ ആകാവുന്നതുമായ കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷയും പിഴയും
5,6	ഗൗരകരമായ ലൈംഗിക കടന്നുവരത്തിലുള്ള ആക്രമണം	പത്തു വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ ആകാവുന്നതുമായ കാലത്തേക്ക് കടന്നു തടവിനും കൂടാതെ പിഴയും അർഹനാകുന്നതാണ്
7,9	ലൈംഗിക ആക്രമണം	മൂന്നുവർഷത്തിൽ കുറയാത്തതും അഞ്ചു വർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട സർവ്വ ശിക്ഷിക്കും പിഴയും കൂടി അർഹനായി തീരുന്നതാണ്
9,10	ഗൗരവതരമായ ലൈംഗിക ആക്രമണം	5 വർഷത്തിൽ കുറയാത്തതും ഏഴുവർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷിക്കും കൂടാതെ പിഴവ് ശിക്ഷിക്കും കൂടി അർഹനായി തീരുന്നതാണ്

11,12	ലൈംഗിക പീഡനം	3 വർഷത്തിൽ കുറയാത്തതും 5 വർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് ശിക്ഷക്കും പിഴയ്ക്കും കൂടി അർഹനായി തീരുന്നതാണ്
13,14	അശ്ലീല കാര്യങ്ങൾക്ക് വേണ്ടി കുട്ടിയെ ഉപയോഗിക്കൽ	അഞ്ചുവർഷം വരെ ആകാവുന്ന തടവു ശിക്ഷയും കൂടാതെ പിഴയും അർഹനാകുന്നു
15	കുട്ടി ഉൾപ്പെടുന്ന അശ്ലീല സാമഗ്രികൾ ശേഖരിച്ചു വെച്ചാൽ	മൂന്നുവർഷം വരെ ആകാവുന്ന തടവ് ശിക്ഷയും കൂടാതെ പിഴയും അർഹനാകുന്നതാണ്
21	കുറ്റകൃത്യം റിപ്പോർട്ട് ചെയ്യുന്നതിലോ റെക്കോർഡ് ചെയ്യുന്നതിലോ വീഴ്ച വരുത്തിയാൽ	ആറുമാസം വരെ ആകാവുന്ന തടവ് ശിക്ഷയും കൂടാതെ പിഴയും അർഹനാകുന്നതാണ്

23	മാധ്യമങ്ങളിലെ റിപ്പോർട്ടുകളിലൂടെയും കുട്ടിയെ തിരിച്ചറിയുന്ന തരത്തിൽ അയാളുടെ പേര്, വിലാസം, ഫോട്ടോ, കുടുംബ വിവരങ്ങൾ, സ്കൂൾ, അയൽവാസം അല്ലെങ്കിൽ കുട്ടിയെ തിരിച്ചറിയാൻ സഹായിക്കുന്ന തരത്തിലുള്ള മറ്റു വിവരങ്ങൾ അടങ്ങിയ റിപ്പോർട്ടുകൾ വെളിപ്പെടുത്തിയാൽ	ആറുമാസത്തിൽ കുറയാത്തതും ഒരു വർഷം വരെ ആകാവുന്നതായ തടവിനും അല്ലെങ്കിൽ പിഴയും അല്ലെങ്കിൽ രണ്ടിനും കൂടി ശിക്ഷാർഹമാണ്

കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്

- കുറ്റം നടക്കാൻ സാധ്യതയുണ്ടെന്ന് കുട്ടി ഉൾപ്പെടെ ആർക്കെങ്കിലും ആശങ്കയുണ്ടെങ്കിലോ നടന്നു എന്നറിവുണ്ടെങ്കിലോ ആ വിവരം സ്പെഷൽ ജുവനൈൽ പൊലീസ് യൂണിറ്റിനോ ലോക്കൽ പൊലീസിനോ നൽകേണ്ടതാണ്.
- കുട്ടിക്ക് പരിചരണവും സംരക്ഷണവും ആവശ്യമാണെന്നു തോന്നിയാൽ ആയത് കേസ് റിപ്പോർട്ട് ചെയ്ത് 24 മണിക്കൂറിനകം നൽകേണ്ടതാണ്.
- മേൽ കുറ്റകൃത്യത്തെക്കുറിച്ച് ഉത്തമ വിശ്വാസപൂർവം വിവരം നൽകുന്ന ആളിനെതിരെ സിവിലോ ക്രിമിനലോ ആയ ഒരു ബാധ്യതയും ഉണ്ടാവുകയില്ല.
- കുറ്റകൃത്യം റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നയാൾക്ക് ആറു മാസംവരെയാകാവുന്ന കഠിനതടവോ അല്ലെങ്കിൽ സാധാരണ തടവോ പിഴയോ രണ്ടും കൂടിയോ ശിക്ഷയായി ലഭിക്കുന്നതാണ്.

കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്

- മറ്റൊരാളിനെ അപമാനിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി വ്യാജ പരാതിയോ വ്യാജ വിവരമോ നൽകുകയാണെങ്കിൽ അയാൾ ആറുമാസം വരെയാകാവുന്ന തടവിനോ പിഴയ്ക്കോ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടുന്നതാണ്.
- കുട്ടി അല്ലാത്തയാൾ ഒരു കുട്ടിക്കെതിരായി വ്യാജ പരാതിയോ വ്യാജ വിവ രമോ നൽകിയാൽ അയാൾ ഒരു വർഷംവരെയാകാവുന്ന തടവിനോ പിഴയ്ക്കോ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടുന്നതാണ്.
- യാതൊരു മാധ്യമങ്ങളിലും കുട്ടിയെ തിരിച്ചറിയുന്ന തരത്തിലുള്ള വിശദാം ശങ്ങൾ, ഫോട്ടോയും, പേരും ഉൾപ്പെടെ നൽകാൻ പാടില്ല.

കുട്ടിയുടെ മൊഴി രേഖപ്പെടുത്തൽ

- ഒരു കുട്ടിയുടെ മൊഴി കുട്ടിയുടെ വീട്ടിൽ വച്ചോ താമസിച്ചു വരുന്ന സ്ഥലത്തുവച്ചോ കുട്ടിക്ക് താൽപ്പര്യമുള്ള സ്ഥലത്തുവച്ചോ സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു വനിതാ ഓഫീസർ രേഖപ്പെടുത്തേണ്ടതാണ്.
- അപ്രകാരം രേഖപ്പെടുത്തുന്ന സമയത്ത് പൊലീസ് ഓഫീസർ ഔദ്യോഗിക വേഷം ധരിക്കാൻ പാടില്ല. കുട്ടിയിൽ നിന്നും വിവരങ്ങൾ ആരായുന്ന സമയത്ത് കുട്ടി ഒരു സാഹചര്യത്തിലും പ്രതിയുമായി സമ്പർക്കത്തിലേർപ്പെടാൻ പാടില്ല.
- കുട്ടിയെ രാത്രികാലത്ത് പോലീസ് സ്റ്റേഷനിൽ തടഞ്ഞുവയ്ക്കാൻ പാടില്ല. മൊഴി കുട്ടി പറയുന്നത് അതുപോലെ തന്നെ രേഖപ്പെടുത്തേണ്ടതാണ്.
- കുട്ടിയുടെ രക്ഷാകർത്താവിന്റെയോ, കുട്ടിക്ക് വിശ്വാസമുള്ള ആളുടെയോ, ഉറ്റമിത്രത്തിന്റെയോ സാന്നിധ്യത്തിൽ മൊഴി രേഖപ്പെടുത്തേണ്ടതാണ്.

കുട്ടിയുടെ മൊഴി രേഖപ്പെടുത്തൽ

- ഈ ആക്ടിൻ കീഴിലുള്ള കുറ്റകൃത്യത്തിന് വിധേയനായ കുട്ടിയെ വൈദ്യപരി ശോധന നടത്തേണ്ടതാണ്. പീഡനത്തിന് ഇരയായത് പെൺകുട്ടിയാണെങ്കിൽ വൈദ്യ പരിശോധന നടത്തേണ്ടത് ഒരു വനിതാ ഡോക്ടർ ആയിരിക്കണം.
- ഒരു കുട്ടിയാണ് കുറ്റകൃത്യം ചെയ്യുന്നതെങ്കിൽ ആ കുട്ടിക്ക് 2000-ലെ ബാല നീതി (കുട്ടികളുടെ പരിചരണവും സംരക്ഷണവും) ആക്ടിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്.
- സ്പെഷൽ കോടതി വിചാരണ നടത്തേണ്ടത് കുട്ടിയുടെ രക്ഷാകർത്താക്കളുടെയോ കുട്ടിക്ക് പൂർണ വിശ്വാസമുള്ള ആളുടേയോ സാന്നിധ്യത്തിൽ രഹസ്യ മായിട്ടായിരിക്കണം.

ബാലവേല നിരോധന ഭേതഗതി നിയമം, 2016

18 വയസ്സിനുതാഴെയുള്ള കുട്ടികളുടെ സ്കൂൾ വിദ്യാഭ്യാസത്തെ നഷ്ടപെടുത്തുന്ന രീതിയിൽ ബാല്യം അപഹരിച്ചുകൊണ്ട് അവർക്ക് ശാരീരികവും, സാമൂഹികവും, വൈകാരികവും, മാനസികവുമായ ആപൽക്കരമായ ഏതെങ്കിലും തരത്തിലുള്ള ജോലികൾ ചെയ്യിക്കുന്നതിനെയാണ് ബാലവേല എന്ന് പറയുന്നത്.

- ബാലവേല നിരോധന ഭേതഗതി നിയമം 2016 പ്രകാരം 14 നും 18 നും ഇടയിലുള്ള കൗമാരപ്രായക്കാർക്കും ബാലവേലയിൽ നിന്നും സംരക്ഷണം നൽകുന്നു. നിയമപ്രകാരം അനുശാസിച്ചിട്ടുള്ള ഷെഡ്യൂൾ A പ്രകാരമുള്ള 18 തരം തൊഴിലുകളിലും ഷെഡ്യൂൾ B പ്രകാരമുള്ള 65 വ്യവസായ പ്രക്രിയകളിലും കൗമാരക്കാർക്കും സംരക്ഷണം നൽകുന്നു.
- 14 നും 18 നും ഇടയിലുള്ള കുട്ടികളെ സംരക്ഷിക്കുന്നതിന്ന് 2015 ലെ ബാല നീതി നിയമവും ഉണ്ട്. ഇത് പ്രകാരം 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ അവകാശങ്ങൾ ലംഘിച്ചുകൊണ്ട് നിർബന്ധിപ്പിച്ച് ജോലികൾ ചെയ്യിപ്പിക്കുന്നത് കുട്ടികൾക്കെതിരെയുള്ള ചൂഷണം എന്ന ഗണത്തിൽപെടുന്നു.

ബാലവേലയിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ

- ബാലാവകാശ ധ്വംസനം.
- കുട്ടികളുടെ ആത്മവിശ്വാസം നഷ്ടപ്പെടുന്നു.
- വിദ്യാഭ്യാസം നഷ്ടപ്പെടുന്നു.
- ശാരീരികവും മാനസികവുമായ പീഡനങ്ങൾ.
- വിട്ടുമാറാത്ത അസുഖങ്ങൾ.
- കുറഞ്ഞ വേതനം.
- ക്ലേശകരമായ ജോലി.
- ലൈംഗിക അതിക്രമം.



ഏതെങ്കിലും ഭാഗങ്ങളിലെ വ്യവസായ സ്ഥാപനങ്ങൾ, ഹോട്ടലുകൾ, ചെറുകിട വ്യവസായ ശാലകളിലും മറ്റിടങ്ങളിലും ജോലിചെയ്യുന്ന രീതിയിൽ കുട്ടികളെ കണ്ടെത്തുകയാണെങ്കിൽ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിനെയോ, ചൈൽഡ് വെൽഫയർ കമ്മറ്റിയെയോ, ജില്ലാ ലേബർ ഓഫീസറെയോ, ചൈൽഡ്ലൈൻ പ്രവർത്തകരെയോ തൊട്ടടുത്ത പോലീസ് സ്റ്റേഷനിലോ (112) വിവരം അറിയിക്കേണ്ടതാണ്.

ബാലവേല നേരിടാനുള്ള നിയമങ്ങൾ

- ബാലവേല നിരോധന ഭേതഗതി നിയമം 2016 പ്രകാരം ബാലവേല ചെയ്യിപ്പിച്ചതായി കണ്ടെത്തിയാൽ 6 മാസം മുതൽ 2 വർഷം വരെ തടവ് ലഭിക്കാവുന്ന കുറ്റമാണ്. കൂടാതെ 20000 (ഇരുപതിനായിരം) രൂപ മുതൽ 50000 (അൻപതിനായിരം) രൂപ വരെ പിഴയും ഈടാക്കാവുന്നതാണ്.
- 2015 ലെ ബാലനീതി നിയമ പ്രകാരം കുട്ടികളെ ചൂഷണം ചെയ്യുന്നവർക്ക് എതിരെ 5 വർഷം വരെ തടവും 100000 (ഒരു ലക്ഷം) രൂപ വരെ പിഴയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്.
- 1976 ലെ ബോണ്ടഡ് ലേബർ സിസ്റ്റം അബോളിഷൻ ആക്ടും നിലവിലുണ്ട്. ഇത് പ്രകാരം 2000 (രണ്ടായിരം) രൂപ വരെ പിഴയും 3 വർഷം തടവും ലഭിക്കാവു ന്ന കുറ്റമാണ്

ബാലവിവാഹ നിരോധന നിയമം, 2006

- "ബാലൻ" എന്നാൽ ആണാണെങ്കിൽ ഇരുപത്തി ഒന്നു വയസ്സു പൂർത്തിയാകാത്ത ഒരാൾ. പെണ്ണാണെങ്കിൽ പതിനെട്ടു വയസ്സു പൂർത്തിയാകാത്ത ഒരാൾ
- "ബാലവിവാഹം" എന്നാൽ വിവാഹബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന കക്ഷികളിൽ ഒരാളെങ്കിലും ബാലൻ.
- 'മൈനർ' എന്നാൽ പ്രായപൂർത്തി (18) എത്തിയിട്ടില്ലെന്ന് കരുതപ്പെടേണ്ടതായ ഒരാൾ

- ഈ ആക്ട് നിലവിൽ വരുന്നതിനു മുൻപോ അതിനു ശേഷമോ, വിധി പ്രകാരം നടത്തപ്പെട്ട ഏതൊരു ബാല വിവാഹവും വിവാഹ സമയത്ത് കക്ഷികളിൽ ബാലനായിരുന്ന ആളിന് തന്റെ ഇഷ്ട പ്രകാരം വിവാഹം അസാധുവാക്കാവുന്നതാണ്.
- ബാല വിവാഹം അസാധുവാക്കാനുള്ള ഹർജി ജില്ലാ കോടതിയിലാണ് ഫയൽ ചെയ്യേണ്ടത്.
- ഹർജിക്കാരൻ മൈനർ ആണെങ്കിൽ രക്ഷാകർത്താവോ ഉറ്റ ബന്ധുവോ മുഖേന വിവാഹ നിരോധന ഉദ്യോഗസ്ഥനോടൊന്നിച്ച് ഹർജി ഫയൽ ചെയ്യാവുന്നതാണ്.

കുറ്റവും ശിക്ഷയും

- 18 വയസ്സു കഴിഞ്ഞ പുരുഷൻ ബാലവിവാഹ കരാറിലേർപ്പെട്ടാൽ **2 വർഷം വരെയൊകാവുന്ന തടവിനോ ഒരുലക്ഷം രൂപ വരെയുള്ള പിഴയ്ക്കോ രണ്ടിനും കടിയോ** ശിക്ഷിക്കപ്പെടുന്നതാണ്.
- ബാലവിവാഹം വിധി (ആചാര) പ്രകാരം നടത്തിക്കുകയോ നടത്താൻ പ്രേരിപ്പക്കുകയോ ചെയ്യുന്നയാൾക്ക് **രണ്ടു വർഷം വരെയൊകാവുന്ന കഠിന തടവും ഒരുലക്ഷം രൂപവരെയുള്ള പിഴയും** ശിക്ഷയായി ലഭിക്കുന്നതാണ്.
- ബാലവിവാഹത്തിൽ കക്ഷിയാകുന്ന കുട്ടിയുടെ മാതാപിതാക്കളോ രക്ഷാ കർത്താവോ, ഏതെങ്കിലും സംഘടനയിലെ അംഗമോ മറ്റേതെങ്കിലും വ്യക്തിയോ ബാലവിവാഹം നടത്തിക്കൊടുക്കുകയോ അതിൽ പങ്കെടുക്കുകയോ അത് തടയാതിരിക്കുകയോ ചെയ്താൽ **രണ്ടു വർഷം വരെ തടവും ഒരു ലക്ഷം രൂപവരെയൊകാവുന്ന പിഴയും** ശിക്ഷയായി ലഭിക്കുന്നതാണ്.

- ഈ ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഒരു ബാലവിവാഹം നടക്കാൻ പോകുന്നുവെന്ന് ഒരു ഒന്നാം ക്ലാസ് ജുഡീഷ്യൽ മിസ്റ്റേറ്റിനോ മെട്രോപൊളിറ്റൻ മജിസ്റ്റേറ്റിനോ വിവരം ലഭിക്കുകയും ബോധ്യപ്പെടുകയും ചെയ്താൽ മജിസ്റ്റേറ്റിന് അത്തരം വിവാഹം നിരോധിച്ചുകൊണ്ട് ഒരു ഇൻജങ്ഷൻ പുറപ്പെടുവിക്കാവുന്നതാണ്.
- ഒരു ബാലവിവാഹം വിധി പ്രകാരം നടക്കാൻ ഇടയുണ്ടെന്ന് അറിവോ വിശ്വസിക്കാൻ യോഗ്യമായ കാരണമോ ഉള്ള ഏതൊരാൾക്കും സർക്കാരിതര സംഘടനയ്ക്കും ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്റ്റേറ്റിനോ, മെട്രോപൊളിറ്റൻ മജിസ്റ്റേറ്റിനോ പരാതി കൊടുക്കാവുന്നതാണ്. മജിസ്റ്റേറ്റിന് വിശ്വാസയോഗ്യമായ റിപ്പോർട്ടിൻറെയോ അറിവിൻറെയോ അടിസ്ഥാനത്തിലും സ്വമേധയായും നടപടി എടുക്കാവുന്നതാണ്.

- മജിസ്റ്റേറ്റ് പുറപ്പെടുവിച്ച ഇൻജങ്ഷൻ ഉത്തരവ് ലംഘിക്കുന്നയാളിന് ഒരു വർഷം വരെയൊകാവുന്ന സാധാരണ തടവോ കഠിന തടവോ ഒരു ലക്ഷം രൂപവ രെയൊകാവുന്ന പിഴയോ രണ്ടും കൂടിയോ ശിക്ഷയായി ലഭിക്കുന്നതാണ്.
- ഇൻജങ്ഷൻ ഉത്തരവ് ലംഘിച്ചു കൊണ്ടു നടത്തുന്ന ബാലവിവാഹം ആരംഭത്തിലേ അസാധുവായിരിക്കുന്നതാണ്.
- ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റത്തിന് പോലീസിന് നേരിട്ട് കേസ് എടുക്കാവുന്നതും പോലീസിൽ നിന്നും ജാമ്യം ലഭിക്കാത്തതുമാണ്
- ബാലവിവാഹ നിരോധന ഉദ്യോഗസ്ഥർ പബ്ലിക് സർവന്റുകൾ ആയിരിക്കും
- ഈ ആക്ട് അനുസരിച്ച് ഉത്തമവിശ്വാസത്തോടുകൂടി ചെയ്തോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച് ബാലവിവാഹ നിരോധന ഉദ്യോഗസ്ഥനെതിരായി യാതൊരു പ്രോസിക്യൂഷനോ നിയമനടപടികളോ നിലനിൽക്കുന്നതല്ല.

വിദ്യാഭ്യാസ അവകാശ നിയമം (2009)

ഇന്ത്യയിലെ 6-14 വയസ്സുവരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം മൗലികാവകാശമാക്കിയ ഒരു സുപ്രധാന നിയമനിർമ്മാണം. വിദ്യാഭ്യാസ വിടവ് നികത്താനും എല്ലാവർക്കും ഗുണനിലവാരമുള്ള പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കാനും ഇത് ലക്ഷ്യമിടുന്നു.

3	6-14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പുനൽകുന്നു.
11(1)	പ്രവേശന സമയത്ത് വിവേചനം കാണിക്കുന്നതിൽ നിന്ന് സ്കൂളുകളെ വിലക്കുന്നു.
12(1)(c)	പിന്നാക്ക വിഭാഗങ്ങൾക്കായി സീറ്റുകൾ സംവരണം ചെയ്യാൻ സ്വകാര്യ സ്കൂളുകളെ നിർബന്ധിക്കുന്നു.
17	സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുകയെന്നത് സർക്കാരിൻറെ ഉത്തരവാദിത്തമാക്കുന്നു.

നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റാൻസസ് ആക്ട് (NDPS) (1985)

മയക്കുമരുന്ന് മയക്കുമരുന്നുകളും സൈക്കോട്രോപിക് പദാർത്ഥങ്ങളും അവയുടെ നിയമവിരുദ്ധമായ ഉപയോഗം തടയുന്നതിനും മയക്കുമരുന്ന് ദുരുപയോഗത്തിൻറെ ദോഷകരമായ ഫലങ്ങളിൽ നിന്ന് ആളുകളെ, പ്രത്യേകിച്ച് കുട്ടികളെ സംരക്ഷിക്കുന്നതിനും ഈ നിയമം കർശനമായി നിയന്ത്രിക്കുന്നു.

8	നിയമവിരുദ്ധമായ മയക്കുമരുന്നുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ നിരോധിക്കുന്നു.
20	യുവാക്കൾക്ക് പ്രത്യേകിച്ച് അപകടസാധ്യതയുള്ള മയക്കുമരുന്നായ കഞ്ചാവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളെ പ്രത്യേകം അഭിസംബോധന ചെയ്യുന്നു.
27	നിയമവിരുദ്ധ മയക്കുമരുന്ന് അല്ലെങ്കിൽ സൈക്കോട്രോപിക് പദാർത്ഥത്തിൻറെ ഉപഭോഗം കുറ്റകരമാക്കുന്നു.

സൈബർ നിയമങ്ങൾ

ഓൺലൈൻ സുരക്ഷയെ അഭിസംബോധന ചെയ്യുന്ന നിയമങ്ങൾ ഇന്ത്യയിൽ ഉണ്ട്, പ്രത്യേകിച്ച് കുട്ടികൾക്കായി. ഈ നിയമങ്ങൾ ഓൺലൈൻ കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്നതിനും ചൂഷണം ചെയ്യുന്നതിനും എതിരെ ലക്ഷ്യമിടുന്നു.

ഇൻഫർമേഷൻ ടെക്നോളജി ആക്ട് (2000): ഓൺലൈൻ ചൈൽഡ് പോണോഗ്രാഫിയും ലൈംഗിക ആവശ്യങ്ങൾക്കായുള്ള "ഗ്രൂമിംഗ്" ഉൾപ്പെടെയുള്ള സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നു.

ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നുള്ള കുട്ടികളുടെ സംരക്ഷണ നിയമം (പോക്സോ നിയമം) (2012): ഓൺലൈൻ പോണോഗ്രാഫിയും അതിന്റെ വിതരണവും ഉൾപ്പെടെയുള്ള കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്നതിനെ പ്രത്യേകമായി അഭിസംബോധന ചെയ്യുന്നു.

ഭാരതീയ ന്യായ സംഹിത, 2023

2023 ഡിസംബറിൽ നടപ്പിലാക്കിയ ഭാരതീയ ന്യായ സംഹിത (BNS), പഴയ ഇന്ത്യൻ പീനൽ കോഡിന് (IPC) പകരമുള്ള ഇന്ത്യയുടെ നിലവിലെ ക്രിമിനൽ കോഡാണ്. ഈ പുതിയ നിയമം സൈബർ കുറ്റകൃത്യങ്ങൾ, ഐപിസിയിൽ ഉൾപ്പെടാത്ത സംഘടിത കുറ്റകൃത്യങ്ങൾ ഇടങ്ങിയ ആധുനിക കുറ്റകൃത്യങ്ങളെ അഭിസംബോധന ചെയ്യുന്നു.

കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങൾക്ക് കഠിനമായ ശിക്ഷകൾ ഏർപ്പെടുത്തിക്കൊണ്ട് കുട്ടികളെ സംരക്ഷിക്കുന്നതിന് ഇത് മുൻഗണന നൽകുന്നു.

BNS തന്നെ പ്രാബല്യത്തിലായിരിക്കുമ്പോൾ, 2023 ജൂലൈ 1 മുതൽ പൂർണ്ണമായി പ്രാബല്യത്തിൽ വരും. ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത (BNSS), BNS കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ നിർവചിക്കുന്ന ഭാരതീയ സാക്ഷ്യ ബിൽ എന്നിവ പോലെയുള്ള കോംപ്ലിമെന്ററി നിയമങ്ങളും നിലവിൽ വരും.

ബിഎൻഎസിന്റെ അഞ്ചാം അധ്യായത്തിലെ സെക്ഷൻ 93 - 99 കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നു. ഈ വകുപ്പുകൾ 317,318,366A,369,372, 373 (IPC) മാറ്റിസ്ഥാപിക്കും.

പുതിയ നിയമ ലംഘനങ്ങൾ

സെക്ഷൻ 95 - ഒരു കുറ്റം ചെയ്യുന്നതിനായി ഒരു കുട്ടിയെ നിയമിക്കുകയോ ജോലിയിൽ ഏർപ്പെടുത്തുകയോ ഇടപഴകുകയോ ചെയ്യുക. - കുറ്റം ചെയ്യുന്നതിനായി ഏതെങ്കിലും കുട്ടിയെ നിയമിക്കുകയോ ജോലിക്ക് ഏർപ്പെടുത്തുകയോ ഏർപ്പെടുകയോ ചെയ്യുന്നയാൾക്ക് മൂന്ന് വർഷത്തിൽ കുറയാത്തതും എന്നാൽ പത്ത് വർഷം വരെ നീട്ടിയേക്കാവുന്നതുമായ തടവും പിഴയും ലഭിക്കും.

വിശദീകരണം - ലൈംഗിക ചൂഷണത്തിനോ അശ്ലീലസാഹിത്യത്തിനോ വേണ്ടി കുട്ടിയെ ഉപയോഗിക്കുക, ജോലിയിൽ ഏർപ്പെടുത്തുക, അല്ലെങ്കിൽ ഉപയോഗിക്കുക എന്നിവ ഈ വിഭാഗത്തിന്റെ അർത്ഥത്തിൽ ഉൾക്കൊള്ളുന്നു.

മാറ്റങ്ങൾ

IPC കുറ്റം	BNS കുറ്റം
376 ബലാത്സംഗത്തിനുള്ള ശിക്ഷ 376(3)	65. ചില കേസുകളിൽ ബലാത്സംഗത്തിനുള്ള ശിക്ഷ. 65(1) പതിനാറ് വയസ്സിന് താഴെയുള്ള ഒരു സ്ത്രീയെ ബലാത്സംഗം ചെയ്യുന്നവർ, ഇരുപത് വർഷത്തിൽ കുറയാത്ത കഠിന തടവിന് ശിക്ഷിക്കപ്പെടും, എന്നാൽ അത് ജീവപര്യന്തം വരെ നീണ്ടുനിൽക്കും, അതായത് ബാക്കിയുള്ളവർക്ക് തടവ്. ആ വ്യക്തിയുടെ സ്വാഭാവിക ജീവിതത്തിന്റെ, കൂടാതെ പിഴയും, ബാധ്യസ്ഥരായിരിക്കും: അങ്ങനെ ചെയ്താൽ, അത്തരം പിഴ ഇരയുടെ ചികിത്സാ ചെലവുകളും പുനരധിവാസവും നിറവേറ്റുന്നതിന് ന്യായവും ന്യായവുമാണ്: കൂടാതെ, ഈ ഉപവകുപ്പ് പ്രകാരം പുമുള്ന്ന ഏതെങ്കിലും പിഴ ഇരയ്ക്ക് നൽകേണ്ടതാണ്

മാറ്റങ്ങൾ

IPC കുറ്റം	BNS കുറ്റം
376 എബി. ബലാത്സംഗത്തിനുള്ള ശിക്ഷ - പന്ത്രണ്ട് വയസ്സിന് താഴെയുള്ള സ്ത്രീ	**65(2) പ്രകാരം** പന്ത്രണ്ട് വയസ്സിന് താഴെയുള്ള ഒരു സ്ത്രീയെ ബലാത്സംഗം ചെയ്താൽ, അത് ഇരുപത് വർഷത്തിൽ കുറയാത്ത കഠിന തടവിന് ശിക്ഷിക്കപ്പെടും, എന്നാൽ അത് ജീവപര്യന്തം തടവ് വരെ നീണ്ടേക്കാം, അതായത് വ്യക്തിയുടെ സ്വാഭാവിക ജീവിതത്തിന്റെ ബാക്കിയുള്ള ആയുസ്സ്, പിഴയോ, വധശിക്ഷയോ. എന്നാൽ, അത്തരം പിഴ ഇരയുടെ ചികിത്സാ ചെലവുകളും പുനരധിവാസവും നിറവേറ്റുന്നതിന് ന്യായവും ന്യായയുക്തവുമായിരിക്കും: കൂടാതെ, ഈ ഉപവകുപ്പ് പ്രകാരം പുമുള്ന്ന ഏതെങ്കിലും പിഴ ഇരയ്ക്ക് നൽകേണ്ടതാണ്

പ്രായപൂർത്തിയാകാത്ത പെൺകുട്ടിക്ക് പകരം കുട്ടി എന്ന വാക്ക് ചേർക്കപ്പെട്ടു

IPC കുറ്റം	BNS കുറ്റം
366എ. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുടെ പ്രൊക്യുറേഷൻ. പത്ത് വർഷം വരെ തടവും പിഴയും ലഭിക്കാവുന്ന കുറ്റമാണ്.	**96. കുട്ടിയുടെ പ്രൊക്യുറേഷൻ** പത്ത് വർഷം വരെ തടവും പിഴയും ലഭിക്കാവുന്ന കുറ്റമാണ്

ശിക്ഷ മെച്ചപ്പെടുത്തി

IPC കുറ്റം	BNS കുറ്റം
373. വേശ്യാവൃത്തിക്ക് വേണ്ടി പ്രായപൂർത്തിയാകാത്തവരെ വാങ്ങുക – പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടിയെ വാങ്ങുകയോ മറ്റെന്തെങ്കിലും വിധത്തിൽ ലൈംഗികമായി ഉത്തേജയോഗം ചെയ്യുകയോ ആണെങ്കിൽ ഈ കുറ്റം ചെയ്ത വ്യക്തിക്ക് പത്ത് വർഷം വരെ കഠിന തടവും പിഴ ശിക്ഷയും വിധിക്കപ്പെടാം.	**99. വേശ്യാവൃത്തിക്കും മറ്റും വേണ്ടി കുട്ടിയെ വാങ്ങൽ** – പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടിയെ വാങ്ങുകയോ മറ്റെന്തെങ്കിലും വിധത്തിൽ ലൈംഗികമായി ഉത്തേജയോഗം ചെയ്യുകയോ ആണെങ്കിൽ ഈ കുറ്റം ചെയ്ത വ്യക്തിക്ക് ഏഴ് വർഷത്തിൽ കുറയാത്തതും എന്നാൽ പതിനാലു വരെ നീണ്ടുനിൽക്കുന്നതുമായ കഠിന തടവും പിഴ ശിക്ഷയും വിധിക്കപ്പെടാം.

പ്രായ വ്യത്യാസം നീക്കം ചെയ്തു

IPC കുറ്റം	BNS കുറ്റം
361. നിയമാനുസൃത രക്ഷാകർതൃത്വത്തിൽ നിന്ന് തട്ടിക്കൊണ്ടുപോകൽ.– പതിനാറ് വയസ്സിന് താഴെയുള്ള ഏതെങ്കിലും പ്രായപൂർത്തിയാകാത്ത പുരുഷനോ അല്ലെങ്കിൽ പതിനെട്ട് വയസ്സിന് താഴെയുള്ള സ്ത്രീയോ, അങ്ങനെയുള്ളവരെ നിയമാനുസൃത രക്ഷാകർതൃത്വത്തിൽ നിന്ന് തട്ടിക്കൊണ്ടുപോകുകയാണെങ്കിൽ അതിനുള്ള ശിക്ഷ പരാമർശിക്കുന്നു.	**137. തട്ടിക്കൊണ്ടുപോകൽ.–** (1)(ബി) നിയമാനുസൃത രക്ഷാകർതൃത്വത്തിൽ നിന്ന്, രക്ഷിതാവിന്റെ സമ്മതമില്ലാതെ, ഏതെങ്കിലും കുട്ടിയെയോ മാനസിക അസ്വസ്ഥതയുള്ള കുട്ടിയെയോ പിടിച്ചുകൊണ്ടുപോകുകയോ വശീകരിക്കുകയോ ചെയ്താൽ പത്തു വർഷം വരെ നീണ്ടുനിൽക്കാവുന്ന കഠിന തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയുള്ള ശിക്ഷയും ബാധ്യസ്ഥരായിരിക്കും.

കുറ്റവും ശിക്ഷയും

93	പന്ത്രണ്ട് വയസ്സിന് താഴെയുള്ള ഒരു കുട്ടിയുടെ പിതാവോ അമ്മയോ അല്ലെങ്കിൽ അത്തരം കുട്ടിയുടെ സംരക്ഷണം ഉള്ളവരോ, കുട്ടിയെ ഉപേക്ഷിച്ചാൽ ഏഴ് വർഷം വരെ നീട്ടിയേക്കാവുന്ന തടവ് ശിക്ഷയോ, പിഴ ശിക്ഷയോ, അല്ലെങ്കിൽ രണ്ടും കൂടി അനുഭവിക്കാൻ ബാധ്യസ്ഥരായിരിക്കും .

കുറ്റവും ശിക്ഷയും

94	ഒരു കഞ്ഞ് ജനനത്തിനു മുമ്പോ ശേഷമോ അതിനിടയിലോ മരിച്ചാൽ മൃതദേഹം രഹസ്യമായി സംസ്കരിക്കുകയോ ചെയ്താൽ, മനഃപൂർവം മറച്ചുവെക്കുകയോ മറച്ചുവെക്കാൻ ശ്രമിക്കുകയോ ചെയ്താൽ, ഒന്നുകിൽ ഒരു നിശ്ചിത കാലത്തേക്ക് തടവ് ശിക്ഷ ലഭിക്കും. അത് രണ്ട് വർഷത്തേക്ക് നീട്ടാം, അല്ലെങ്കിൽ പിഴ, അല്ലെങ്കിൽ രണ്ടും കൂടി.

കുറ്റവും ശിക്ഷയും

95	കുറ്റം ചെയ്യുന്നതിനായി കുട്ടിയെ ഉപയോഗിക്കുകയോ ഏർപ്പെടുത്തുകയോ ചെയ്താൽ, മൂന്ന് വർഷത്തിൽ കുറയാത്തതും എന്നാൽ പത്ത് വർഷം വരെ നീട്ടാവുന്നതുമായ കഠിന തടവോ, പിഴ ശിക്ഷയോ, അല്ലെങ്കിൽ രണ്ടും കൂടി അനുഭവിക്കാൻ ബാധ്യസ്ഥരായിരിക്കും . ഈ കുറ്റം ചെയ്യാൻവേണ്ടി ഗൂഢാലോചന നടത്തിയാൽ കൂടിയും കുറ്റം ചെയ്യുന്നതുപോലെയുള്ള ശിക്ഷതന്നെയായിരിക്കും ഗൂഢാലോചന നടത്തിയ വ്യക്തിക്ക് ലഭിക്കുക.



കുറ്റവും ശിക്ഷയും

97	പത്തു വയസ്സിൽ താഴെയുള്ള ഏതൊരു കുട്ടിയെയും തട്ടിക്കൊണ്ടുപോകുകയോ ചെയ്താൽ, സത്യസന്ധതയില്ലാതെ ഒരു വസ്തു കൈക്കലാക്കുക എന്ന ഉദ്ദേശത്തോടുകൂടി കുട്ടിയെ തട്ടികൊണ്ട് പോകുകയാണെങ്കിൽ ഏഴു വർഷം വരെ നീണ്ടുനിൽക്കുന്ന കഠിന തടവോ, പിഴ ശിക്ഷയോ, അല്ലെങ്കിൽ രണ്ടും കൂടി അനുഭവിക്കാൻ ബാധ്യസ്ഥരായിരിക്കും .
98	വേശ്യാവൃത്തിക്കും മറ്റും വേണ്ടി കുട്ടിയെ വിൽക്കുന്നു.
99	വേശ്യാവൃത്തിക്കും മറ്റും വേണ്ടി കുട്ടിയെ വാങ്ങുക.

സെഷൻ – 4

കുട്ടികളുടെ മനഃശാസ്ത്രം

ലക്ഷ്യങ്ങൾ–

- കുട്ടികളുടെ വികസനവും അവയെ സ്വാധീനിക്കുന്ന ഘടകങ്ങളും മനസിലാക്കുക
- കുട്ടികളുമായി ഫലപ്രദമായ ആശയവിനിമയം നടത്തുന്നതിന് സ്വയം സജ്ജമാക്കുക
- പ്രശ്നങ്ങളും സഹായ സംവിധാനങ്ങൾ എന്നിവയെകുറിച്ച ധാരണ രൂപീകരിക്കുക
- കുട്ടികളുടെ മനശാസ്ത്രം മനസ്സിലാക്കി CWPC അംഗങ്ങളെ പ്രവർത്തിക്കാൻ പ്രാപ്ത മാക്കുക

സമയം – 60 മിനിട്ട്

വേദി – പൊതുവേദി

ഉള്ളടക്കവും പഠനരീതിയും

നം	ഉള്ളടക്കം	സമയം (മിനിറ്റ്	രീതി	ഉപാധി
1.	ആമുഖം – വളർച്ചയും പ്രശ്നങ്ങളും	5	ബ്രെയിൻ സ്റ്റോർമിങ് , പൊതു ചർച്ച, അവതരണം	സ്ലൈഡ്, വൈറ്റ് ബോർഡ്, മാർക്കർ
2.	മനഃശാസ്ത്രത്തിന്റെ പ്രാധാന്യം സോഷ്യൽ സൈക്കോളജി	10	അവതരണം, ചർച്ച	സ്ലൈഡ്, വൈറ്റ് ബോർഡ്, മാർക്കർ
3.	വളർച്ചയുടെ ഘടകങ്ങൾ, വളർച്ചയും വികാരങ്ങളും	20	അവതരണം, ചർച്ച	സ്ലൈഡ്, വൈറ്റ് ബോർഡ്, മാർക്കർ
4	സഹായ സംവിധാനങ്ങൾ	20	അവതരണം, ചർച്ച	സ്ലൈഡ്, വൈറ്റ് ബോർഡ്, മാർക്കർ
5	ചർച്ച/സംശയനിവാരണം	5	ചർച്ച	

അവതരണ കുറിപ്പ്

- കുട്ടികളുടെ വിവിധ ജീവിത ഘട്ടങ്ങളിലും അനുഭവിക്കുന്ന/അനുഭവിക്കുവാൻ സാധ്യതയുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്തു തുടങ്ങുക.
- പ്രശ്നങ്ങൾ ക്രോഡീകരിച്ച ശേഷം അവയുടെ മനഃശാസ്ത്ര സമീപനത്തിന്റെ പ്രാധാന്യം വിശദമാക്കുക
- വളർച്ചയുടെ വിവിധ ഘടകങ്ങൾ ചർച്ചയിലൂടെ ക്രോഡീകരിക്കുക
- വളർച്ച ഘട്ടങ്ങളും വികാരങ്ങളും സംബന്ധിച്ച ചർച്ച നയിക്കുക
- വിവിധ ഘട്ടങ്ങളിൽ ലഭ്യമായ സഹായ സംവിധാനങ്ങൾ പരിചയപ്പെടുത്തുക
- വിവിധ വികാസ പരിമിതികളെ പറ്റി സൂചിപ്പിക്കുക (DEVELOPMENTAL DISORDERS)

കുട്ടികളുടെ മാനസികാരോഗ്യത്തിന്റെ പ്രസക്തി

- മുതിർന്നവരിൽ കാണുന്ന 50% മാനസികാരോഗ്യപ്രശ്നങ്ങളും തുടങ്ങുന്നത് 14 വയസ്സിനു മുൻപും ആണ്
- 75% 24 വയസ്സിന് മുൻപ്
- മാനസികാരോഗ്യ പ്രശ്നങ്ങളും, മയക്കുമരുന്നു ഉപയോഗവും, ആത്മഹത്യയും ഈ പ്രായത്തിലെ രോഗാതുരത്വം അകാലത്തിൽ ജീവിതം പൊലിയുന്നതിനും കാരണം ആകുന്നു.
- മദ്യവും, മയക്കുമരുന്നും, റോഡപകടങ്ങളും അക്രമങ്ങളും എല്ലാം ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു.

പ്രസവത്തോട് അനുബന്ധിച്ചുള്ള അമ്മയുടെ മാനസികാരോഗ്യം

ഗർഭകാലം?

- "ഗർഭാവസ്ഥയിൽ തുടങ്ങുന്ന തലച്ചോറിന്റെ വികാസം 90 ശതമാനവും പൂർത്തിയാകുന്നത് 2 വയസ്സിനു മുൻപാണ്.
- അതുകൊണ്ട് തന്നെ യാണ്, ആയിരം ദിവസങ്ങൾക്ക് വളരെ ഏറെ പ്രാധാന്യം കൽപ്പി ക്കുന്നത്.
- ഗർഭിണിയായി രിക്കുമ്പോൾ അമ്മയ്ക്കു ണ്ടാവുന്ന മാനസിക സമ്മർദ്ദവും, വിഷാദവും ഉത്കണ്ഠയും മറ്റും കുഞ്ഞിന്റെ തലച്ചോറി ന്റെ വളർച്ചയെ സാരമായി ബാധിക്കാം.

പ്രസവപൂർവ്വ സമയം??

- പ്രസവശേഷവും ഇത്തരം പ്രശ്നങ്ങൾ കുഞ്ഞിനെ പരിചരിക്കുന്നതിൽ നിന്നും മുലപ്പാൽ കൊടുക്കുന്നതിൽ നിന്നും പിൻതിരിപ്പിച്ചേ ക്കാം.
- അമ്മയും കുഞ്ഞുമായുള്ള അടുപ്പം (Bonding) കുഞ്ഞിൻ്റെ തലച്ചോറിൻ്റെ വളർച്ച യിൽ വളരെ പ്രാധാന്യം ഉള്ളതാണ്.
- ഇതിലുള്ള പ്രശ്നങ്ങൾ കുട്ടിയുടെ ശാരീരി കവും മാനസികവും മാത്രമല്ല, ബുദ്ധിപരവുമായ വളർച്ചയേയും പ്രതികൂലമായി ബാധിക്കുന്നു.



കേരളത്തിലെ നല്ല തുടക്കങ്ങൾ മാതൃകകൾ

'അമ്മ മനസ്സ്' - മാതൃ ശിശു മാനസികാരോഗ്യപദ്ധതി

ആർദ്രം മിഷന്റെ കീഴിൽ തുടങ്ങിയിരിക്കുന്ന ഈ പദ്ധതി കേരളത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി നടപ്പാക്കുന്നു. നിലവിലുള്ള ഗർഭിണികളുടെയും, അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും പദ്ധതികളോടൊപ്പം ഇത് നടപ്പാക്കുന്നു. ഗർഭാവസ്ഥയിലും പ്രസവശേഷവും, അമ്മയുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുകയും വേണ്ട ഇടപെടലുകൾ പ്രാഥമിക തലത്തിൽ തന്നെ നടത്തുവാനും വിഭാവനം ചെയ്യുന്നു.

നല്ല ഘടകങ്ങളും മോശം ഘടകങ്ങളും



ഒരു നല്ല വീടിന്
തുല്യം വെക്കാൻ
ലോകത്തൊരു
സ്കൂളുമില്ല. നന്മയുള്ള
മാതാപിതാക്കൾക്ക്
തുല്യം വെക്കാൻ
ലോകത്തൊരു
അദ്ധ്യാപകനുമില്ല.

പോസിറ്റീവ് പാരന്റിംഗ് റ്റിപ്പുകൾ?

കേരളത്തിലെ നല്ല തുടക്കങ്ങൾ മാതൃകകൾ

പാരന്റിംഗ് ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു. ന്യൂട്രിഷൻ ക്ലിനിക്കുകളോടനുബന്ധിച്ചു പ്രവർത്തിക്കുന്ന ഈ ക്ലിനിക്കുകളിൽ ഓരോന്നിലും ആഴ്ചയിൽ ഒരിക്കൽ, പ്രത്യേക പരിശീലനം ലഭിച്ച രണ്ട് കൗൺസിലർമാരുടെ സേവനം ലഭ്യമാണ്. ഘട്ടം ഘട്ടമായി എല്ലാ പഞ്ചായത്തുകളിലും ഈ പ്രവർത്തനങ്ങൾ ലഭ്യമാക്കാനാണ് ശ്രമിക്കുന്നത്.

കേരളത്തിലെ നല്ല തുടക്കങ്ങൾ മാതൃകകൾ

കുട്ടി പോലീസ് (Student Police Cadets - SPC) പദ്ധതി

പോലീസ് ഡിപ്പാർട്ട് മെന്റിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന ഈ പദ്ധതിയിൽ 500 ഓളം സർക്കാർ സ്കൂളുകളിലെ 70,000-80ഉം കുട്ടികൾ പങ്കെടുക്കുന്നു. കുട്ടികളിൽ ആത്മവിശ്വാസവും ഉത്തരവാദിത്വവും വർദ്ധിപ്പിക്കുന്ന ഈ പദ്ധതി നമ്മുടെ ജീവിത സംസ്കാരം പരിശീലനമായി കാണാവുന്നതാണ്.

കേരളത്തിലെ നല്ല തുടക്കങ്ങൾ മാതൃകകൾ

Our Responsibility of Children (ORC)

കേരളത്തിലെ 500-ൽ അധികം സ്കൂളുകളിൽ ORC പദ്ധതി നടപ്പാക്കി വരുന്നു. ICPS (Integrated Child Protection-Scheme) ന് കീഴിലുള്ള ഈ പദ്ധതി വിദ്യാഭ്യാസം, ആരോഗ്യം, പോലീസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്.

സാമൂഹിക പ്രതിസന്ധികൾ (ACE-Adverse Childhood Experience)

- ചെറുപ്രായത്തിൽ കഞ്ഞുങ്ങൾ നേരിടേണ്ടിവരുന്ന സാമൂഹിക പ്രതിസന്ധികൾ ഉ കോവിഡ് കാലം , Child abuse
- കുട്ടികൾ വളർന്ന വലുതാകുമ്പോൾ ഗുരുതരമായ ശാരീരികവും മാനസികവുമായ പ്രശ്ന ങ്ങൾക്ക് വഴി വച്ചേക്കാം
- ഇത് നേരത്തെയുള്ള മരണത്തിനു വരെ കാരണമാകാം

ചെറുപ്പത്തിലേ തുടങ്ങുന്ന വഴി

ശ്രദ്ധിച്ചില്ലെങ്കിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ

മേഖല	പരിണിതഫലം/പ്രശ്നങ്ങൾ
പഠനമികവ്	പ്രതീക്ഷിച്ചതുപോലെ ഉയരാൻ കഴിയുന്നില്ല. പഠനം പൂർത്തിയാക്കാതെ ഇടയ്ക്ക് വച്ച് നിർത്തുന്നു.
ജോലി	ജോലി കിട്ടാൻ ബുദ്ധിമുട്ട്. ഒരു ജോലിയിലും സ്ഥിരമായി തുടരാതിരിക്കുക.
വിവാഹം/കുടുംബം	കുടുംബപ്രശ്നങ്ങളും, വിവാഹ മോചനവും കൂടുതലാകുന്നു.
സാമൂഹിക ജീവിതം	ബന്ധുക്കളിൽ നിന്നും, കൂട്ടുകാരിൽ നിന്നും ഒറ്റപ്പെട്ടു ജീവിക്കേണ്ടി വരുന്നു.

ശ്രദ്ധിച്ചില്ലെങ്കിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ

ശാരീരികാരോഗ്യം	ആശുപത്രിയിൽ അഡ്മിറ്റാകാനും മരണപ്പെടാനും ഉള്ള സാധ്യത കൂടുന്നു (കാരണങ്ങൾ: വാഹനാപകടം, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം, ആത്മഹത്യ, ജീവിത ശൈലീ രോഗങ്ങളുടെ നിയന്ത്രണമില്ലായ്മ)
മാനസികാരോഗ്യം	ഉയർന്ന തോതിലുള്ള മാനസികാരോഗ്യ പ്രശ്നങ്ങൾ.
അക്രമ വാസന	പോലീസ് അറസ്റ്റ് ചെയ്യുക, മദ്യപിച്ച് വാഹനം ഓടിക്കുക.
അടുത്ത തലമുറ	പെരുമാറ്റ പ്രശ്നമുള്ള കുട്ടികൾ ഉണ്ടാകുന്നു.

നമ്മുടെ നാട്ടിലെ പഠനങ്ങൾ

- തിരുവനന്തപുരം ജയിലിൽ പുതിയതായി പ്രവേശിപ്പിച്ച 450 തടവുകാരെ പഠിച്ചപ്പോൾ അവരിൽ മൂന്നിൽ ഒരാൾക്ക് ശ്രദ്ധക്കുറവിന്റെയും അമിത ചലനാത്മകത (ADHD) യുടെയും ലക്ഷണങ്ങൾ കാണുകയുണ്ടായി.
- രണ്ടിൽ ഒരാൾക്ക് മദ്യപാനശീലവും ഉണ്ട്.
- അതിലും ഗൗരവമേറിയ കാര്യം ഇവരിൽ 56% പേർക്കും ചെറിയ പ്രായത്തിൽ ADHD യുടെ ലക്ഷണങ്ങൾ ഉണ്ടായിരുന്നു എന്നതാണ്.
- സമയത്ത്, വീട്ടിലും സ്കൂളുകളിലും വേണ്ട ഇടപെടലുകൾ നടത്തിയിരുന്നെങ്കിൽ ഒരു പക്ഷേ ഈ ജയിലിൽ എത്തേണ്ട അവസ്ഥ തന്നെ ഒഴിവാക്കാമായിരുന്നു.

ചിരി (CHIRI), കുട്ടി ഹെൽപ് ഡസ്ക്

കോവിഡ് കാലത്തെ കുട്ടികളുടെ പ്രശ്നങ്ങൾ കുട്ടികളിലൂടെ (Peer mentoring) തന്നെ പരിഹരിക്കാനും, കൂടുതൽ സഹായം വേണ്ടവരെ റെഫർ ചെയ്യാനും ഈ പരിപാടിയിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ലൈൻ (9497900200) സഹായങ്ങൾക്കായി വിളിക്കാവുന്നതാണ്. ആത്മഹത്യ പ്രവണതയ്ക്കെതിരെയും, മൊബൈൽ/ഗെയിം അഡിക്ഷന് എതിരെയും പ്രത്യേക പരിശീലനങ്ങൾ ഇതിൽ പ്രവർത്തിക്കുന്നവർക്ക് നൽകുന്നു. പ്രത്യേകം പരിശീലനം ലഭിച്ച കൗൺസിലർമാരുടെയും, സൈക്കോളജിസ്റ്റുകളുടെയും, സൈക്യാട്രിസ്റ്റുകളുടെയും സേവനം ഇതിലൂടെ തേടാവുന്നതാണ്.

Chiri help line:
94979 00200

All Police Commissionerates
Tvpm City ,
Kollam City ,
Cochin City ,
Thrissur City ,
Kozhikode City
& Kannur City

Chiri help line:
94979 00200

Digital De ADdiction centers in 6 Districts

D-DAD DIGITAL DE-ADDICTION CENTRE

INITIATIVE OF SOCIAL POLICING DIVISION OF KERALA POLICE

MANASA

- മാനസികമായും ന്യൂറോളജി സംബന്ധമായും ബുദ്ധിമുട്ടുന്ന രോഗികളുടെ സ്വയം സഹായ അസോസിയേഷൻ-1999
- "ആരോഗ്യമുള്ള മനസ്സും കുടുംബവും സമൂഹവും"

മാനസ MANASA

കരിയർ ഗൈഡൻസ് ആന്റ് അഡോളസന്റ് കൗൺസലിംഗ് (CGAC)

ഹയർ സെക്കന്ററി കുട്ടികൾക്കു വേണ്ടി വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതി. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം നൽകുന്നു. ഇതിനു കീഴിൽ സ്കൂളുകളിൽ 'സൗഹൃദ ക്ലബ്ബുകൾ' സജീവമാണ്.

ജീവനി- കോളേജ് വിദ്യാർത്ഥികൾക്ക്

ജീവനി

സംസ്ഥാനത്തെ 53 ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ വിദ്യാർത്ഥികൾക്കായുള്ള പദ്ധതി. എല്ലാ കോളേജുകളിലും പരിശീലനം ലഭിച്ച കൗൺസിലർമാരിലൂടെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നു.

കേരളത്തിലെ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ- 2019



പ്രത്യേക സംരക്ഷണം വേണ്ട കുട്ടികൾ (CNCP-Child in Need of Care Protection)

- സംസ്ഥാനത്തെ ബാലസംരക്ഷണ ഹോമുകളിൽ (Childrens Home) കഴിയുന്ന കുട്ടികളിൽ മൂന്നിൽ ഒരാൾക്ക് മാനസികാ രോഗ്യപ്രശ്നങ്ങൾ ഉണ്ട്
- ഇത്തരം സ്ഥാപനങ്ങളിൽ ആയിരക്കണക്കിന് കുട്ടികൾ താമസിക്കുന്നു.
- കൂടുതൽ നാൾ സ്ഥാപനങ്ങളിൽ നിൽക്കുന്തോറും കൂടുതൽ പ്രശ്നങ്ങളുണ്ടാകുന്നു
- പ്രത്യേക സംരക്ഷണം വേണ്ട കുട്ടികൾക്ക് അവ തക്കസമയത്ത് നൽകുകയാണെങ്കിൽ അവർ ഭാവിയിൽ നിയമ ലംഘനങ്ങളിൽ പെടുന്ന കുട്ടികളാകുന്നത് (CCL Child in Conflict with Law) തടയാനാവും

SMART- 'I'

സംസ്ഥാനത്തെ പ്രത്യേക പരിഗണനയും ശ്രദ്ധയും വേണ്ട കുട്ടികൾ താമസിക്കുന്ന സ്ഥാപനങ്ങൾക്കു വേണ്ടി ORC യുടെ സഹായത്തോടെ രൂപപ്പെടുത്തിയ പരിപാടിയാണ് ഇത്. Life Skill അധികരിച്ചുള്ള മൂന്നു ദിവസത്തെ ക്യാമ്പും ഒരു വർഷം നീണ്ടുനിൽക്കുന്ന തുടർപ്രവർത്തനങ്ങളും ഇതിൽ പെടുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എൻ.എസ്സ്.എസ്സ് യൂണിറ്റിലെ മെഡിക്കൽ വിദ്യാർത്ഥികളും നേഴ്സിംഗ് വിദ്യാർത്ഥികളും തിരുവനന്തപുരത്തെ ഈ പ്രവർത്തനങ്ങളിൽ ചേർന്നു പ്രവർത്തിക്കുന്നു.

ബോർഡിൽ എത്തുന്ന കുട്ടികൾ വീണ്ടും പ്രശ്നങ്ങളിൽപ്പെടാതിരിക്കാൻ വേണ്ടിയാണ് 'കാവൽ' പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ഈ കുട്ടികൾക്ക് അവരുടെ വീടിലും സമൂഹത്തിലും തുടർന്നുള്ള സഹായങ്ങളും നിരീക്ഷണവും ഉറപ്പാക്കുകയാണ് 'കാവലി'ലൂടെ ചെയ്യുന്നത്. ഇതേ പോലെ തന്നെ പ്രത്യേക ശ്രദ്ധയും പരിചരണവും വേണ്ട കുട്ടികളുടെയും, POCSO കേസുകളിൽ ഉൾപ്പെട്ട പെൺകുട്ടികളുടെയും പരിചരണം സമൂഹത്തിൽ തന്നെ ഉറപ്പാക്കുന്നതിനാണ് 'കാവൽ പ്ലസ്' തുടങ്ങിയിരിക്കുന്നത്. തിരുവനന്തപുരം ഉൾപ്പെടെ 7 ജില്ലകളിൽ സാമൂഹിക ക്ഷേമവകുപ്പിനു കീഴിൽ 'കാവൽ പ്ലസ്' പദ്ധതിയും, എല്ലാ ജില്ലകളിലും 'കാവൽ' പദ്ധതി തുടങ്ങിയിട്ടുണ്ട്.

HOPE

പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും പരാജയപ്പെട്ട കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി പരീക്ഷ പാസ്സാകാൻ സഹായിക്കുകയും, ജീവിതത്തിലേക്ക് തിരികെ കൊണ്ടു വരികയും ചെയ്യുന്ന പദ്ധതിയാണിത്. ORC, SPC, CHIRI എന്നീ പദ്ധതികൾ പോലെ പോലീസ് ഡിപ്പാർട്ടുമെന്റാണ് ഇതിനു നേതൃത്വം കൊടുക്കുന്നത്. മയക്കുമരുന്ന് ഉപയോഗത്തിലേക്കും കുറ്റകൃത്യങ്ങളിലേക്കും മറ്റ് പ്രശ്നങ്ങളിലേക്കും കുട്ടികൾ വഴുതിപ്പോകാതിരിക്കാൻ ഇത്തരം പ്രവർത്തനങ്ങൾ വഴിക്കുന്ന പങ്ക് വളരെ വലുതാണ്.

ഭിന്നശേഷിക്കാരായ കുട്ടികൾ
• നാഷണൽ ട്രസ്റ്റ് ആക്ട് 1999
• RPWD നിയമം 2016
• സമഗ്ര ശിക്ഷാകേരളം
• ഭിന്നശേഷിക്കാർക്കുള്ള സംയോജിത വിദ്യാഭ്യാസം (IED)
• ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ -168 ഓട്ടി കേന്ദ്രങ്ങൾ
• 1484 പ്രത്യേക പരിചരണ കേന്ദ്രങ്ങൾ
• ബഡ്സ് സ്കൂൾ
• ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾ
• ആശ്വാസകിരണം പദ്ധതി

Engaging untrained ASHAs opposed
ആശ്വാസം
വിഷാദം: നമുക്ക് സംസാരിക്കാം


Primary care Screening Questionnaire for Depression (PSQ4D) *
പ്രാഥമികാരോഗ്യ തലത്തിൽ വിഷാദരോഗം കണ്ടെത്താനുള്ള ചോദ്യാവലി (PSQ4D)*
1. മനസ്സിന് സങ്കടവും വിഷാദവും കഴിഞ്ഞ രണ്ടാഴ്ചയിലധികമായി തുടർച്ചയായി അനുഭവപ്പെടുന്നുണ്ടോ?
ഉണ്ട് ഇല്ല
2. കാര്യങ്ങൾ ചെയ്യാൻ താൽപര്യക്കുറവും ഉത്സാഹക്കുറവും കഴിഞ്ഞ രണ്ടാഴ്ചയിലധികമായി തുടർച്ചയായി നിഷ്പ്രയോജനമായി തോന്നുന്നുണ്ടോ?
ഉണ്ട് ഇല്ല
3. അമിതമായ ക്ഷീണവും തളർച്ചയും കഴിഞ്ഞ രണ്ടാഴ്ചയിലധികമായി തുടർച്ചയായി അനുഭവപ്പെടുന്നുണ്ടോ?
ഉണ്ട് ഇല്ല
4. ഉറക്കക്കുറവ് കഴിഞ്ഞ രണ്ടാഴ്ചയിലധികമായി തുടർച്ചയായി നിഷ്പ്രയോജനമായി തോന്നുന്നുണ്ടോ?
ഉണ്ട് ഇല്ല
മൂന്നോ അതിലധികമോ ചോദ്യങ്ങൾക്കു ഉണ്ട് എന്നാണ് ഉത്തരമെങ്കിൽ വിഷാദരോഗം ആകാൻ സാധ്യതയുണ്ട്. സമ്മതിക്കുന്നതിനായി ഡോക്ടറെ സമീപിക്കുക. രണ്ടു ചോദ്യങ്ങൾക്കു ഉണ്ട് എന്നാണെങ്കിലും ശ്രദ്ധിക്കണം.
*Indo PS, Anilkumar TV, Philomoly R, Rowell PS, Raju D, Sunu PS, Remadevi S, Annu KL, Shankaran A, Andrade C. Primary care Screening Questionnaire for Depression (PSQ4D): reliability and validity of a new four item tool. British Journal of Psychiatry open 2017, 3, 91-95. doi: 10.1192/bjpo.bp.116.003655

NCD സ്ക്രീനിങ്ങിന്റെ ഭാഗമായി ഡിപ്രഷൻ സ്ക്രീനിംഗ് -SHALI
ജനസംഖ്യാടിസ്ഥാനത്തിലുള്ള NCD സ്ക്രീനിംഗ് -ആശ പ്രവർത്തകർ
17360285
15012902
2753970
895610
40912
776783
95998
111925
434705
1626322
1316013
617109
106595
187442
4525714

KASARGOD
KANNUR
WAYANAD
KOZHIKODE
MALAPPURAM
THRISSUR
PALAKKAD
ERNAKULAM
IDUKKI
KOTTAYAM
PATHANAMTHITTA
ALAPPUZHA
KOLLAM
THIRUVANANTHAPURAM
ജില്ലാ മാനസികാരോഗ്യ പരിപാടി (DMHP)

നമുക്ക് എന്തു ചെയ്യാൻ കഴിയും?
• ശരീരത്തിന്റെ ആരോഗ്യത്തിന് നാം കൊടുക്കുന്ന പ്രാധാന്യം പോലെ തന്നെ പ്രാധാ മാനസികാരോഗ്യത്തിനും നൽകണം
• ഗർഭകാലം മുതൽ തന്നെ കുഞ്ഞിന്റെ വളർച്ചയിൽ അനുയോജ്യമായ സാഹചര്യങ്ങ ഉണ്ടാക്കാൻ ശ്രദ്ധിക്കണം.
• കുട്ടിയുടെ വളർച്ചയുടെ നല്ല ഘടകങ്ങൾ വർദ്ധിപ്പിക്കുകയും മോശമായവ കുറയ്ക്കുക വേണം
• കുഞ്ഞിന്റെ വളർച്ചയുടെ ഓരോ ഘട്ടത്തിലും നിരന്തരമായ വിലയിരുത്തലുകൾ വേ
• ഇവ കൃത്യമായി രേഖപ്പെടുത്തുന്ന ഡയറി ഓരോ കുട്ടിയ്ക്കും ഉണ്ടായിരിക്കണം.

നമുക്ക് എന്തു ചെയ്യാൻ കഴിയും?
ഏതെങ്കിലും തരത്തിലുള്ള അപായ സൂചനകൾ കണ്ടാൽ വേണ്ട നിർദ്ദേശങ്ങൾ ര
കർത്താക്കൾക്ക് ലഭ്യമാക്കണം.
'പോസിറ്റീവ് പാരന്റിംഗ്' ഓരോ വീട്ടിലും നടക്കണം എന്ന് ഉറപ്പാക്കണം.
സ്കൂളുകളിലും കോളേജുകളിലും കുട്ടികളുടെ ചെറുപ്പക്കാരുടെ ശാരീരികവും,
മാനസികവും, ബൗദ്ധികവുമായ വളർച്ചയ്ക്കാവശ്യമായ അനുകൂല സാഹചര്യങ്ങൾ
ഒരുക്കാൻ വേണ്ട ഇടപെടലുകൾ നടത്താൻ ഓരോ അദ്ധ്യാപകനും കഴിയണം
ജീവിത നിപുണത (Life skills) പാഠ്യ പദ്ധതിയുടെ ഭാഗമാക്കണം.
ഇതുവഴി പഠനം മെച്ചപ്പെടുന്നതിനും സ്വന്തം കഴിവുകൾ മനസ്സിലാക്കി വിജയിക്കുവാ
സന്തോഷത്തോടെ ജീവിക്കാനും കുട്ടികൾക്ക് സാധിക്കും.


നമുക്ക് എന്തു ചെയ്യാൻ കഴിയും?
മാനസികാരോഗ്യരംഗത്തു പ്രവർത്തിക്കുന്നവർ ആശുപത്രിയുടെയും,
കൺസൾ ട്ടേഷൻ റൂമിന്റെയും നാലുചുമരുകൾക്ക് പുറത്ത് വന്ന്
സാമൂഹികമായ ഇടപെടലുകൾക്ക് നേതൃത്വം കൊടുക്കണം.
ഓരോ വ്യക്തിയും, കുടുംബവും, സമൂഹവും മാനസികാരോഗ്യം
സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കണം.
ഇത്തരം പ്രവർ ത്തനങ്ങൾ കുറഞ്ഞ ചിലവിൽ കൂടുതൽ പേരിൽ
എത്തിക്കാൻ സാധിക്കും(WHO)

നന്ദി

സെഷൻ– 5

വൾറബിലിറ്റി തിരിച്ചറിയലും ഇടപെടൽ സാധ്യതകളും

ലക്ഷ്യങ്ങൾ–

- വൾനറബിലിറ്റി സാഹചര്യങ്ങൾ ബോധ്യപ്പെടുത്തുക
- ഇത്തരം പ്രത്യേക പരിരക്ഷ ആവശ്യമുള്ള കുട്ടികളുടെയും പ്രദേശങ്ങളുടെയും വിവരശേഖരണ മാർഗ്ഗങ്ങൾ അവതരിപിക്കുക.
- വൾനറബിലിറ്റി സാഹചര്യ വിശകലന മാർഗ്ഗങ്ങൾ ബോധ്യപ്പെടുത്തുക.
- പ്രവർത്തനാസൂത്രണങ്ങൾക്ക് വ്യക്തത വരുത്തുക

സമയം – 45 മിനിട്ട്

വേദി – പൊതുവേദി

ഉള്ളടക്കവും പഠനരീതിയും

നം	ഉള്ളടക്കം	സമയം (മിനിറ്റ്	രീതി	ഉപാധി
1.	വൾനറബിലിറ്റി – വിശദീകരണം	5	ബ്രെയിൻസ്റ്റോം പങ്കാളിത്ത അവതരണം	എൽസിഡി, സ്ലൈഡ്
2.	വൾനറബിലിറ്റി – വിവരശേഖരണ മാർഗ്ഗങ്ങൾ, സാഹചര്യ വിശകലന സർവ്വേ	20	അവതരണം	എൽസിഡി സ്ലൈഡ്
3.	പ്രവർത്തനാസൂത്രണം, കർമ്മപദ്ധതി	15	അവതരണം	സ്ലൈഡ്,
4	സംശയനിവാരണം	5	ചർച്ച	PPT

അവതരണ കുറിപ്പ്:

- ഗ്രാമപ്രദേശങ്ങളിലെ വൾനറബിൾ സാധ്യതകളെക്കുറിച്ചുള്ള ചർച്ചയോടെ ക്ലാസ് ആരംഭിക്കുക
- പൊതുവായ പ്രശ്നങ്ങൾ ചിട്ടപ്പെടുത്തുക
- സാഹചര്യങ്ങളും അവയിലേക്കു നയിക്കുന്ന ഘടകങ്ങളും ബോധ്യപ്പെടുത്തിയ ശേഷം വിവരശേഖരണ മാർഗ്ഗങ്ങൾ അവതരിപ്പിക്കുക

- ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സാഹചര്യങ്ങൾ വിലയിരുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ പരിചയപ്പെടുത്തുക
- വ്യത്യസ്തമായ ആശയരൂപീകരണത്തിലൂടെ പദ്ധതികൾ തയ്യാറാക്കുന്നതിന്റെ പ്രാധാന്യം അവതരിപ്പിക്കുക
- പ്രാദേശിക സർക്കാരുകളുടെ സാധ്യതകളും പ്രാധാന്യവും വിവരിക്കുക
- വൾനറബിലിറ്റി അസ്സസ്സ്മെന്റ് ഫോർമാറ്റ് ആഡ് ചെയ്യുക
- വൾനറബിലിറ്റി തിരിച്ചറിയലും ഇടപെടൽ സാധ്യതകളും

സ്നേഹവും, സന്തോഷവും നിറഞ്ഞ സുരക്ഷിതമായ അന്തരീക്ഷത്തിലുള്ള ഓരോ കുട്ടികളുടെയും വളർച്ചയാണ് കുട്ടികളുടെ അവകാശ ഉടമ്പടിയും വിവിധ നിയമങ്ങളും വിഭാവനം ചെയ്യുന്നത്. ആയതിലേക്കു രാജ്യവും സംസ്ഥാനവും വിവിധങ്ങളായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുമുണ്ട്. എന്നിരുന്നാലും ഇന്നും കുട്ടികൾ വിവിധ തരത്തിലുള്ള വൾനറബിളായ സാഹചര്യങ്ങൾ ദിനംപ്രതി അനുഭവിക്കുന്നു. ദുർബ്ബലവും, പരിതാപകാരവും, ഹീനകരവുമായ ഏതൊരു സാഹചര്യത്തെയും വൾനറബിൾ എന്ന് വിശേഷിപ്പിക്കാവുന്നതാണ്. ഇത്തരം വൾനറബിലിറ്റികൾ അനുഭവിക്കുന്നതിലൂടെ കുട്ടികളുടെ ശാരീരികവും, മാനസികവും, വൈകാരികവും, സാമൂഹികവുമായ ക്ഷേമത്തെയും പുരോഗതിയെയും തടസപ്പെടുത്തുകയും ചെയ്യപ്പെടുന്നു. വൾനറബിളായ സാഹചര്യങ്ങൾ ഏതൊക്കെയാണ് എന്ന് മുൻകൂട്ടി തിരിച്ചറിയുകയും അവയെ ഫലപ്രദമായി നേരിടുവാൻ കുട്ടികളെയും കുടുംബങ്ങളെയും സമൂഹത്തെയും പ്രാപ്തമാക്കുക എന്നതുമാണ് ആദ്യപടിയായി ചെയ്യുവാൻ സാധിക്കുന്നത്. ചൈൽഡ് വെൽഫെയർ ആൻറ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നതും ഇതിനാണ്.

ചൈൽഡ് റിസോഴ്സ് സെന്ററുകൾ പഞ്ചായത്തു തലത്തിൽ ഇത്തരം വിഷയമേഖലകളുടെ അവസ്ഥ പഠനവും ഗവേഷണവും നടത്തുകയും തുടർപ്രവർത്തനങ്ങൾക്കു വേണ്ട സാങ്കേതികമായ സഹായങ്ങൾ നൽകണം. ചൈൽഡ് അഡ്വൈസറി ബോർഡ് പഞ്ചായത്ത് തല പ്രവർത്തനങ്ങൾക്ക് വേണ്ട ദിശാബോധം നൽകുന്നതിനൊപ്പം പദ്ധതി ആസൂത്രണത്തിനും നടത്തിപ്പിനും വേണ്ട ക്രിയാത്മകമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യും. ഈ മൂന്നു സംവിധാനങ്ങളും ഏകോപിച്ചു പ്രവർത്തിക്കുന്നതിനൊപ്പം വിവിധ വകുപ്പുകളുടെ താഴെത്തട്ടിലുള്ള ഇടപെടലുകളാൽ വൾനറബിൾ സാഹചര്യങ്ങൾ അനുഭവിക്കുന്ന കുട്ടികളുടെ എണ്ണം കുറയ്ക്കുവാനും ഒഴിവാക്കുവാനും സാധിക്കും. ഏകോപിതമായ പ്രവർത്തനങ്ങളിലൂടെ വിവിധതരത്തിലുള്ള ഇടപെടലുകളും, പിന്തുണ സംവിധാനങ്ങളും, നയങ്ങളും, പദ്ധതികളും പ്രാദേശിക സർക്കാരുകൾക്കു വിഭാവനം ചെയ്യുവാൻ സാധിക്കുന്നതിലൂടെ കുട്ടികൾ അഭിമുഖീകരിക്കുവാൻ സാധ്യതയുള്ള അപകടസാധ്യതകൾ ലഘൂകരിക്കപ്പെടും. വൾനറബിളായ സാഹചര്യങ്ങൾ പ്രതിരോധിക്കുവാനും ഒഴിവാക്കുവാനും സർക്കാർ സംവിധാനങ്ങളോടൊപ്പം സന്നദ്ധ സംഘടനകളും, പൊതു സമൂഹവും, കുടുംബങ്ങളും, വ്യക്തികളും കൈകോർക്കേണ്ടതുണ്ട്. കുട്ടികളുടെ ക്ഷേമത്തെയും വികസനനത്തെയും ബാധിക്കുന്ന വിവിധ തരത്തിലുള്ള വൾനറബിലിറ്റികൾ ചുവടെ വിശേഷിപ്പിക്കുന്നു.

ശാരീരികമായ വൾനറബിലിട്ടികൾ	വൈകല്യങ്ങൾ, വിട്ടുമാറാത്ത രോഗങ്ങൾ, പോഷകാഹാരക്കുറവ്, ആരോഗ്യപരിരക്ഷ ലഭ്യമല്ലാത്ത അവസ്ഥ, എന്നിവ ഇതിൽ ഉൾപ്പെടുന്നു. ശാരീരികമായ വൾനറബിലിട്ടികൾ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിചരണവും പിന്തുണയും ആവശ്യമെങ്കിൽ വൈദ്യസഹായവും ലഭ്യമാക്കണം.
വൈകാരികവും മാനസികവുമായ വൾനറബിലിട്ടികൾ	ദുരുപയോഗം, അവഗണന, വിവിധ തരത്തിലുള്ള ആഘാതങ്ങൾ, ഉറ്റവരുടെ വേർപാട്, അക്രമം, ഭീഷണിപ്പെടുത്തൽ, അല്ലെങ്കിൽ മാനസികാരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയ വിവിധ ഘടകങ്ങൾ കാരണം കുട്ടികൾ വൈകാരികമോ മാനസികമോ ആയ വൾനറബിലിട്ടികൾ അനുഭവിച്ചേക്കാം. ഇത്തരം പ്രശ്നങ്ങൾ അവരുടെ മാനസിക ക്ഷേമത്തെയും സമ്മർദ്ദങ്ങളെ നേരിടാനുള്ള കഴിവിനെയും ഗുരുതരമായ തരത്തിൽ ബാധിക്കും.
സാമൂഹികമായ വൾനറബിലിട്ടികൾ	ദാരിദ്ര്യം, അനാഥത്വം, ഭവനരഹിതമായ സാഹചര്യം, കുടിയിറക്ക് ഭീഷണികൾ, വിവേചനം, അല്ലെങ്കിൽ പാർശ്വവൽക്കരിക്കപ്പെട്ടതോ പിന്നാക്കം നിൽക്കുന്നതോ ആയ സാഹചര്യത്തിൽ നിന്ന് സാമൂഹിക വൾനറബിലിട്ടികൾ ഉണ്ടാകാം. ഈ സാഹചര്യങ്ങൾ വിദ്യാഭ്യാസം, ആരോഗ്യം, ശരിയായ പോഷകാഹാരം, വളർച്ചയ്ക്കും വികസനത്തിനുമുള്ള അവകാശത്തെ പ്രതികൂലമായി ബാധിക്കാം.
വിദ്യാഭ്യാസപരമായ വൾനറബിലിട്ടികൾ	ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിക്കൽ, പഠന വൈകല്യങ്ങൾ, ഭാഷാ തടസ്സങ്ങൾ, സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോക്ക് തുടങ്ങിയ ഘടകങ്ങൾ കാരണം കുട്ടികൾ വിദ്യാഭ്യാസപരമായ വൾനറബിലിട്ടികൾ അഭിമുഖീകരിച്ചേക്കാം. കുട്ടികളുടെ അക്കാദമിക പുരോഗതിയെ ബാധിക്കുന്നതുമുതൽ ഭാവി ജീവിതത്തെ വരെ പ്രതികൂലമായി സ്വാധീനിക്കുന്നു.
പാരിസ്ഥിതികമാ	സുരക്ഷിതമല്ലാത്തതോ അപകടകരമോ ആയ ചുറ്റുപാടുകൾ, പ്രകൃതി ദുരന്തങ്ങൾ, പരിസ്ഥിതിലോല പ്രദേശങ്ങൾ, സംഘർഷ മേഖലകൾ, കുറ്റകൃത്യങ്ങൾ കൂടുതലുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിലെ കുട്ടികൾക്ക് പാരിസ്ഥിതിക വൾനറബിലിറ്റികൾ ഉണ്ടാക്കും. ഈ സാഹചര്യങ്ങൾ അവരുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും ഭീഷണിയായേക്കാം.
സാമ്പത്തികമായ വൾനറബിലിറ്റികൾ	സാമ്പത്തികമായി അസ്ഥിരമായ വീടുകളിലോ ദരിദ്രപ്രദേശങ്ങളിലോ സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്ന ഇടങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ നിഷേധിക്കപെടാം. സാമ്പത്തിക പരാധീനതകൾ കുട്ടികളുടെ മൊത്തത്തിലുള്ള വളർച്ചയെ സാരമായി ബാധിക്കും.
സാങ്കേതികമായ വൾനറബിലിറ്റികൾ	ഈ ഡിജിറ്റൽ യുഗത്തിൽ, കുട്ടികൾ ഓൺലൈൻ അപകടസാധ്യതകൾ, സൈബർ ഭീഷണികൾ, അനുചിതമായ ഇന്റർനെറ്റ്ഉള്ളടക്കത്തോടുള്ള സമ്പർക്കം, സോഷ്യൽ മീഡിയയിലൂടെയും മറ്റ് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെയുള്ള ചൂഷണത്തിനും ഇരയാകുന്നു.

ഇടപെടൽ സാധ്യതകൾ

പ്രാദേശിക സർക്കാരുകളുടെ കീഴിൽ എല്ലാ സംവിധാനങ്ങൾക്കും കുട്ടികളുടെ വൾനറബിലിറ്റികൾ ലഘൂകരിക്കുന്നതിനും തടയുന്നതിനും ഫലപ്രദമായി ഇടപെടുവാൻ സാധിക്കും. വൾനറബിളായ സാഹചര്യങ്ങൾ മുൻകൂട്ടിക്കണ്ട് അവ ഒഴിവാക്കുക എന്നതാണ് ഏറ്റവും അനുയോജ്യമായ പ്രവർത്തനം. അതിലേക്കായി അതാതു പ്രദേശങ്ങളുടെ പൊതു സ്വഭാവവും കാലങ്ങളായുള്ള മനോഭാവവും ശൈലികളും മനസിലാക്കേണ്ടതുണ്ട്. അവസ്ഥ പഠനങ്ങളും ഗവേഷണങ്ങളും നടത്തുന്നതിലൂടെ പൊതുസ്വഭാവത്തെകുറിച്ച ധാരണ രൂപീകരിക്കുവാൻ സാധിക്കും. തുടർന്ന് വൾനറബിലിറ്റികൾ മുൻകൂട്ടി മനസിലാക്കുന്നതിനും ലഘൂകരിക്കുന്നതിനും തടയുന്നതിനും ഉള്ള പ്രവർത്തനം ആസൂത്രണം ചെയ്യേണ്ടതുണ്ട്. വൾനറബിലിറ്റികൾ തടയുന്നതിനുള്ള ചില പ്രവർത്തനങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.

- ബോധനപ്രവർത്തനങ്ങൾ
- ആരോഗ്യസേവനം ഉറപ്പാക്കൽ
- ബാലസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കൽ
- സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉറപ്പാക്കൽ
- സാമൂഹിക സുരക്ഷാ സംവിധാനങ്ങൾ സജ്ജമാക്കൽ
- നൈപുണ്യ വികസനം
- നിയമബോധനവും പിന്തുണയും

ഓരോ പ്രദേശത്തിന്റെ പ്രത്യേകതകൾ അനുസരിച്ച വിവിധങ്ങളായ വൾനറബിലിട്ടികൾ ഉണ്ടായേക്കാം. അവയ്ക്കനുയോജ്യമായ പ്രവർത്തനങ്ങൾ ചൈൽഡ് വെൽഫെയർ ആൻറ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ, ചൈൽഡ് റിസോഴ്സ് സെന്ററുകൾ എന്നിവർക്ക് വിഭാവനം ചെയ്തു നടപ്പിലാക്കാവുന്നതാണ്. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപെടുവാൻ സാധ്യമായ എല്ലാ ഇടപെടലുകളും സംയോജന പ്രവർത്തനങ്ങളിലൂടെ നിർവഹിക്കേണ്ടതാണ്.

വൾണറബിലിറ്റി തിരിച്ചറിയലും
ഇടപെടൽ സാധ്യതകളും
KERALA INSTITUTE OF LOCAL ADMINISTRATION

Abc
1+3
സ്നേഹവും, സന്തോഷവും നിറഞ്ഞ സുരക്ഷിതമായ അന്തരീക്ഷത്തിലുള്ള ഓരോ കുട്ടികളുടെയും വളർച്ചയാണ് കുട്ടികളുടെ അവകാശ ഉടമ്പടിയും വിവിധ നിയമങ്ങളും വിഭാവനം ചെയ്യുന്നത്
ഇന്നും കുട്ടികൾ വിവിധ തരത്തിലുള്ള വൾനറബിളായ സാഹചര്യങ്ങൾ ദിനംപ്രതി അനുഭവിക്കുന്നു.
ദുർബ്ബലവും, പരിതാപകാരവും, ഹീനകരവുമായ ഏതൊരു സാഹചര്യത്തെയും വൾനറബിൾ എന്ന് വിശേഷിപ്പിക്കാവുന്നതാണ്.

വൾണറബിളായ സാഹചര്യങ്ങൾ ഏതൊക്കെയാണ് എന്ന് മുൻകൂട്ടി തിരിച്ചറിയുകയും അവയെ ഫലപ്രദമായി നേരിടുവാൻ കുട്ടികളെയും കുടുംബങ്ങളെയും സമൂഹത്തെയും പ്രാപ്തമാക്കുക എന്നതുമാണ് ആദ്യപടിയായി ചെയ്യുവാൻ സാധിക്കുന്നത്. ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നതും ഇതിനാണ്

വൾണറബിലിറ്റികൾ
1. ശാരീരികമായ വൾണറബിലിറ്റികൾ
2. വൈകാരികവും മാനസികവുമായ വൾണറബിലിറ്റികൾ
3. സാമൂഹികമായ വൾണറബിലിറ്റികൾ- Gender
4. വിദ്യാഭ്യാസപരമായ വൾണറബിലിറ്റികൾ
5. പാരിസ്ഥിതികമായ വൾണറബിലിറ്റികൾ
6. സാമ്പത്തികമായ വൾണറബിലിറ്റികൾ
7. സാങ്കേതികമായ വൾണറബിലിറ്റികൾ

ശാരീരികമായ വൾണറബിലിറ്റികൾ
വൈകല്യങ്ങൾ, വിട്ടുമാറാത്ത രോഗങ്ങൾ, പോഷകാഹാരക്കുറവ്, ആരോഗ്യപരിരക്ഷ ലഭ്യമല്ലാത്ത അവസ്ഥ, എന്നിവ ഇതിൽ ഉൾപ്പെടുന്നു.
ശാരീരികമായ വൾണറബിലിറ്റികൾ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിചരണവും പിന്തുണയും ആവശ്യമെങ്കിൽ വൈദ്യസഹായവും ലഭ്യമാക്കണം.

Abc
1+3
വൈകാരികവും മാനസികവുമായ വൾണറബിലിറ്റികൾ
ദുരുപയോഗം, അവഗണന, വിവിധ തരത്തിലുള്ള ആഘാതങ്ങൾ, ഉറ്റവരുടെ വേർപാട്, അക്രമം ഭീഷണിപ്പെടുത്തൽ, അല്ലെങ്കിൽ മാനസികാരോഗ്യ പ്രശ്നങ്ങൾ ഇടങ്ങിയ വിവിധ ഘടകങ്ങൾ കാരണം കുട്ടികൾ വൈകാരികമോ മാനസികമോ ആയ വൾണറബിലിറ്റികൾ അനുഭവിച്ചേക്കാം.
ഇത്തരം പ്രശ്നങ്ങൾ അവരുടെ മാനസിക ക്ഷേമത്തെയും സമ്മർദ്ദങ്ങളെ നേരിടാനുള്ള കഴിവിനെയും ഗുരുതരമായ തരത്തിൽ ബാധിക്കും.

സാമൂഹികമായ
വൾണറബിലിറ്റികൾ
ദാരിദ്ര്യ, അനാഥത്വം, ഭവനരഹിതമായ സാഹചര്യ, കടിയിറക്ക് ഭീഷണികൾ, വിവേചനം, അല്ലെങ്കിൽ പാർശ്വവൽക്കരിക്കപ്പെട്ടതോ പിന്നാക്കം നിൽക്കുന്നതോ ആയ സാഹചര്യത്തിൽ നിന്ന് സാമൂഹിക വൾണറബിലിറ്റികൾ ഉണ്ടാകാം.
ഈ സാഹചര്യങ്ങൾ വിദ്യാഭ്യാസം, ആരോഗ്യം, ശരിയാ
പോഷകാഹാരം, വളർച്ചയും വികസനത്തിനുമുള്ള അവകാശത്തെ പ്രതികൂലമായി ബാധിക്കാം.

വിദ്യാഭ്യാസപരമായ
വൾണറബിലിറ്റികൾ
ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിക്കൽ, പഠന വൈകല്യങ്ങൾ, ഭാഷാ തടസ്സങ്ങൾ, സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോക് തുടങ്ങിയ ഘടകങ്ങൾ കാരണം കുട്ടികൾ വിദ്യാഭ്യാസപരമായ വൾണറബിലിറ്റികൾ അഭിമുഖീകരിച്ചേക്കാം.
കുട്ടികളുടെ അക്കാദമിക പുരോഗതിയെ ബാധിക്കുന്നതുമുതൽ ഭാവി ജീവിതത്തെ വരെ പ്രതികൂലമായി സ്വാധീനിക്കുന്നു.

പാരിസ്ഥിതികമായ വൾണറബിലിറ്റികൾ
സുരക്ഷിതമല്ലാത്തതോ അപകടകരമോ ആയ ചുറ്റുപാടുകൾ, പ്രകൃതി ദുരന്തങ്ങൾ, പരിസ്ഥിതിലോല പ്രദേശങ്ങൾ, സംഘർഷ മേഖലകൾ, കുറ്റകൃത്യങ്ങൾ കൂടുതലുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിലെ കുട്ടികൾക്ക് പാരിസ്ഥിതിക വൾണറബിലിറ്റികൾ ഉണ്ടാകും. ഈ സാഹചര്യങ്ങൾ അവരുടെ സുരക്ഷയും ക്ഷേമത്തിനും ഭീഷണിയായേക്കാം.

സാമ്പത്തികമായ വൾണറബിലിറ്റികൾ
സാമ്പത്തികമായി അസ്ഥിരമായ വീടുകളിലോ ദരിദ്രപ്രദേശങ്ങളിലോ സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്ന ഇടങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ നിഷേധിക്കപെടാം. സാമ്പത്തിക പരാധീനതകൾ കുട്ടികളുടെ മൊത്തത്തിലുള്ള വളർച്ചയെ സാരമായി ബാധിക്കും.

സാങ്കേതികമായ വൾണറബിലിറ്റികൾ
ഡിജിറ്റൽ യുഗത്തിൽ, കുട്ടികൾ ഓൺലൈൻ അപകടസാധ്യതകൾ, സൈബർ ഭീഷണികൾ, അനുചിതമായ ഇന്റർനെറ്റുള്ളടക്കത്തോടുള്ള സമ്പർക്കം, സോഷ്യൽ മീഡിയയിലൂടെയും മറ്റ് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെയുള്ള ചൂഷണത്തിനും ഇരയാകുന്നു

ഇടപെടൽ സാധ്യതകൾ
ബോധനപ്രവർത്തനങ്ങൾ
ആരോഗ്യസേവനം ഉറപ്പാക്കൽ
ബാലസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കൽ
സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉറപ്പാക്കൽ
സാമൂഹിക സുരക്ഷാ സംവിധാനങ്ങൾ സജ്ജമാക്കൽ
നൈപുണ്യ വികസനം
നിയമബോധനവും പിന്തുണയും

വൾണറബിലിറ്റി മാപ്പിംഗ്

- കുട്ടികൾ പരിചരണമില്ലാതെ കഴിയാൻ സാധ്യതയേറിയ കുടുംബാംഗങ്ങൾ സാമൂഹ്യാവസ്ഥ ഇടങ്ങിയ ഇടങ്ങളിൽ എവിടെയെല്ലാം കുട്ടികൾ ഉണ്ടെന്ന് കണ്ടെത്തി - അവർക്ക് ശ്രദ്ധയും പരിചരണവും വിദ്യാഭ്യാസവും ഉറപ്പാക്കാൻ സാധ്യത നൽകുന്ന പട്ടിക തയ്യാറാക്കലാണ് വൾണറബിലിറ്റി മാപ്പിംഗ് അഥവ അപായാവസ്ഥ തിട്ടപ്പെടുത്തൽ
- ഇത് ശിശുക്കളുടെ പ്രതിരോധ കുത്തിവെയ്പ്പിന് സമാനമായിരിക്കും
- പ്രത്യേക ശ്രദ്ധ വേണമെന്ന് കണ്ടെത്തുന്ന കുട്ടികളുടെ ഇടപെടൽ സാധ്യത തിട്ടപ്പെടുത്തി വ്യക്തിഗത - കുടുംബ മൈക്രോപ്ലാൻ അല്ലെങ്കിൽ കെയർ പ്ലാൻ രൂപപ്പെടുത്താം

കുട്ടികൾ അപായാവസ്ഥ നേരിടുന്ന കുടുംബ മാപ്പിംഗ്

- ബാലമന്ദിരങ്ങളിൽ കഴിയുന്ന കുട്ടികളുടെ കുടുംബം
- കാണാതായ കുട്ടികൾ
- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ
- സിഡബ്ല്യുസി നിരീക്ഷണത്തിലുള്ള കുട്ടികൾ
- പോസ്കോ കേസിൽ ഇരകളായ കുട്ടികൾ
- അഡോപ്ക്ഷൻ നടത്തപ്പെട്ട കുട്ടികൾ
- മാതാപിതാക്കളിൽ ഒരാൾ ഇല്ലാത്ത കുട്ടികൾ

കുട്ടികൾ അപായാവസ്ഥ നേരിടുന്ന കുടുംബ മാപ്പിംഗ്

- ഭിന്നശേഷിക്കാരായ കുട്ടികൾ- ശയ്യാവലംബിയായ കുട്ടികൾ
- മയക്കുമരുന്ന് ദുരുപയോഗത്തിൽ ഉൾപ്പെട്ട കുട്ടികൾ
- അതിക്രമങ്ങൾക്ക് വിധേയരായ കുട്ടികൾ
- സ്കൂളിൽ നിന്ന് വിട്ടുനിൽക്കുന്ന കുട്ടികൾ
- രക്ഷാകർത്താക്കൾ ജയിലിലുള്ള കുട്ടികൾ
- ദുരന്തങ്ങൾക്കിരയായ കുടുംബം

കുട്ടികളുടെ വ്യക്തിഗത പുനരധിവാസ പ്ലാൻ (കെയർ പ്ലാൻ)

- വ്യക്തിഗത - കുടുംബാധിഷ്ഠിത ഇടപെടൽ ആവശ്യമെന്ന് ബോധ്യമുള്ള കുട്ടികൾക്കായി വ്യക്തിപരമായി കെയർപ്ലാൻ തയ്യാറാക്കണം
- ആശ്രയ മോഡലിൽ - കുട്ടികളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഒരു മൈക്രോപ്ലാനാണ് രൂപപ്പെടുത്തേണ്ടത്

1. കുട്ടിയുടെ വ്യക്തിഗത വിവരം
2. പോഷണാരോഗ്യ ആവശ്യങ്ങൾ (പ്രഥമികാവശ്യങ്ങൾ)
3. സുരക്ഷിതത്വം - പരിപാലനം

കുട്ടികളുടെ വ്യക്തിഗത പുനരധിവാസ പ്ലാൻ (കെയർ പ്ലാൻ)

4. സൈക്കോസോഷ്യൽ നീഡസ് - വിദ്യാഭ്യാസം, മാനസിക പിൻതുണ, പഠന സഹായം
5. ക്രിയാത്മക പ്രവർത്തനം കളികൾ
6. സാമൂഹിക പിൻതുണകൾ
7. കുട്ടിക്കാവശ്യമായ സമഗ്ര പിൻതുണ
8. മറ്റു സാധ്യതകൾ

നന്ദി

സെഷൻ– 6

തദ്ദേശ സ്വയംഭരണവും ബാലസൗഹൃദവും

ലക്ഷ്യങ്ങൾ–

- ബാലസൗഹൃദം എന്ന ആശയത്തെ ബോധ്യപ്പെടുത്തുക
- ബാലസൗഹൃദത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാധാന്യം വ്യക്തമാക്കുക
- പ്രവർത്തന സാധ്യതകളും ഉപപ്രവർത്തനങ്ങളും സംബന്ധമായ ധാരണ രൂപീകരിക്കുക
- ബാലസൗഹൃദ പ്രവർത്തനങ്ങൾക്കായിട്ടുള്ള മറ്റ് സംവിധാനങ്ങൾ ബോദ്ധ്യപ്പെടുത്തുക

സമയം – 60 മിനിട്ട്

വേദി – പൊതുവേദി

ഉള്ളടക്കവും പഠനരീതിയും

നം	ഉള്ളടക്കം	സമയം (മിനിറ്റ്	രീതി	ഉപാധി
1.	ബാലസൗഹൃദം എന്ന ആശയം	15	ബ്രെയിൻസ്റ്റോം പങ്കാളിത്ത അവതരണം	എൽസിഡി, സ്ലൈഡ്
2.	തദ്ദേശ സ്വയംഭരണവും കുട്ടികളും	15	അവതരണം	എൽസിഡി സ്ലൈഡ്
3.	പ്രവർത്തനസാധ്യതകൾ	10	അവതരണം	സ്ലൈഡ്,
4	CRC, CAB എന്നിവ പരിചയപ്പെടുത്തൽ	15	അവതരണം	സ്ലൈഡ്
5	സംശയനിവാരണം	5		

അവതരണ കുറിപ്പ്:

- പബാലസൗഹൃദം എന്ന ആശയത്തെ പഠിതാക്കൾക്ക് പരിചയപ്പെടുത്തി നൽകുക
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാലസൗഹൃദ പ്രവർത്തങ്ങൾ എങ്ങനെയൊക്കെ ചെയ്യാം എന്നത് സംബന്ധിച്ച് ചർച്ചകളിലൂടെ ആശയങ്ങൾ രൂപീകരിക്കു.
- ഉത്തമമായ മാതൃകകൾ പങ്കുവയ്ക്കുന്നതിലൂടെ പരസ്പരം ധാരണകൾ സൃഷ്ടിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുക
- സാധ്യമായ പ്രവർത്തനങ്ങൾ പഠിതാക്കളിൽ നിന്നും പങ്കുവയ്ക്കുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.
- CRC, CAB എന്നിവയുടെ ഘടന പ്രവർത്തനങ്ങൾ, CWPC യുമായുള്ള ബന്ധം എന്നിവ ബോദ്ധ്യപ്പെടുത്തുകീകരണത്തിലൂടെ പദ്ധതികൾ തയ്യാറാക്കുന്നതിന്റെ പ്രാധാന്യം അ



ചൈൽഡ് അഡ്വൈസറി ബോർഡ് (CAB)

ചെയർപേഴ്സൺ	തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷ/ൻ
വൈസ് ചെയർപേഴ്സൺ	വിദ്യാഭ്യാസ ചുമതലയുള്ള / ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
കൺവീനർ	തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി
ജോയിന്റ് കൺവീനർ	തദ്ദേശ സ്വയംഭരണ സ്ഥാപന വിദ്യാഭ്യാസ നിർവ്വഹണ ഉദ്യോഗസ്ഥൻ

അംഗങ്ങൾ

- ഘടകസ്ഥാപനങ്ങൾ അടക്കം എല്ലാ സ്ഥാപനങ്ങളിലെയും പ്രധാന ഉദ്യോഗസ്ഥ/ൻ
- രാഷ്ട്രീയപാർട്ടി പ്രതിനിധികൾ
- സാമൂഹ്യസംഘടനാ പ്രതിനിധികൾ
- ആസൂത്രണസമിതി ഉപാദ്ധ്യക്ഷൻ
- ഓരോ പി.ടി.എ പ്രതിനിധികൾ
- CWPCയിൽ നിന്നും രണ്ട് പേർ
- 4 കുട്ടികളുടെ പ്രതിനിധികൾ
- കുടുംബശ്രീ സാമൂഹ്യ ഉപസമിതി കൺവീനർ
- ജനകീയാസൂത്രണ റിസോർസ് പേർസൺ

ചൈൽഡ് റിസോഴ്സ് സെന്റർ (CRC)

ചെയർപേഴ്സൺ	തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷ/ൻ
വൈസ് ചെയർപേഴ്സൺ	തദ്ദേശ സ്വയംഭരണ സ്ഥാപന ഉപാദ്ധ്യക്ഷ/ൻ
കൺവീനർ	ICDS സൂപ്പർവൈസർ/CDPO
ജോയിന്റ് കൺവീനർ	CWF, ജനകീയാസൂത്രണ റിസോഴ്സ് പേഴ്സൺ

അംഗങ്ങൾ

- ഘടകസ്ഥാപനങ്ങൾ അടക്കം ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഓരോരുത്തർ
- സന്നദ്ധപ്രവർത്തകരായ 5 റിസോഴ്സ് പേഴ്സൺമാർ
- വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ
- 2 കുട്ടികളുടെ പ്രതിനിധികൾ
- നിയമ പരിജ്ഞാനമുള്ള 2 പേർ
- കൗൺസിലിംഗ് പരിജ്ഞാനമുള്ള 2 പേർ
- IT മേഖലയിൽ വൈദഗ്ധ്യമുള്ള ഒരാൾ
- തദ്ദേശ സ്വയംഭരണ സ്ഥാപന TA
- CWPCയിൽ നിന്നും ഒരാൾ

നന്ദി

സെഷൻ– 7

സുസ്ഥിരവികസന ലക്ഷ്യങ്ങളും ബാലസൗഹൃദ ഗ്രാമങ്ങളും

ലക്ഷ്യങ്ങൾ–

- സുസ്ഥിരവികസന ലക്ഷ്യങ്ങൾ പരിചപ്പെടുത്തുക
- ലോക്കൽ ഇൻഡിക്കേറ്റർ ഫ്രെയിംവർക്ക്, പ്രാദേശിക ലക്ഷ്യങ്ങൾ സംബന്ധിച്ച് ആമുഖം നൽകുക
- ബാലസൗഹൃദ ഗ്രാമങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തുകയും അവയും സുസ്ഥിര വികസനലക്ഷ്യങ്ങളും തമ്മിലുള്ള ബന്ധം വ്യക്തമാക്കുകയും ചെയ്യുക
- ബാലസൗഹൃദ ഗ്രാമങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ധാരണ രൂപീകരിക്കുക

സമയം – 60 മിനിട്ട്

വേദി – പൊതുവേദി

ഉള്ളടക്കവും പഠനരീതിയും

നം	ഉള്ളടക്കം	സമയം (മിനിറ്റ്	രീതി	ഉപാധി
1.	സുസ്ഥിരവികസനവും ലക്ഷ്യങ്ങളും	15	പങ്കാളിത്ത അവതരണം	എൽസിഡി, സ്ലൈഡ്
2.	ലോക്കൽ ഇൻഡിക്കേറ്റർ ഫ്രെയിംവർക്ക്, പ്രാദേശിക ലക്ഷ്യങ്ങൾ	20	അവതരണം	എൽസിഡി സ്ലൈഡ്
3.	ബാലസൗഹൃദ ഗ്രാമങ്ങളുടെ പ്രാധാന്യം	20	അവതരണം	സ്ലൈഡ്,
4	സംശയനിവാരണം	5		

അവതരണ കുറിപ്പ്:

- സുസ്ഥിരവികസന ലക്ഷ്യങ്ങളെയും അതോടൊപ്പം രാജ്യത്തു നടപ്പിലാക്കുന്ന 10 വിഷയാധിഷ്ഠിത ലക്ഷ്യങ്ങളെയും പരിചയപ്പെടുത്തുക
- തുടർന്ന് അവയിൽ ബാലസൗഹൃദ ഗ്രാമങ്ങളുടെ പ്രാധാന്യത്തെ പറ്റി പഠിതാക്കളോടു ആശയങ്ങൾ പങ്കുവയ്ക്കുവാൻ ആവശ്യപ്പെടുക
- ബാലസൗഹൃദ ഗ്രാമങ്ങളുടെയും പഞ്ചായത്തുകളുടെയും പ്രാധാന്യം മനസിലാക്കി നൽകുകയും അവയിലൂടെ കുട്ടികളുടെ വികസനം എങ്ങനെ യാഥാർഥ്യമാക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കുക

എസ്.ഡി.ജി യും ബാലസൗഹൃദ തദ്ദേശ
സ്വയംഭരണ സ്ഥാപനങ്ങളും
ABCDEF
GHIJKLM
OPQRST
UVWXYZ
A
B
C
KERALA INSTITUTE OF LOCAL ADMINISTRATION

SUSTAINABLE DEVELOPMENT GOALS
17 GOALS TO TRANSFORM OUR WORLD
SUSTAINABLE DEVELOPMENT GOALS

Abc
1+3
17 സുസ്ഥിര വികസന ലക്ഷ്യങ്ങൾ
1. ദാരിദ്ര്യം ഇല്ലാതാക്കുക
2. ഭക്ഷ്യസുരക്ഷിതത്വം കൈവരിക്കുക
3. ആരോഗ്യപൂർണ്ണമായ ജീവിതം ഉറപ്പ് വരുത്തുക
4. വിദ്യാഭ്യാസം- തുല്യതയും ഗുണപരതയും
5. ലിംഗതുല്യത കൈവരിക്കുക
6. സുസ്ഥിര ജലപരിപാലനവും എല്ലാവർക്കും ശുചിത്വവ
7. ആധുനിക ഊർജ്ജം
8. എല്ലാവർക്കും മാന്യമായ തൊഴിൽ

9. പശ്ചാത്തല സൗകര്യങ്ങൾ
10. അസമത്വം കുറയ്ക്കുക
11. സുസ്ഥിരവും സുരക്ഷിതവുമായ പാർപ്പിടം
12. സുസ്ഥിര ഉപഭോഗം
13. കാലാവസ്ഥാ വ്യതിയാനം നേരിടുക.
14. കടൽ വിഭവങ്ങൾളുടെ സംരക്ഷണം
15. ഭൗമവ്യൂഹത്തിന്റെ സംരക്ഷണം
16. ഉത്തരവാദിത്വപൂർണ്ണവും ഫലപ്രദവുമായ സ്ഥാപനങ്ങൾ
17. ആഗോള പങ്കാളിത്തം

പത്ത് തീമുകൾ
1. ദാരിദ്ര്യരഹിതവും ഉയർന്ന ഉപജീവനമാർഗമുള്ളതുമായ ഗ്രാമം/നഗരം
2. ആരോഗ്യ ഗ്രാമം/നഗരം
3. ബാലസൗഹൃദ ഗ്രാമം/നഗരം
4. ജലസമൃദ്ധ ഗ്രാമം/നഗരം
5. ശുചിത്വവും ഹരിതാഭവുമായ ഗ്രാമം/നഗരം

പത്ത് തീമുകൾ
6. സാമൂഹിക സുരക്ഷിത ഗ്രാമം/നഗരം
7. സദ്ഭരണം
8. സ്വയംപര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഗ്രാമം/നഗരം
9. ലിംഗസമത്വ വികസനം
10. ഗുണമേന്മയുള്ള വിദ്യാഭ്യാസം

ലക്ഷ്യം :
ഒരു വികസന സ്വപ്നം

ടാർജറ്റുകൾ
• സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഒരു നിശ്ചിതകാലയളവിൽ പൂർത്തീകരിക്കാൻ കഴിയുന്നതാണ്
• ഹ്രസ്വകാലം, മദ്ധ്യകാലം, ദീർഘകാലം എന്നിങ്ങനെ നിശ്ചയിക്കാം
• ചുരുങ്ങിയ ദൈർഘ്യത്തിലും തീരുമാനിക്കാം, 6 മാസം, ഒരു വർഷം എന്നിങ്ങനെ ഒരു ടാർജറ്റിൽ തന്നെ ഉപടാർജറ്റുകളും നിശ്ചയിക്കാം


സൂചകങ്ങൾ
• സൂചകം - സ്ഥിതി മനസ്സിലാക്കാനുള്ള അളവ് കോലാണ്
• വിവരവിശകലനത്തിന് ഉപയോഗിക്കാം
• ടാർജറ്റുകൾ നിശ്ചയിക്കാൻ ഉപയോഗിക്കാം
• ദേശീയതലത്തിൽ സൂചകങ്ങൾ ഉണ്ട്
• പ്രാദേശിക സൂചകങ്ങളും വികസിപ്പിച്ചിട്ടുണ്ട്
• കൂടുതൽ സൂചകങ്ങൾ കണ്ടെത്താം
• അവ നമുക്ക് പരിചയപ്പെടാം

സുസ്ഥിരത
▪ ലക്ഷ്യം ഉറപ്പ് വരുത്തേണ്ടതാവണം
▪ നിലനിൽക്കുന്നതാവണം
▪ തുടർച്ച ഉണ്ടാവണം
▪ മാറ്റം/ഫലം ഉറപ്പ് വരുത്തണം
▪ സമയബന്ധിതമായി പൂർത്തിയാക്കുന്നതാവണം
▪ അളക്കാൻ കഴിയുന്നതാവണം

Abc
1+3
ബാലസൗഹൃദവും മറ്റു തീമുകളും
▪ ദാരിദ്രരഹിത ഗ്രാമം
▪ വിശപ്പ് രഹിത ഗ്രാമം
▪ ആരോഗ്യ ഗ്രാമം
▪ ജലസമൃദ്ധ ഗ്രാമം
▪ ഫലപ്രദമായ അടിസ്ഥാന സൗകര്യ ഗ്രാമം
▪ സദ്ഭരണ ഗ്രാമം
▪ ശുചിത്വവും ഹരിതാഭവുമായ ഗ്രാമം

സമഗ്ര ബാലസൗഹൃദ പദ്ധതി
▪ ഇത്തരത്തിൽ കൃത്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ കൃത്യമായി സൂചകങ്ങളുടെ ടാർജറ്റിന്റെയും അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനതല സമഗ്ര ബാലസൗഹൃദ പദ്ധതിക്ക് രൂപം നൽകും

പ്രദേശിക സൂചകങ്ങൾ (LIF)- 127
പോഷകാഹാരസുരക്ഷ
ശിശു ആരോഗ്യവും ക്ഷേമവും
ഗുണനിലവാരമുള്ള വിദ്യാഭ്യാസം
പെൺകുട്ടികൾ
വെള്ളവും ശുചിത്വവും
ശിശു സംരക്ഷണം, സാമൂഹിക ഉൾപ്പെടുത്തൽ
പങ്കാളിത്തം

PDI സൂചകങ്ങൾ - 84
കുട്ടികളുടെ അവകാശങ്ങൾ
അതിജീവനം- 16
സംരക്ഷണം- 13
വികസനം-45
പങ്കാളിത്തം-8
ഗ്രാമ പഞ്ചായത്ത് സൂചകങ്ങൾ- 2 (Additional)

നന്ദി

സെഷൻ– 8

ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി

ലക്ഷ്യങ്ങൾ–

- CWPC– യുടെ രൂപീകരണവും അവയുടെ പ്രാധാന്യവും സംബന്ധിച്ച് ധാരണ രൂപീകരിക്കുക
- അംഗങ്ങളുടെ പെരുമാറ്റ സംഹിതയും ഉത്തരവാദിത്വങ്ങളും വിവരിക്കുകയും ബോധ്യപ്പെടുകയും ചെയ്യുക
- CWPC– സാധ്യമായ പ്രവർത്തനം സംബന്ധിച്ച് ആശയങ്ങൾ പഠിതാക്കളിൽ നിന്നും സമാഹരിക്കുകയും വ്യക്തമാക്കുകയും ചെയ്യുക

സമയം – 90 മിനിട്ട്

വേദി – പൊതുവേദി

ഉള്ളടക്കവും പഠനരീതിയും

നം	ഉള്ളടക്കം	സമയം (മിനിറ്റ്	രീതി	ഉപാധി
1.	CWPC – ആമുഖം	10	പങ്കാളിത്ത അവതരണം	എൽസിഡി, സ്ലൈഡ്
2.	CWPC – ലക്ഷ്യവും പ്രാധാന്യവും	20	അവതരണം, ഗ്രൂപ്പ് ചർച്ച	ഗൈഡഡ് റീഡിംഗ് സ്ലൈഡ്
3.	സിപിസി– ഘടനയും പ്രവർത്തനരീതിയും	20	ഗ്രൂപ്പ് ചർച്ച	ഗൈഡഡ് റീഡിംഗ്
4	ഗ്രൂപ്പ് അവതരണം	30	പൊതുവേദികൾ	
5	സംശയനിവാരണം , ക്രോഡീകരണം	10		

അവതരണ കുറിപ്പ്:

- CWPCസംബന്ധിച്ച്-ബാലസൗഹൃദ തദ്ദേശ സ്വയംഭരണം എന്ന ലക്ഷ്യത്തിൽ ഇതിന്റെ പ്രസക്തി എന്ത് എന്നും, എങ്ങനെയാണ് പ്രവർത്തിക്കേണ്ടത് എന്നും 10 മിനിറ്റ് എടുത്ത് അവതരിപ്പിക്കണം. കൂടാതെ ഗ്രൂപ്പ് ചർച്ചയിൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചും ബോദ്ധ്യപ്പെടുത്തണം. തുടർന്ന് പരിശീലനാർത്ഥികളെ തുല്യ അഞ്ച് മിക്സഡ് ഗ്രൂപ്പായി തിരിക്കണം. ഗ്രൂപ്പിൽ CWPCയുടെ ചുമതലകൾ, ഘടന, അവരുടെ ഉത്തരവാദിത്വങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ വായിച്ച് ചർച്ച ചെയ്യണം. വായിച്ചശേഷം ഓരോന്നിലും ചുവടെ കൊടുത്തിട്ടുള്ള കാര്യങ്ങളാണ് ചർച്ച ചെയ്യേണ്ടത്.

- പ്രവർത്തനങ്ങൾ എങ്ങനെയായിരിക്കണം
- CRC, CAB എന്നിവയുമായുള്ള ബന്ധം എന്തായിരിക്കണം
- അടിയന്തിരമായി എന്തൊക്കെ പ്രവർത്തനങ്ങൾ ഏറ്റെടുക്കണം
- പ്രവർത്തന സമീപനം എങ്ങനെയായിരിക്കണം
- യോഗങ്ങൾ എങ്ങനെയായിരിക്കണം, ഇടവേള എങ്ങനെയായിരിക്കണം

തുടങ്ങീ കാര്യങ്ങൾ ചർച്ച ചെയ്യണം. ഇത്തരത്തിൽ ചർച്ച ചെയ്ത കാര്യങ്ങൾ പ്ലീനറിയിൽ ഓരോ ഗ്രൂപ്പും അവതരിപ്പിക്കണം. ഒരു ഗ്രൂപ്പ് അവതരിപ്പിക്കുമ്പോൾ മറ്റ് ഗ്രൂപ്പുകൾക്ക് സംശയനിവാരണം നടത്താം. തുടർന്ന് ഫെസിലിറ്റേറ്റർ ക്രോഡീകരിച്ച് ആ സെഷൻ

ബാല ക്ഷേമ സുരക്ഷ സമിതികൾ (CWPC)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കുട്ടികളുടെ അവകാശങ്ങൾ, സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനും അനുയോജ്യ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും അവ പരിരക്ഷിക്കുന്നതിനുമായി പൊതുസമ്മതരായ വ്യക്തികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ജില്ല, ബ്ലോക്ക്, നഗരസഭ, പഞ്ചായത്ത്, വാർഡ് തലങ്ങളിൽ രൂപീകരിക്കപ്പെടുന്ന സംവിധാനമാണ് ബാല ക്ഷേമ സുരക്ഷ സമിതികൾ (CWPC).

ബാല ക്ഷേമ സുരക്ഷ സമിതി : ലക്ഷ്യങ്ങൾ

- കുട്ടികളുടെ സുരക്ഷയെ സംബന്ധിച്ച പ്രശ്നങ്ങളിൽ ഇടപെടുന്നതും യുക്തമായ നടപടികൾ സ്വീകരിക്കുന്നതും റിപ്പോർട്ട് ചെയ്യുന്നതും ഈ സമിതിയുടെ ചുമതലയാണ്
- സമൂഹത്തിൽ എവിടെയെങ്കിലും ബാലാവകാശ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത് അന്വേഷിക്കുകയും റിപ്പോർട്ട് ചെയ്യുകയും വേണം.
- കുട്ടികൾക്കായുള്ള സർക്കാർ പരിപാടികൾ, പദ്ധതികൾ എന്നിവ സംബന്ധിച്ച് സമൂഹത്തിന് അറിവ് പകരുക.

- അപായസാധ്യതയുള്ള കുട്ടികളുടെ പട്ടിക തയ്യാറാക്കി (വൾണറബിലിറ്റി മാപ്പിംഗ്) ചൈൽഡ് പ്രൊട്ടക്ഷൻ പ്ലാൻ രൂപപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമാക്കുക.
- കുട്ടികൾക്കായുള്ള പദ്ധതികൾ മോണിറ്റർ ചെയ്യുക.
- തദ്ദേശഭരണ പ്രദേശത്തെ സാമൂഹിക സാഹചര്യങ്ങളും പൊതു ഇടങ്ങളും ബാലസൗഹൃദ മാണെന്ന് ഉറപ്പുവരുത്തുക.
- കുട്ടികളുടെ സംരക്ഷണം, വികസനം എന്നീ മേഖലകളിലെ വിവര ശേഖരണം നടത്താൻ CRC കളെ സഹായിക്കുക.
- എല്ലാ സ്ഥാപനങ്ങളും ബാലസുരക്ഷ ഉറപ്പ് വരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
- കുട്ടികൾക്ക് വേണ്ട നിയമ പരിരക്ഷ, അതിനായുള്ള പിന്തുണ ഉറപ്പ് വരുത്തുക

CWPC- വാർഡ് / ഡിവിഷൻ തലം- ഘടന

നം	കമ്മിറ്റി അംഗങ്ങൾ	പദവി
1	മെമ്പർ / കൗൺസിലർ	ചെയർപേഴ്സൺ
2	അംഗനവാടി വർക്കർ	കൺവീനർ
3	ആശ വർക്കർ	അംഗം
4	എ.ഡി.എസ് ചെയർപേഴ്സൺ	അംഗം
5	പ്രൊമോർട്ടർ (പട്ടികജാതി,പട്ടികവർഗം) ഓരോരുത്തർ	അംഗം
6	4 കുട്ടികൾ (ബാല പഞ്ചായത്ത്/ബാല സഭ പ്രതിനിധികൾ ഉചിതം) അതിൽ 2 പേരെങ്കിലും പെൺകുട്ടികൾ ആയിരിക്കണം.	അംഗങ്ങൾ
7	വാർഡ് ചുമതലയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ/ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്	അംഗം
8	സി.ബി.ഒ പ്രതിനിധി (സ്റ്റോർട്സ്, ലൈബ്രറി, റെസിഡെൻസ് അസോസിയേഷൻ എന്നിവർ), ഓരോ പ്രതിനിധികൾ	അംഗം
9	വാർഡ് പരിധിയിലുള്ള എല്ലാ സ്കൂളിൽ നിന്നും ഓരോ അധ്യാപകരും ഓരോ പി ടി എ പ്രതിനിധികളും	അംഗങ്ങൾ
10	കുട്ടികളുടെ മേഖലയിൽ പ്രവർത്തിച്ച് അനുഭവജ്ഞാനമുള്ള വിദഗ്ധരായ രണ്ട് സന്നദ്ധപ്രവർത്തകർ (ഒരാൾ സ്ത്രീ)	അംഗങ്ങൾ
11	സിബിഎം (CBM) പ്രതിനിധികൾ	അംഗങ്ങൾ
12	പോലീസ് / എക്സൈസ് പ്രതിനിധി	അംഗം
13	കൗൺസിലിങ് വൈദഗ്ധ്യമുള്ള ഒരാൾ	അംഗം

ചുമതലകൾ

- വാർഡ് തലത്തിൽ കുട്ടികളുടെ അവകാശ സംബന്ധമായ (S,D,P,P) അവസ്ഥാ പഠന റിപ്പോർട്ട് തയ്യാറാക്കുക.
- ബാല സുരക്ഷ സംബന്ധിച്ച് അവസ്ഥാ പഠനറിപ്പോർട്ട് തയ്യാറാക്കുകയും ആയത് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് CRC കളെ സഹായിക്കുക.

- കുട്ടികൾക്കെതിരെയുള്ള വിവേചനങ്ങൾ, അനുചിത പെരുമാറ്റങ്ങൾ തുടങ്ങിയ പ്രശ്നങ്ങളും പരാതികളും ശ്രദ്ധയിൽപ്പെട്ടാൽ പ്രാഥമികാന്വേഷണം നടത്തുകയും തുടർനടപടികൾക്കായി കൺവീനറെ ചുമതലപ്പെടുത്തുകയും ചെയ്യുക.
- വാർഡ് തലത്തിൽ കുട്ടികൾക്ക് തങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനായി കുട്ടികളുടെ കൂട്ടായ്മകൾ സംഘടിപ്പിക്കുകയും അതിന് ആവശ്യമായ പിന്തുണാസംവിധാനം ഒരുക്കുകയും ചെയ്യുക.
- പോറ്റിവളർത്തൽ (Foster care) സേവനം അനിവാര്യമായ കുട്ടികളെ ജില്ലാശിശു സംരക്ഷണ യൂണിറ്റിലേക്ക് റഫർ ചെയ്യുക.
- ഓരോ മീറ്റിംഗിലും കഴിഞ്ഞ യോഗത്തിലെ തീരുമാനങ്ങളുടെ തുടർനടപടികൾ വിലയിരുത്തുകയും ചെയ്യണം.

- ശൈശവവിവാഹങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മേഖലകളിൽ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടി, കുട്ടികളെ ഉൾപ്പെടുത്തിയുള്ള കലാപരിപാടികൾ എന്നിവ നടപ്പാക്കുക.
- എല്ലാ സ്കൂളുകളിലെയും പി.ടി.എ.യുടെ സഹകരണത്തോടെ പരാതി പെട്ടികൾ (complaint box) സ്ഥാപിക്കുകയും അതിലൂടെ ലഭിക്കുന്ന പരാതികൾ വിവിധ തലത്തിലുള്ള ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ ചർച്ച ചെയ്ത് പരിഹരിക്കുക.
- എല്ലാ സ്കൂളുകളിലും ജെൻഡർ ഡെസ്കിന് രൂപം നൽകി എന്ന് ഉറപ്പ് വരുത്തുക. അവരുടെ പ്രവർത്തനങ്ങളെ സഹായിക്കുക.

- വാർഡുതല കമ്മറ്റി പ്രവർത്തനങ്ങൾക്ക് വേണ്ട ഫണ്ട് ലഭ്യത, സി. എസ്. ആർ, സ്പോൺസർഷിപ്പ് തുടങ്ങിയവയിലൂടെ ഉറപ്പാക്കുക.
- കുട്ടികളെ സംബന്ധിച്ച വിശദവിവരം ശേഖരിച്ച് പഞ്ചായത്ത്തല കുട്ടികളുടെ രജിസ്റ്ററിൽ സൂക്ഷിക്കാൻ വേണ്ട സഹായം നൽകുക
- ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ തലത്തിൽ എടുക്കുന്ന തീരുമാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതല ചൈൽഡ് അഡ്വൈസറി ബോർഡ് (CAB), ചൈൽഡ് റിസോഴ്സ് സെന്റർ (CRC), ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി (CWPC) എന്നിവർ വിഭാവനം ചെയ്യുന്ന പരിപാടികൾ വാർഡ് തലങ്ങളിൽ നടപ്പിലാക്കാൻ വേണ്ട നേതൃത്വം നൽകുക.

ഗ്രാമ പഞ്ചായത്ത് തലം – ഘടന

നം	കമ്മിറ്റി അംഗങ്ങൾ	പദവി
1	പഞ്ചായത്ത് പ്രസിഡന്റ്	ചെയർപേഴ്സൺ
2	സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ (ക്ഷേമകാര്യം)	വൈസ് ചെയർപേഴ്സൺ
3	സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ - ആരോഗ്യം, വിദ്യാഭ്യാസം	വൈസ് ചെയർപേഴ്സൺ
4	ICDS സൂപ്പർ വൈസർ	കൺവീനർ
5	പഞ്ചായത്ത് സെക്രട്ടറി	അംഗം
6	ജില്ലശിശുസംരക്ഷണ യൂണിറ്റിന്റെ ഒരു പ്രതിനിധി	അംഗം
7	2 സാമൂഹ്യപ്രവർത്തകർ (ഒരാൾ സ്ത്രീ ആയിരിക്കണം)	അംഗങ്ങൾ
8	ഗ്രാമപഞ്ചായത്ത് ഭരണസമിതി നാമനിർദേശം ചെയ്യുന്ന കുട്ടികളുമായി ബന്ധപ്പെട്ട സംവിധാനം/ പ്രസ്ഥാനം/NGO പ്രതിനിധി	അംഗം
9	ST പ്രമോട്ടർ	അംഗം
10	SC പ്രമോട്ടർ	അംഗം
11	എക്സൈസ് ഇൻസ്പെക്ടർ	അംഗം
12	കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ	അംഗം
13	സ്കൂൾ കൗൺസിലർ	അംഗം

14	ഒരു അദ്ധ്യാപകൻ/അദ്ധ്യാപിക	അംഗങ്ങൾ
15	CWPO 2 ചൈൽഡ് വെൽഫയർ പോലീസ് ഓഫീസേർസ് (ഒരു വനിത ഓഫീസർ)	അംഗങ്ങൾ
16	ഹെൽത്ത് ഇൻസ്പെക്ടർ	അംഗങ്ങൾ
17	പഞ്ചായത്ത് പരിധിയിൽ വരുന്ന എല്ലാ സ്കൂളിലും നിന്നുള്ള PTA പ്രതിനിധികൾ (BUDS സ്കൂൾ, സ്പെഷ്യൽ സ്കൂൾ ഉൾപ്പെടെ)-2 പേർ	അംഗങ്ങൾ
18	ബാല പഞ്ചായത്ത് പ്രതിനിധി 2 പേർ (ഒരാളെങ്കിലും പെൺകുട്ടി ആയിരിക്കണം)	അംഗം

സെഷൻ– 9

ഡോക്യുമെന്റേഷൻ

ലക്ഷ്യങ്ങൾ–

- ഡോക്യുമെന്റേഷൻ പ്രാധാന്യം ബോധ്യപ്പെടുത്തുക
- പ്രക്രിയയും, രീതിശാസ്ത്രവും പരിചയപ്പെടുത്തുക
- വ്യത്യസ്ത തരത്തിൽ ഡോക്യുമെന്റേഷൻ ചെയ്യേണ്ടതെങ്ങനെ എന്ന് പഠിതാക്കൾക്ക് ധാരണ രൂപീകരിക്കുക

സമയം – 45 മിനിട്ട്

വേദി – പൊതുവേദി

ഉള്ളടക്കവും പഠനരീതിയും

നം	ഉള്ളടക്കം	സമയം (മിനിറ്റ്	രീതി	ഉപാധി
1.	ഡോക്യുമെന്റേഷൻ – ആമുഖം	10	പങ്കാളിത്ത അവതരണം	എൽസിഡി, സ്ലൈഡ്
2.	പ്രാധാന്യവും സാധ്യതകളും	10	അവതരണം	എൽസിഡി സ്ലൈഡ്
3.	ഡോക്യുമെന്റേഷൻ – തരങ്ങൾ	10	അവതരണം	സ്ലൈഡ്,
4	പ്രക്രിയ	10	അവതരണം	എൽസിഡി സ്ലൈഡ്
6	സംശയനിവാരണം	5		

അവതരണ കുറിപ്പ്:

- വ്യത്യസ്തമായ ഡോക്യുമെന്റേഷൻ മാതൃകകൾ പരിചയപെടുത്തികൊണ്ടു ക്ലാസ് ആരംഭിക്കുക
- ഡോക്യുമെന്റേഷന്റെ പ്രാധാന്യത്തെക്കുറിച്ചും അവ എങ്ങനെയാണു പദ്ധതികളുടെ നടത്തിപ്പിന് ഗുണകരമാകുന്നതെന്നും ഉദാഹരണസഹിതം വിവരിച്ചുനൽകുക
- എത്തരത്തിലാണ് വിവരങ്ങൾ സമാഹരിച്ചു സൂക്ഷിക്കേണ്ടതെന്നും അവ എങ്ങനെ ഡോക്യുമെന്റ് ചെയ്യാമെന്നും വിശദമാക്കുക
- വിവിധ തരത്തിൽ ചെയ്യുന്ന ഡോക്യുമെന്റേഷന്റെ മാതൃകകൾ പരിചയപ്പെടുത്തുക

ഡോക്യുമെന്റേഷൻ
KERALA INSTITUTE OF LOCAL ADMINISTRATION

ഡോക്യുമെന്റേഷൻ
• പ്രവർത്തനങ്ങൾ /പദ്ധതികൾ/നടപടിക്രമങ്ങൾ എന്നിവയുടെയോ മറ്റിതര നടപടികളുടെയോ ഘട്ടം ഘട്ടമായുള്ള വിവരണ പ്രക്രിയയെ ഡോക്യുമെന്റേഷൻ എന്ന് പറയുന്നു
• ഏതൊരു പദ്ധതി നിർവ്വഹണത്തിനും ഒഴിച്ചുകൂടാനാകാത്ത പ്രവർത്തനമാണ് കൃത്യവും സംഘടിതവുമായ ഡോക്യുമെന്റേഷൻ.

ഡോക്യുമെന്റേഷൻ
• ഹാർഡ്/ഡിജിറ്റൽ എന്നിവയാണ് പ്രധാന തരം
• ഡിജിറ്റൽ ഡോക്യുമെന്റേഷൻ - ഓഡിയോ, വീഡിയോ, ചിത്രങ്ങൾ
• ഡിജിറ്റൽ ഡോക്യുമെന്റേഷൻ നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കാവുന്നതാണ്.

പ്രാധാന്യവും സാധ്യതകളും
• പ്രവർത്തന ലക്ഷ്യങ്ങൾ ഓർമ്മിക്കാൻ
• പുരോഗതി മനസിലാക്കുവാനും നിരീക്ഷിക്കുവാനും
• അവശ്യ വിവരങ്ങൾ, നടപടിക്രമങ്ങൾ, പ്രക്രിയകൾ എന്നിവ സ്വരൂപിക്കപെടുന്നു.
• പൊതുവായ ഒരു റഫറൻസ് രൂപം
• ആവർത്തനം ഒഴിവാക്കുവാൻ ഉപകരിക്കുന്നു.
• പ്രവർത്തന പുരോഗതിയിലെ അപകടസാധ്യതകൾ തിരിച്ചറിയുന്നതിനും ലഘൂകരിക്കുന്നതിനും സഹായിക്കുന്നു

പ്രാധാന്യവും സാധ്യതകളും
• ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് തടസ്സം നിന്ന/നിൽക്കുന്ന/നിൽക്കുവാൻ സാധ്യതയുള്ള അവസ്ഥകൾ മനസിലാക്കുവാനും അവ ഫലപ്രദമായി തരണം ചെയ്യുവാനും സാധിക്കുന്നു.
• സൂക്ഷ്മതലത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും മെച്ചപ്പെടുത്തുവാനും ഉപകരിക്കുന്നു.
• വാർഷിക തലത്തിലോ, കാലാവധി കഴിയുമ്പോഴോ തയാറാക്കേണ്ട പ്രവർത്തന റിപ്പോർട്ടിന് ഓർമ്മക്കുറിപ്പാകുന്നു.
• ഭാവിയിലേക്കുള്ള പ്രവർത്തനങ്ങൾക്കും ഉപകരിക്കുന്നു.

ഡോക്യുമെന്റേഷൻ പ്രക്രിയ
• ഡ്രാഫ്റ്റിംഗ്
• ഫോർമാറ്റിങ്
• സമർപ്പണം / അവതരണം
• വിലയിരുത്തൽ/ അവലോകനം
• അംഗീകാരം
• പ്രസിദ്ധീകരണം
• വിതരണം

ഡോക്യുമെന്റേഷൻ - കേസ് സ്റ്റഡി രൂപരേഖ
ആമുഖം
പശ്ചാത്തലം
നേരിടുന്ന വെല്ലുവിളികൾ
പരിഹാരം
നടപ്പാക്കലും തന്ത്രവും
ഫലം/മാറ്റം/ പുരോഗതി
പഠിച്ച പാഠങ്ങൾ
ഉപസംഹാരം

നന്ദി